POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാള്യം 2

ലക്കം 34

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ആഗസ്റ്റ് 24/ഹി:ശം:1396 സുഹൂർ 24/ഹി:ഖ: 1438 ദുൽഖഅദ് 24

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 21-07-2017 ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ (ലണ്ടൻ)നിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴുംഹുദൂർഅൻവറിന്റെസംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു, വിശുദ്ധ ഖുർആനിലും ഇതരദൈവിക ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നതു പോലെ ആ വെളിപാടിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ ഖുർആനെ സ്പഷ്ടവു സുദൃഢവുമായ ദൈവവചനമെന്നു വിശ്വസിക്കുന്നതു പോലെ തന്നെ എനിക്കിറിങ്ങിയ വചനങ്ങളെയും ദൈവവചനങ്ങളെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്തെന്നാൽ, ഞാൻ അതോടൊപ്പം ഒരു ദിവ്യതേജസ്സും വെളിച്ചവും ദിവ്യശക്തിപ്രഭാവത്തിന്റെ മാതൃകയും ദർശിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

22ാമത്തെ അടയാളം ഇതാണ്: എന്റെ പിതാവ്, ഞാൻഎഴുതിയതു പോലെ,സൂര്യാസ്തമയത്തിനു ശേഷം വഫാത്ത് ആകുമെന്ന് എനിക്ക് അറിവു ലഭിച്ചു. ഈ വാർത്ത കേട്ടപ്പോൾ മനുഷ്യപ്രകൃതമനുസരിച്ച് ഞാനും വേദനിച്ചു. എന്തെന്നാൽ, നമ്മുടെ ജീവിതം കഴിഞ്ഞു പോയിരുന്നത് അധികവും അദ്ദേഹത്തിന്റെ ജീവിതത്തെ ആശ്രയിച്ചായിരുന്നു. ഇംഗ്ലീഷ് സർക്കാറിൽ നിന്ന് അദ്ദേഹത്തിന് പെൻഷൻ ലഭിക്കാറുണ്ടായിരുന്നു. ഒരു വലിയ തുക ഉപഹാരമായും ലഭിക്കാറുണ്ടായിരുന്നു. അദ്ദേഹം ജീവിച്ചിരിക്കുവോളം ലഭിക്കുമെന്ന നിബന്ധനയായിരുന്നു ഉണ്ടായിരുന്നത്. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ മരണത്തിനു ശേഷം എന്തായിരിക്കും അവസ്ഥ എന്ന ചിന്തയുണ്ടായി. ഒരുപക്ഷേ, ക്ലേശവും ദുരിതവും നിറഞ്ഞ ദിനങ്ങൾ വരുമോ എന്ന് ഭയപ്പെട്ടു. ഒരു നിമിഷത്തിലും കുറഞ്ഞ സമയമാണ് ഈ ചിന്ത എന്റെ മനസ്സിലേക്ക് കടന്നു വന്നത്. അപ്പോൾ തന്നെ എനിക്ക് അർദ്ധജാഗ്രതാവസ്ഥയുണ്ടാകുകയും ***അലൈസല്ലാഹു ബികാഫിൻ അബ്ദഹു*** അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ എന്ന ഇൽഹാം ലഭിക്കുകയും ചെയ്തു.

കഠിനമായി വേദന അനുഭവിക്കുന്ന മുറിവ് മരുന്ന് വെച്ചപ്പോൾ പെട്ടെന്ന് സുഖം പ്രാപിച്ചതു പോലെ എന്ന മട്ടിൽ ഈ ഇൽഹാമോടു കൂടി എന്റെ ഹൃദയത്തിന് ദൃഢത കൈവന്നു. വാസ്തവത്തിൽ , ദൈവിക വെളിപാടിന് സ്വന്തമായി മന:ശാന്തി നല്കാനുള്ള പ്രത്യേകതയുണ്ട് എന്നത് പലവട്ടം പരീക്ഷിച്ചറിഞ്ഞ കാര്യമാണ്. ആ സവിശേഷതയുടെ വേര് കുടികൊള്ളുന്നത് ദൈവിക വെളിപാടിലുള്ള ദൃഢവിശ്വാസത്തിലാണ്. അഹോ കഷ്ടം! ഇൽഹാമുകൾ ലഭിച്ചിട്ടും അവ ഭാവനാപരമായ സംഗതികളാണെന്നു പറയുന്നവരുടെ ഇൽഹാം ഇൽഹാം ആകുന്നതെങ്ങനെ? ആ ഇൽഹാം പൈശാചികമാണോ പടച്ചതമ്പുരാനിൽ നിന്നാണോ എന്ന് അവർക്കറിയില്ല. അത്തരം ഇൽഹാമുകൾ ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുക. എന്നാൽ, ഞാൻ അല്ലാഹുവിനെ സത്യം ചെയ്തുകൊണ്ട് പറയുന്നു, വിശുദ്ധ ഖുർആനിലും ഇതരദൈവിക ഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നതു പോലെ ആ വെളിപാടിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ ഖുർആനെ സ്പഷ്ടവു സുദൃഢവുമായ ദൈവവചനമെന്നു വിശ്വസിക്കുന്നതു പോലെ തന്നെ എനിക്കിറിങ്ങിയ വചനങ്ങളെയും ദൈവവചനങ്ങളെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. എന്തെന്നാൽ, ഞാൻ അതോടൊപ്പം ഒരു ദിവ്യതേജസ്സും വെളിച്ചവും ദിവ്യശക്തിപ്രഭാവത്തിന്റെ മാതൃകയും ദർശിക്കുന്നു. ചുരുക്കത്തിൽ, ***അലൈസല്ലാഹു ബികാഫിൻ അബ്ദഹു*** എന്ന ഇൽഹാം എനിക്കുണ്ടായപ്പോൾ ദൈവം എന്നെ പാഴാക്കുകയില്ലെന്ന് ബോധ്യമായി. അങ്ങനെ ഞാൻ ഖാദിയാനിൽ താമസിക്കുന്ന മലാവമാൽ എന്നു പേരുള്ള ഹിന്ദു ക്ഷത്രിയന്(അദ്ദേഹം ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്) ആ ഇൽഹാം ഞാൻ എഴുതിക്കൊടുത്തു കൊണ്ട് നടന്നതെല്ലാം അദ്ദേഹത്തെ അറിയിച്ചു. ഹക്കീം മൗലവി മുഹമ്മദ് ശരീഫ് ക്ലാനൂരി സാഹിബ് മുഖേന അത് ഒരു മോതിരത്തിൽ കൊത്തിയുണ്ടാക്കികൊണ്ടു വരുന്നതിന് ഞാൻ അദ്ദേഹത്തെ അമൃത്സറിലേക്ക് അയച്ചു. ഈ മഹത്തായ അടയാളത്തിന് അയാൾ സാക്ഷിയാകുന്നതിനു വേണ്ടിയാണ് ആ ഹിന്ദുവിനെ ഇതിനായി നിശ്ചയിച്ചത്. മൗലവി മുഹമ്മദ് ശരീഫ് സാഹിബും ഇതിന് സാക്ഷിയാകണമായിരുന്നു. അങ്ങനെ മൗലവി സാഹിബ് മുഖേന അഞ്ചു രൂപ ചെലവിൽ മോതിരം ഉണ്ടാക്കി എന്റെ കൈയിലെത്തി. അതിപ്പോഴും എന്റെ പക്കലുണ്ട്. നമ്മുടെ പിതാവിന്റെ ചുരുങ്ങിയ വരുമാനത്തെ ആശ്രയിച്ചു കൊണ്ട് ജീവിതം നയിച്ചുകൊണ്ടിരുന്ന കാലത്താണ് ഈ ഇൽഹാം ഉണ്ടായത്. പുറം ലോകത്ത് ആരും എന്നെ അറിയുമായിരുന്നില്ല. ആരാലും അറിയപ്പെടാത്ത, ഖാദിയാനിലെ ആളൊഴിഞ്ഞ ഗ്രാമത്തിൽ അറിയപ്പെടാതെ ഒരു മൂലയിൽ കഴിഞ്ഞിരുന്ന മനുഷ്യനായിരുന്നു ഞാൻ. പിന്നീട് അതിനു ശേഷം അല്ലാഹു തന്റെ പ്രവചനപ്രകാരം ഒരു സമൂഹത്തെ എന്നിലേക്ക് അയക്കുകയും നിരന്തരം എന്നെ ധനപരമായി സഹായിക്കുകയും ചെയ്തു. അതു വിവരിക്കാൻ എന്റെയടുക്കൽ വാക്കുകളില്ല. എന്റെ അവസ്ഥ വെച്ചു നോക്കുമ്പോൾ മാസം പത്തു രൂപ പോലും വരുമെന്ന പ്രതീക്ഷയില്ലായിരുന്നു. എന്നാൽ, ദരിദ്രരെ മണ്ണിൽ നിന്നുയർത്തുന്നവനും അഹങ്കാരികളെ മണ്ണോടു ചേർക്കുന്നവനുമായ അല്ലാഹു എന്നെ സംരക്ഷിച്ചു. ഇതുവരേക്കും മൂന്ന് ലക്ഷം രൂപ വരെ വന്നിട്ടുണ്ടാകുമെന്ന് എനിക്ക് തീർച്ചയായും പറയാനാകും. ഒരുപക്ഷേ, അതിൽ കൂടുതലുമാകാം. ഈ വരുമാനത്തിൽ എല്ലാവർഷവും ലങ്കർ ഖാനക്ക് വേണ്ടി മാത്രം മാസത്തിൽ 1500 രൂപ ചെലവ് വരുന്നതും പരിഗണിക്കേണ്ടതാണ്. അതായത് ശരാശരി കണക്കനുസരിച്ച് മറ്റു ശാഖകളുടെ ചെലവും, അതായത് മദ്രസയും പുസ്തപ്രസിദ്ധീകരണവും, കൂടാതെയാണിത്. അതുകൊണ്ട് ***അലൈസല്ലാഹു ബികാഫിൻ അബ്ദഹു*** എന്ന പ്രവചനം എത്ര വ്യക്തവും ശക്തവും മഹത്ത്വത്തോടു കൂടിയുമാണ് പുലർന്നതെന്ന് നോക്കുക. ഇതേതെങ്കിലും കറ്റുകെട്ടുകാരന്റെ പ്രവൃത്തിയോ പിശാചിന്റെ ദുർബോധനങ്ങളോ ആണോ? ഒരിക്കലുമല്ല. ഏതൊരുവന്റെ കൈകളിലാണോ അഭിമാനവും അപമാനവും അധോഗതിയും പുരോഗതിയും ഇരിക്കുന്നത്, ആ അല്ലാഹുവിന്റെ പ്രവൃത്തികളാണിവ.

**(ഹഖീഖത്തുൽ വഹ്യ്, റൂഹാനി ഖസായീൻ വാള്യം 22. പേ. 219)**

## 123-ാമത് ജൽസസാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 123-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

*(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും അധ്യാപനങ്ങളെ മുഴുലോകത്തിനും പരിചയപ്പെടുത്തുക എന്നതാണ് നിങ്ങളുടെ ജോലി. അതിന്നായി നിങ്ങളുടെ മതപരമായ അറിവ് വിശാലമായിരിക്കേണ്ടതാണ്, സ്വന്തം ആദർശങ്ങളെ സംബന്ധിച്ച് നല്ല അവബോധം ഉണ്ടായിരിക്കേണ്ടതാണ്, ഇസ്‌ലാമിക അധ്യാപനങ്ങളെ കൃത്യമായി അനുഷ്ഠിക്കുന്നവരായിരിക്കേണ്ടതാണ്. ഉദാഹരണമായി ലജ്ജയുള്ള വസ്ത്രം ധരിക്കുക, കോട്ടും പർദയും ധരിക്കേണ്ട പ്രായമായാൽ അതില്ലാതെ വീടിനു വെളിയിൽ ഇറങ്ങാതിരിക്കുക, വ്യർഥമായ സദസ്സുകൾ, ദുസ്വഭാവികളായ സുഹൃത്തുക്കളിൽ നിന്നും ഇന്റർനെറ്റ് മൊബൈൽ ഫോൺ തുടങ്ങിയവയുടെ തിന്മകളിൽ നിന്ന് സ്വയം സംരക്ഷിച്ചു നിർത്തേണ്ടതുമാണ്.**

**നാസിറാത്തിന്റെ പ്രായം വിദ്യ അഭ്യസിക്കേണ്ട പ്രായമാണ്, സ്വന്തം വിദ്യാഭ്യാസത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുക. നല്ല ഭാവിക്കായി പരിശ്രമിക്കുക, ദുആകൾ ചെയ്തു കൊണ്ടിരിക്കുക.**

**എല്ലാ വെള്ളിയാഴ്ചകളിലും എന്റെ ഖുത്വുബ എം.ടി.എ യിൽ പ്രക്ഷേപണം ചെയ്യുമ്പോൾ അത് കേൾക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക. മുഴുവൻ ശ്രദ്ധയും ഖുത്വുബയിൽ കേന്ദ്രീകൃതമാകുന്നതിനായി കേൾക്കുന്നതിനോടൊപ്പം ചില കാര്യങ്ങൾ കുറിച്ച് വെക്കുകയും ചെയ്യുക.**

**നാസിറാത്തുൽ അഹ്മദിയ്യ ജർമനിയുടെ ത്രൈമാസ പത്രികയായ "ഗുൽദസ്ത" യുടെ പ്രകാശനത്തിലുള്ള ഹുസൂർ തിരുമനസിന്റെ വിശേഷ സന്ദേശം.**

## ഹുസൂർ തിരുമനസ്സിന്റെ സന്ദേശം

**ലണ്ടൻ**
**20-03-17**

പ്രിയപ്പെട്ട നാസിറാത്തുൽ അഹ്മദിയ്യ ജർമനി
അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹി വബർകാതുഹു.

നിങ്ങൾക്ക് "ഗുൽദസ്ത" എന്ന പേരിൽ ഒരു ത്രൈമാസിക ആരംഭിക്കുവാനുള്ള തൗഫീഖ് ലഭിച്ചിരിക്കുന്നു എന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു ഇതിനെ എല്ലാ നിലയിലും അനുഗൃഹീതമാക്കിത്തീർക്കട്ടെ. ആമീൻ.

അതിലേക്കായി സന്ദേശം അയക്കുന്നതിനായി ബഹുമാനപ്പെട്ട സദ്ർ സാഹിബ ലജ്ന എന്നോട് അപേക്ഷിക്കുകയുണ്ടായി. ഞാൻ നല്കുന്ന സന്ദേശം ഇതാണ്; ശാഖാ സംഘടനകളുടെ സംസ്ഥാപനം അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളിൽ പെട്ട അതിമഹത്തായ ഒരു അനുഗ്രഹമാകുന്നു. ജമാഅത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ളവർക്ക് ദീനീ സേവനത്തിൽ തങ്ങളുടേതായ നിലയിൽ ഭാഗഭാക്കാകുന്നതിനും വിവിധങ്ങളായ രീതിയിൽ തങ്ങളുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും തങ്ങളുടെ മതപരമായ വ്യക്തിത്വത്തെ വളർത്തിയെടുക്കുന്നതിനുള്ള അവസരം ലഭ്യമാകുന്നതിനും വേണ്ടിയാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഇത് ആരംഭിച്ചത്. ലജ്ന ഇമാഇല്ലായും ജമാഅത്തിന്റെ ഒരു ശാഖാ സംഘടന തന്നെയാണ്. അതിന്റെ ഒരു ശാഖയാണ് നാസിറാത്തുൽ അഹ്മദിയ്യ എന്ന് പറയപ്പെടുന്നത്. അത് 15 വയസുവരെയുള്ള അഹ്മദി പെൺകുട്ടികളുടെ സംഘടനയാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിന്റെ കൃപയാൽ ജമാഅത്തിന്റെ വ്യവസ്ഥാപിതവും കർമനിരതവുമായ സംഘടനയുടെ ഒരു ഭാഗമാണ്. ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും അധ്യാപനങ്ങളെ മുഴുലോകത്തിനും പരിചയപ്പെടുത്തുക എന്നതാണ് അവരുടെ ജോലി. അതിനായി നിങ്ങളുടെ മതപരമായ അറിവ് വിശാലമായിരിക്കേണ്ടതാണ്, സ്വന്തം ആദർശങ്ങളെ സംബന്ധിച്ച് നല്ല അവബോധം ഉണ്ടായിരിക്കേണ്ടതാണ്, ഇസ്‌ലാമിക അധ്യാപനങ്ങളെ കൃത്യമായി അനുഷ്ഠിക്കുന്നവരായിരിക്കേണ്ടതാണ്. ഉദാഹരണമായി ലജ്ജയുള്ള വസ്ത്രം ധരിക്കുക, കോട്ടും പർദയും ധരിക്കേണ്ട പ്രായമായാൽ അതില്ലാതെ വീടിനു വെളിയിൽ ഇറങ്ങാതിരിക്കുക, വ്യർഥമായ സദസ്സുകൾ, ദുസ്വഭാവികളായ സുഹൃത്തുക്കളിൽ നിന്നും ഇന്റർനെറ്റ് മൊബൈൽ ഫോൺ തുടങ്ങിയവയുടെ തിന്മകളിൽ നിന്ന് സ്വയം സംരക്ഷിച്ചു നിർത്തേണ്ടതുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഗ്രന്ഥമായ "കിശ്തിയെ നൂഹ്" ൽ മോശമായ കൂട്ടുകാരെയും അസഭ്യ സദസ്സുകളെയും ഉപേക്ഷിക്കാത്തവർക്ക് വളരെ കഠിനമായ മുന്നറിയിപ്പാണ് നല്കിയിരിക്കുന്നത്. അതിനാൽ പ്രസ്തുത അധ്യാപനത്തെ എപ്പോഴും ഓർത്തു കൊണ്ടിരിക്കുക.

നാസിറാത്തിന്റെ പ്രായം വിദ്യ അഭ്യസിക്കേണ്ട പ്രായമാണ്. സ്വന്തം വിദ്യാഭ്യാസത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുക. നല്ല ഭാവിക്കായി പരിശ്രമിക്കുക, ദുആകൾ ചെയ്തു കൊണ്ടിരിക്കുക. ദീനിനോടുള്ള നിങ്ങളുടെ സ്നേഹം വെളിപ്പെടുന്ന നിലയിലുള്ളതായിരിക്കണം നിങ്ങളുടെ കർമങ്ങളും വ്യവഹാരങ്ങളും. ഉദാഹരണമായി, എല്ലാ വെള്ളിയാഴ്ചകളിലും എന്റെ ഖുത്വുബ എം.ടി.എ യിൽ സംപ്രേഷണം ചെയ്യുമ്പോൾ അത് കേൾക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക. മുഴുവൻ ശ്രദ്ധയും ഖുത്വുബയിൽ കേന്ദ്രീകൃതമാകുന്നതിനായി കേൾക്കുന്നതിനോടൊപ്പം ചില കാര്യങ്ങൾ കുറിച്ച് വെക്കുകയും ചെയ്യുക. ഏതെങ്കിലും കാര്യം മനസ്സിലായില്ലെങ്കിൽ വീട്ടിലെ മുതിർന്നവരോട് ചോദിക്കുക. അതിലൂടെ കാലത്തിന്റെ ഖലീഫയുമായുള്ള നിങ്ങളുടെ വ്യക്തിപരമായ ബന്ധം സ്ഥാപിതമാകുന്നു. മതപരമായ അറിവ് വർദ്ധിക്കുന്നു. ചിന്തകളും ധാരണകളും പരിശുദ്ധമായിത്തീരുന്നു. ദീനിനെ സേവിക്കുന്നതിനും ജമാഅത്തിലെ പരിപാടികളിൽ പങ്കെടുക്കുന്നതിനുമുള്ള വികാരം സുദൃഢമാകുന്നതാണ്. ഓർത്തുകൊള്ളുക, എത്രത്തോളം നിങ്ങൾ സ്വയം തങ്ങളെ ദീനിനോട് അടുപ്പിക്കുന്നുവോ അത്രത്തോളം നിങ്ങൾ സാമൂഹികമാലിന്യങ്ങളിൽ നിന്ന് സുരക്ഷിതരാകുന്നതാണ്. അതിലൂടെ ഹൃദയ സംതൃപ്തി ലഭ്യമാകുന്നതാണ്. തബ്‌ലീഗ് ചെയ്യുമ്പോൾ വാക്കുകളിൽ സ്വാധീനം ഉണ്ടാകുന്നതുമാണ്.

പത്രികയുടെ സംഘാടകരും ഓർത്തിരിക്കേണ്ടത്, ഓരോ പതിപ്പുകളിലും വിശുദ്ധഖുർആന്റെയും തിരുഹദീസുകളുടെ ചില ഭാഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. അതുകഴിഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ലിഖിതങ്ങളിൽ നിന്ന് ഉദ്ധരണികൾ ഉൾപ്പെടുത്തുക. ഏതാനും പേജുകൾ എന്റെ ഖുത്വുബയ്ക്കായും നീക്കി വെക്കുക. ചെറുപ്രായം മുതൽക്കു തന്നെ നമ്മുടെ അഹ്മദി പെൺകുട്ടികളുടെ ഖിലാഫത്തുമായുള്ള ബന്ധം സുശക്തമായിത്തീരുന്നതിനായി ഖുത്വുബകളെ ചോദ്യോത്തര രൂപത്തിലും പ്രസിദ്ധീകരിക്കുക. കൂടാതെ അറിവ് വർദ്ധിക്കുന്നതിനും വിജ്ഞാനത്തിലുള്ള ഗവേഷണത്വര സംജാതമാക്കുന്നതിനുമുള്ള മാർഗനാർദേശങ്ങളും ഉണ്ടായിരിക്കണം. ഇത് തങ്ങളുടെ പത്രികയാണെന്ന ബോധം ഉണ്ടാകുന്നതിനും അത് വായിക്കുന്നതിൽ അവർക്ക് പ്രത്യേക താത്പര്യം ജനിപ്പിക്കുന്നതിനുമായി നാസിറാത്തുകളെക്കൊണ്ട് ചെറിയ ചെറിയ ലേഖനങ്ങളും ഗുണപാഠകഥകളും എഴുതിച്ച് അതും പത്രികയുടെ ഭാഗമാക്കുക. അല്ലാഹു നിങ്ങൾക്ക് അതിനുള്ള തൗഫീഖ് നല്കി അനുഗ്രഹിക്കട്ടെ. ആമീൻ

വസ്സലാം

വിനീതൻ
മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ്

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.




# ഹജ്ജിന്റെ ഫിലോസഫി

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)**

ഹജ്ജ് ഇസ്‌ലാം കാര്യങ്ങളിൽപ്പെട്ടതാണ്. സാമുദായ ഐക്യത്തിനുള്ള ഒന്നാം തരം മാർഗമാണത്. ലോകത്തെ ഒരു മതത്തിലും ഹജ്ജ് നിർബന്ധമല്ല. എന്നാൽ ഇസ്‌ലാം കഴിവുള്ള എല്ലാ ജനങ്ങളോടും ഒരു കേന്ദ്രത്തിൽ സമ്മേളിക്കാൻ കല്പന നല്കിയിരിക്കുന്നു. ഇതുകൊണ്ട് പലവിധത്തിലുള്ള പ്രയോജനങ്ങളുണ്ട്. ധനികരും ദരിദ്രരും രാജാവും പ്രജയും പണ്ഡിതനും പാമരനും എല്ലാം ഒരു സ്ഥലത്ത് ഒരുമിച്ചു കൂടുമ്പോൾ സമൂഹത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് അവർ ചിന്തിക്കും. തങ്ങളുടെ പോരായ്മയെക്കുറിച്ച് ആലോചിക്കും. അത് അകറ്റാൻ അവർ ശ്രമിക്കും. അതുപോലെത്തന്നെ ഇസ്‌ലാം ഹജ്ജു മുഖേന കേന്ദ്രത്തിന്റെ പരിഷ്കരണത്തിലേക്കും ശ്രദ്ധ തിരിച്ചിരിക്കുന്നു. അതുമുഖേന സമൂഹം അഭിവൃദ്ധിപ്പെടുകയും പുരോഗതിയിലേക്ക് അത് ചുവടു വെയ്ക്കുകയും ചെയ്യുന്നു.

(തഫ്സീർ കബീർ വാല്യം. 10 സൂറ: കൗസർ പേ.300)

# ഖുത്ബ ജുമുഅ

ജൽസയുടെ പരിപാടികളിലൂടെയും പ്രഭാഷണങ്ങളിലൂടെയും ഒരു അഹ്മദി ആത്മീയതയിൽ അഭിവൃദ്ധിപ്പെടാൻ ശ്രമിക്കുന്നു. പഠിക്കാനാണ് വരുന്നത്. അതേസമയം, അനഹ്മദികളായ അതിഥികളും മാധ്യമക്കാരും വൈജ്ഞാനികവും വിശ്വാസപരവുമായ നമ്മുടെ അധ്യാപനം ശ്രവിക്കുന്നതോടൊപ്പം ജൽസയുടെ പൊതുവായ അന്തരീക്ഷവും അഹ്മദീ സ്ത്രീപുരുഷന്മാരുടെ സന്നദ്ധസേവനവും ആവേശപൂർവം അവർ അതിഥികളെ സത്ക്കരിക്കുന്നതും കാണുമ്പോൾ ഇസ്‌ലാമിന്റെ സുന്ദര അധ്യാപനങ്ങളെ പ്രായോഗികമായി ദർശിക്കുകയാണ് അവർ ചെയ്യുന്നത്. ഞാൻ പറഞ്ഞതു പോലെ തബ്‌ലീഗിനുള്ള വലിയ ഒരു മാർഗമാണിത്. ആയതിനാൽ, സന്നദ്ധസേവകർ ഇതിൽ മുഖ്യപങ്കു വഹിക്കുന്നുണ്ട്. പ്രവർത്തകർ എവിടെ ഏതു മേഖലകളിൽ പ്രവർത്തിക്കുകയാണെങ്കിലും അതിന് അതിന്റേതായ പ്രാധാന്യമുണ്ട്. ഈ പ്രാധാന്യത്തെ ഒരു സാധാരണ പ്രവർത്തകൻ തൊട്ട് ഓഫീസർമാർ വരെയുള്ളവർ മുന്നിൽ വെയ്ക്കേണ്ടതാണ്.

അതിഥി സത്ക്കാരം വളരെ സുപ്രധാന വകുപ്പാണെന്ന് കാര്യം ഓർക്കേണ്ടതാണ്. വെറും ഭക്ഷണവും വെള്ളവും നല്കുകയും താമസസൗകര്യം ഏർപ്പാടാക്കി കൊടുക്കുകയും ചെയ്യുന്നതിനല്ല അതിഥി സത്ക്കാരംഎന്നു പറയുന്നത്. മറിച്ച്, ജൽസാ സാലാനയുടെ ഓരോ വകുപ്പും അതിഥിസത്ക്കാരമാണ്; അതിനെ മറ്റെന്തു പേരു വിളിച്ചാലും ശരി. ജൽസക്ക് വരുന്ന ഓരോ വ്യക്തിയും അതിഥിയാണ്. ജൽസസാലാനയിൽ ഡ്യൂട്ടി ചെയ്യുന്ന ഓരോരുത്തരും അതിഥിയുടെ ആവശ്യങ്ങളെ ലഭ്യമായ സൗകര്യങ്ങളോടുകൂടി പൂർത്തീകരിക്കേണ്ടതാണ്.

അതിഥി സത്ക്കാരത്തിന്റെ ഉയർന്ന നിലവാരം സ്ഥാപിക്കുന്നതിന് ഓരോ വകുപ്പ് മേധാവിയും തങ്ങളുടെ അവസ്ഥ പരിശോധിച്ചു കൊണ്ടിരിക്കുക. അങ്ങേയറ്റം വിനയവും താഴ്മയും അവലംബിക്കാൻ ശ്രമിക്കുക.

ഉറങ്ങുന്നതിനും മറ്റുമുള്ള ഏർപ്പാട് സ്വയം ചെയ്യുന്നവർ (ചിലർ ടെന്റും കൊണ്ടു വരാറുണ്ട്)നല്ല കിടക്കയും മറ്റും ഏർപ്പാടു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്

ജൽസ സാലാനയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും വാഗ്ദത്ത മസീഹി(അ)ന്റെ അതിഥിയാണ്. അതുകൊണ്ട് തന്നെ ഓരോ അതിഥിയെയും പ്രത്യേക അതഥിയായി നാം കാണുകയും നല്ല രീതിയിൽ അദ്ദേഹത്തെ സത്ക്കരിക്കുകയും വേണം.

ഓരോ വകുപ്പ് മേധാവിയും തങ്ങളുടെ വകുപ്പിന്റെ കുറവുകളെ പരിശോധിക്കാൻ ചിലരെ ചുമതലപ്പെടുത്തേണ്ടതാണ്. അവർ പിന്നീട് വൈകുന്നേരം വകുപ്പിന്റെ കുറവുകളെ വിലയിരുത്തി വകുപ്പ് മേധാവിയെ അറിയിക്കേണ്ടതാണ്. ഇത് ജൽസ വേളയിലും വരും വർഷങ്ങളിലും അഭിവൃദ്ധിയുണ്ടാകാൻ സഹായകമാകും.

ജൽസ സാലാന പങ്കെടുക്കുന്ന അതിഥികളെ സേവിക്കുന്നതുമായി ബന്ധപ്പെട്ട് നബി(സ)തിരുമേനിയുടെയും വാഗ്ദത്ത മസീഹി(അ)ന്റെയും നിർദേശങ്ങളുടെ വെളിച്ചത്തിൽ പ്രവർത്തകർക്കും ഉദ്യോഗസ്ഥർക്കും സുപ്രധാന നിർദേശങ്ങൾ.

ഡോക്ടർ മീർ മുഹമ്മദ് ഇസ്മാ ഈൽ സാഹിബിന്റെ മകൻ സയ്യിദ് മുഹമ്മദ് അഹ്മദ് സാഹിബിന്റേയും ചൗധരി സിദ്ധീഖ് സാഹിബ് ഭറിയുടെ പത്നി മഹ്മൂദ ബീഗം സാഹിബയുടെയും വഫാത്തിൽ അനുസ്മരണം. ജനാസ ഗായിബ് നമസ്കരിക്കുന്നതിന്റെ വിളംബരം.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

2017 ജൂലൈ 21/1396 വഫാ 21

**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ(യു.കെ)**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ۔ اِهْدِنَا

الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

യു.കെ ജൽസ സാലാന അടുത്ത വെള്ളിയാഴ്ച മുതൽ ആരംഭിക്കുകയാണ്. ഇൻശാഅല്ലാഹ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസയിൽ പങ്കെടുക്കാൻ മറ്റു രാജ്യങ്ങളിൽ നിന്ന് അതിഥികൾ വരാൻ തുടങ്ങിയിരിക്കുന്നു. ജൽസയുടെ ദിനങ്ങൾ അടുത്തു വരുന്നതനുസരിച്ച് അടുത്തും അകലെയുമുള്ള രാജ്യങ്ങളിൽ നിന്ന് അതിഥികൾ വരുന്നത് കൂടിക്കൊണ്ടിരിക്കും. അതുപോലെ ബ്രിട്ടണിലെ മറ്റു പട്ടണങ്ങളിൽ നിന്നും അതിഥികൾ വരാൻ തുടങ്ങുന്നതാണ്.

ജൽസയിൽ നിന്നും അനുഗ്രഹം തേടിക്കൊണ്ട് വരുന്ന അഹ്മദികളായ അതിഥികളെ കൂടാതെ മറ്റു രാജ്യങ്ങളിൽ നിന്ന് വരുന്ന അനഹ്മദികളും അമുസ്‌ലിംകളുമായ ചിലരും വരാറുണ്ട്. അവരിൽ ചിലർ രാഷ്ട്രപ്രതിനിധികളോ സർക്കാർ ഉദ്യോഗസ്ഥരോ ജനങ്ങളിൽ സ്വാധീനമുള്ള വിദ്യാസമ്പരോ ആയിരിക്കും. അതുപോലെത്തന്നെ മാധ്യമങ്ങളുമായി ബന്ധപ്പെട്ട ആളുകളുടെ എണ്ണത്തിലും വർധവ് ഉണ്ടാകാൻ തുടങ്ങിയിരിക്കുന്നു. ഈ വരുന്നവരെല്ലാം നമ്മുടെ ഓരോ കാര്യത്തെയും വളരെ സൂക്ഷ്മമായി വിലയിരുത്തുകയും പൊതുവേ പ്രഭാവിതരായിത്തീരുകയും ചെയ്യാറുണ്ട്. പ്രത്യേകിച്ചും സ്വമനസ്സാലേ സേവനം ചെയ്തുകൊണ്ടുള്ള സംവിധാനം കാണുമ്പോൾ അതു തബ്‌ലീഗിനുള്ള വഴികൾ തുറന്നിടുന്നു. ജമാഅത്തിനെ കൂടുതൽ അറിയാനും പരിചയപ്പെടാനും അവർ ശ്രമിക്കുന്നു. അതുകൊണ്ട് ഈ ദിനങ്ങളിൽ പ്രവർത്തിക്കുന്ന നമ്മുടെ പുരുഷന്മാരും സ്ത്രീകളും ആൺകുട്ടികളും പെൺകുട്ടികളും ചെറിയകുട്ടികളും അടങ്ങുന്ന സന്നദ്ധസേവകർ ഒരു നിശ്ശബ്ദ തബ്‌ലീഗ് ആണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതുപോലെ മാധ്യമങ്ങളിലൂടെയും അഹ്മദിയ്യത്തിന്റെ സന്ദേശം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെ വിശാലമായ നിലയിൽ എത്തുന്നു. ഇപ്പോൾ ചില പരിപാടികളുണ്ടാകുമ്പോൾ സാധാരണ ദിവസങ്ങളിലും മാധ്യമങ്ങളുടെ ശ്രദ്ധ ഉണ്ടാകാറുണ്ട്. ഉദാഹരണമായി, ഇവിടെ യൂറോപ്പിൽ ചില തീവ്രവാദ സംഭവങ്ങളുണ്ടായതിനു ശേഷം ജമാഅത്തംഗങ്ങൾ (അതിൽ സ്ത്രീകളും പുരുഷന്മാരുമുണ്ട്) ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ലോകത്തിനു നല്കാൻ ശ്രമിച്ചിരുന്നു. ഈ സംഭവങ്ങൾക്കു ശേഷം നമ്മുടെ മാധ്യമ വകുപ്പും പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. നമ്മുടെ മുറബ്ബിമാരുടെ ഇന്റർവ്യൂ വന്നുകൊണ്ടിരുന്നു. ഇസ്‌ലാമിന്റെ സമാധാന സമ്പൂർണ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ജമാഅത്തിനെ ലോക മാധ്യങ്ങളെല്ലാം വളരെ വിപുലമായ നിലയിൽ പരിചയപ്പെടുത്തിയിരിക്കുന്നു. ഈ സംഭവങ്ങൾ വർധിക്കുന്നതിനനുസരിച്ച് ജമാഅത്തിന്റെ പരിചയവും കൂടി വരികയാണ്. ഏതായിരുന്നാലും ജൽസയുടെ ദിനങ്ങളിലും അല്ലാഹു ഇതു മുഖേന ഇസ്‌ലാമിനെ പരിചയപ്പെടുത്താനുള്ള വിപുലമായ ഏർപ്പാടു ചെയ്തു കൊണ്ടിരിക്കുകയാണ്.

ജൽസയുടെ പരിപാടികളിലൂടെയും പ്രഭാഷണങ്ങളിലൂടെയും ഒരു അഹ്മദി ആത്മീയതയിൽ അഭിവൃദ്ധിപ്പെടാൻ ശ്രമിക്കുന്നു. പഠിക്കാനാണ് വരുന്നത്. അതേസമയം, അനഹ്മദികളായ അതിഥികളും മാധ്യമക്കാരും വൈജ്ഞാനികവും വിശ്വാസപരവുമായ നമ്മുടെ അധ്യാപനം ശ്രവിക്കുന്നതോടൊപ്പം ജൽസയുടെ പൊതുവായ അന്തരീക്ഷവും അഹ്മദീ സ്ത്രീപുരുഷന്മാരുടെ സന്നദ്ധസേവനവും ആവേശപൂർവം അവർ അതിഥികളെ സത്ക്കരിക്കുന്നതും കാണുമ്പോൾ ഇസ്‌ലാമിന്റെ സുന്ദര അധ്യാപനങ്ങളെ പ്രായോഗികമായി ദർശിക്കുകയാണ് അവർ ചെയ്യുന്നത്. ഞാൻ പറഞ്ഞതു പോലെ തബ്‌ലീഗിനുള്ള വലിയ ഒരു മാർഗമാണിത്. ആയതിനാൽ, സന്നദ്ധസേവകർ ഇതിൽ മുഖ്യപങ്കു വഹിക്കുന്നുണ്ട്. പ്രവർത്തകർ എവിടെ ഏതു മേഖലകളിൽ പ്രവർത്തിക്കുകയാണെങ്കിലും അതിന് അതിന്റേതായ പ്രാധാന്യമുണ്ട്. ഈ പ്രാധാന്യത്തെ ഒരു സാധാരണ പ്രവർത്തകൻ തൊട്ട് ഓഫീസർമാർ വരെയുള്ളവർ മുന്നിൽ വെയ്ക്കേണ്ടതാണ്. ഒരു സാധാരണ പ്രവർത്തകൻ, അത് വെള്ളം കുടിപ്പിക്കുന്ന ചെറിയ കുട്ടിയായാലും ശരി, അവന്റെ മനോഭാവവും നിസ്വാർഥ സേവനവും ദൈവതൃപ്തി കരസ്ഥമാക്കുന്നതാക്കിത്തീർക്കുന്നതോടൊപ്പം അത് അന്യരെ പ്രഭാവിതരാക്കാനും കാരണമാകുന്നു. ജൽസയിൽ പങ്കെടുക്കുന്ന അതിഥികൾ അത് പ്രകടിപ്പിക്കാറുമുണ്ട്.

സേവകരെ കൂടാതെ ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്. നിങ്ങളുടെ കീഴിലുള്ള സേവകരും പ്രവർത്തകരും മാത്രമാണ് ജോലി ചെയ്യേണ്ടവർ എന്ന് വിചാരിക്കരുത്. മറിച്ച്, ഒരു പ്രവർത്തകനെ പോലെ, സേവകനെ പോലെ സ്വയം താഴ്മയോടെ പ്രവർത്തിക്കാൻ നിങ്ങൾ ശ്രമിക്കുക. നിങ്ങളുടെ പ്ര

വർത്തകരോടും മറ്റുള്ളവരോടും അതിഥികളോടുമുള്ള മനോഭാവം മൃദുലവും സഹകരിക്കുന്നതുമാക്കിത്തീർക്കുക. മുഖത്ത് വിനയവും മൃദുലതയും ദൃശ്യമാകണം. നിങ്ങളുടെ സംസാരത്തിൽ ലാളിത്യവും ധാർമികഗുണങ്ങളുടെ ഉന്നത നിലവാരവും പ്രകടമാകണം.

അതിഥി സത്ക്കാരം വളരെ സുപ്രധാന വകുപ്പാണെന്ന കാര്യം ഓർക്കേണ്ടതാണ്. വെറും ഭക്ഷണവും വെള്ളവും നല്കുകയും താമസസൗകര്യം ഏർപ്പാടാക്കി കൊടുക്കുകയും ചെയ്യുന്നതിനല്ല അതിഥി സത്ക്കാരം എന്നു പറയുന്നത്. മറിച്ച്, ജൽസാ സാലാനയുടെ ഓരോ വകുപ്പും അതിഥിസത്ക്കാരമാണ്; അതിനെ മറ്റെന്തു പേരു വിളിച്ചാലും ശരി. ജൽസക്ക് വരുന്ന ഓരോ വ്യക്തിയും അതിഥിയാണ്. ജൽസ സാലാനയിൽ ഡ്യൂട്ടി ചെയ്യുന്ന ഓരോരുത്തരും അതിഥിയുടെ ആവശ്യങ്ങളെ ലഭ്യമായ സൗകര്യങ്ങളോടു കൂടി പൂർത്തീകരിക്കേണ്ടതാണ്. ഇതിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രകടിപ്പിച്ച വികാരം നാം ഏവർക്കും പ്രത്യേകമായ രൂപരേഖയാണ്. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഒരു അതിഥിക്കും ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഞാൻ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. കഴിയുന്നിടത്തോളം അതിഥിക്ക് ബുദ്ധിമുട്ടില്ലാതിരിക്കാൻ ഞാൻ എപ്പോഴും ഊന്നൽ നല്കാറുണ്ട്. പറയുന്നു: അതിഥിയുടെ മനസ്സ് കണ്ണാടി പോലെ ദുർബലമാണ്. ചെറിയൊരു ക്ഷതം മതി പൊട്ടിത്തകരാൻ.(മൽഫൂസാത്ത് വാള്യം.5 പേ. 406 എഡി.1985) അതിനാൽ ഇക്കാര്യം നാം ഓർമ വെക്കേണ്ടതാണ്. നമ്മുടെ സ്വഭാവത്തിൽ ബലം പ്രയോഗിച്ചാണെങ്കിലും അതിഥികൾക്ക് സുഖസൗകര്യങ്ങൾ എത്തിക്കാൻ ശ്രമിക്കേണ്ടതാണ്. ഓരോ വകുപ്പ് മേധാവികളോടും ഞാൻ പറയുകയാണ്, മൃദുലമായ പെരുമാറ്റവും ഉന്നത ധാർമികഗുണങ്ങളും സഹനവും അനിഷ്ടകരമായ കാര്യങ്ങൾ കേൾക്കാനുള്ള ധൈര്യവും അവരിലുണ്ടെങ്കിൽ അവരുടെ സഹായികളും പ്രവർത്തകരും അതിഥികളോട് അതുപോലെ പെരുമാറുന്നതും നല്ല മാതൃക കാണിക്കുന്നതുമാണ്. എന്നാൽ മേധാവികളുടെ മുഖത്ത് കാഠിന്യവും സംസാരത്തിൽ മര്യദകേടും കാര്യങ്ങൾ ശ്രദ്ധിച്ചു കേൾക്കാനും സഹനം കൈക്കൊള്ളാനുമുള്ള ശീലവുമില്ലെങ്കിൽ അവരുടെ സഹായികളും മറ്റും അതുപോലെ തന്നെയായിരിക്കും പെരുമാറുക. അതുകൊണ്ട് അതിഥി സത്ക്കാരത്തിന്റെ ഉയർന്ന നിലവാരം സ്ഥാപിക്കുന്നതിന് ഓരോ വകുപ്പ് മേധാവിയും തങ്ങളുടെ അവസ്ഥ പരിശോധിച്ചു കൊണ്ടിരിക്കുക. അങ്ങേയറ്റം വിനയവും താഴ്മയും അവലംബിക്കാൻ ശ്രമിക്കുക.

ഞാൻ പറഞ്ഞതു പോലെ, അതിഥിസത്ക്കാര വകുപ്പിനു കീഴിൽ ഒന്നു രണ്ട് വകുപ്പ് മാത്രമല്ല വരുന്നത്. ജൽസ സാലാനയുടെ ഓരോ വകുപ്പും അതിഥിസത്കാരത്തിന്റെ വകുപ്പാണ്; അത് താമസത്തിന്റെ വകുപ്പാകട്ടെ, ഭക്ഷണമുണ്ടാക്കുന്ന വകുപ്പാകട്ടെ, ഭക്ഷണം വിതരണം ചെയ്യുന്ന വകുപ്പാകട്ടെ, ട്രാൻസ്പോർട്ടിന്റെ വകുപ്പാകട്ടെ, ശുചീകരണത്തിന്റെയും കുളിമുറിയുടെയും വകുപ്പാകട്ടെ, ആരോഗ്യ സംബന്ധമായ ഡോക്ടർമാരുടെയും പാരാമെഡിക്സിന്റെയും വകുപ്പാകട്ടെ, വഴികാട്ടാൻ ഡ്യൂട്ടി ചെയ്യുന്ന ഖുദ്ദാമുകളുടെ സെക്യൂരിറ്റി വകുപ്പാകട്ടെ, അതു കൂടാതെ മറ്റു വകുപ്പുകളാകട്ടെ, ഓരോ വകുപ്പും തങ്ങളുടെ വൃത്തത്തിൽ ആതിഥേയരാണ്.

താമസസൗകര്യം ഏർപ്പെടുത്തുന്നവർ, താമസ സ്ഥലങ്ങളിലും ടെന്റുകളിലും സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക ബെഡ്ഡിംഗ് സൗകര്യം ഒരുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചൂടുകാലമാണ് എന്നത് ശരി തന്നെ. പക്ഷേ, രാത്രി പെട്ടെന്ന് കാലാവസ്ഥ തണുക്കാറുണ്ട്. ജൽസ ഇൻശാ അല്ലാഹ് നടക്കാൻ പോകുന്ന ഹദീഖത്തുൽ മഹ്ദിയുടെ കാര്യമാണെങ്കിൽ ലണ്ടനെ അപേക്ഷിച്ച് പൊതുവേ നാലഞ്ച് ഡിഗ്രി ചൂട് കുറവാണ്. അതുകൊണ്ട് ഉറങ്ങുന്നതിനും മറ്റുമുള്ള ഏർപ്പാട് സ്വയം ചെയ്യുന്നവർ (ചിലർ ടെന്റും കൊണ്ടു വരാറുണ്ട്)നല്ല കിടക്കയും മറ്റും ഏർപ്പാടു ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

രാത്രി തണുത്ത കാലാവസ്ഥ ആയിരുന്നതിനാൽ കുട്ടികളുള്ളവർ നന്നേ വിഷമിച്ചു പോയ അനുഭവം കഴിഞ്ഞ വർഷം ഉണ്ടായിരുന്നു.

അതുപോലെ ഭക്ഷണം നല്കുന്നവർ അതിഥികളുമായി നേരിട്ട് ബന്ധമുള്ളവരാണ്. അവർ ഭക്ഷണം പ്ലേറ്റിലിടുമ്പോൾ അതിഥിയുടെ ഇഷ്ടവും പരിഗണിക്കണമെന്നും ഞാൻ എപ്പോഴും പറയാറുള്ളതാണ്. ഇത് പ്രയാസകരമാണെങ്കിലും കഴിവിന്റെ പരമാവധി ശ്രമിക്കുക. ഇനി നിവൃത്തിയില്ലെങ്കിൽ കാർക്കശ്യത്തോടെ മറുപടി പറയാതെ നല്ല നിലയിൽ അവരോട് മറുപടി പറയേണ്ടതാണ്. അവരുടെ വികാരം വ്രണപ്പെടുത്തരുത്.

ഈ വർഷം ജൽസയിലെ സംവിധാനത്തിന്റെ ഭാഗമായി പ്ലേറ്റുകൾ മാറ്റിയിരിക്കുകയാണ്. മുൻപ് ഉപയോഗിച്ചിരുന്ന പ്ലേറ്റുകളെക്കുറിച്ച് എന്നോട് പറഞ്ഞിരിക്കുന്നത് ഒരു നിശ്ചിത ചൂടിൽ കൂടുതലായി ഭക്ഷണം ആ പ്ലേറ്റുകളിൽ നല്കരുതെന്നാണ്. കാരണം ചില വിഷമയമായ രാസപദാർഥങ്ങൾ അതിൽ നിന്ന് വരുന്നുണ്ട്. നമ്മുടെ ഭക്ഷണം നല്ല ചൂടുള്ളതാകയാൽ ഈ വർഷം ഉപയോഗിക്കുന്ന പ്ലേറ്റുകൾ ജൽസ സാലാന ഓഫീസർ എന്നെ കാണിക്കുകയുണ്ടായി. പ്രത്യേക കടലാസുകൾ കൊണ്ട് നിർമ്മിച്ചവയാണവ. അതുകൊണ്ട് ഭക്ഷണം നല്കുന്നവർ ശ്രദ്ധിക്കുക നേർത്തതാണെങ്കിൽ രണ്ടെണ്ണം ചേർത്ത് ഉപയോഗിക്കുക. ജൽസ സാലാനയിലെ ഭക്ഷണം നല്കുന്ന വകുപ്പിനും ഇതുസംബന്ധമായ നിർദേശം നല്കേണ്ടതാണ്.

അതുപോലെ ട്രാൻസ്പോർട്ട് സംവിധാനവും വളരെ പ്രധാനപ്പെട്ട വകുപ്പാണ്. ഇപ്രാവശ്യം പാർക്കിംഗ് വളരെ അകലെയായതിനാൽ ജനങ്ങൾ കൃത്യസമയത്ത് ജൽസയ്ക്ക് എത്തിച്ചേരുന്നതിന് ശട്ടിൽ ബസുകൾക്കുള്ള ഏർപ്പാട് ചെയ്തിരിക്കുകയാണ്. ജൽസ സാലാനയുടെ സംഘാടകർ ഇതിനെയും സജീവമാക്കേണ്ടതാണ്. അതുപോലെ കാറുള്ള അതിഥികൾ ശ്രദ്ധിക്കേണ്ടത് അവരുടെ കാർ പാർക്കിംഗ് വളരെ ദൂരെയാകാൻ സാധ്യതയുള്ളതിനാൽ യാത്ര തുടങ്ങുമ്പോൾ സമയനിഷ്ഠ പാലിക്കുക. അതുപോലെ മറ്റു വകുപ്പുകളിലെ എല്ലാവരും തങ്ങളുടെ ജോലി ചെയ്യേണ്ട രീതിയും പ്രവർത്തകരുടെ ശിക്ഷണവും നടത്തേണ്ടത് അതിഥികൾക്ക് കൂടുതലായി സുഖസൗകര്യങ്ങൾ ലഭിക്കണമെന്ന ചിന്തയോടെയായിരിക്കണം.

ഖിദ്മത്തെ ഖൽക് സെക്യൂരിറ്റി പ്രവർത്തകരും മുൻപത്തെക്കാൾ ഉപരി ശ്രദ്ധിച്ചു പ്രവർത്തിക്കേണ്ടതാണ്. ഇന്നത്തെ ലോകത്തിന്റെ അവസ്ഥ പരിഗണിച്ച് അതിഥികളെ ആദരിച്ചും അവരുടെ വികാരങ്ങളെ മാനിച്ചും കൊണ്ടായിരിക്കണം പ്രവർത്തിക്കേണ്ടത്. കാർഡ് ചെക്ക് ചെയ്യുമ്പോഴും സ്കാനിംഗ് ചെയ്യുമ്പോഴും ജൽസയുടെ ആദ്യാവസാനം പൂർണ്ണമായി ജാഗരൂകരായിക്കേണ്ടതാണ്. ഒരോ പ്രാവശ്യവും ആൾ പുറത്തു പോകുമ്പോൾ കാർഡ് പരിശോധിച്ചതിനു ശേഷമേ തിരിച്ച് അകത്തേക്ക് കടത്തി വിടാവൂ. പക്ഷേ, അവരോട് മാത്രമാണ് ഈ രീതിയിൽ പെരുമാറുന്നതെന്ന തോന്നൽ അവർക്ക് ഉണ്ടാകാതിരിക്കാനും മറ്റു വല്ല രീതിയിൽ മോശമായി പെരുമാറാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഏതായിരുന്നാലും, ജൽസ സാലാനയുടേത് ഒരു താത്കാലിക ഏർപ്പാടാണ്. അതുകൊണ്ട് ആ സംവിധാനത്തിൽ കുറ്റവും കുറവും ഇല്ലാതിരിക്കില്ല എന്ന് എനിക്ക് നന്നായി അറിയാം. ഒരു സ്ഥിരം സംവിധാനത്തിൽ തന്നെ പല അപാകതകളും ഉണ്ടാകാറുണ്ട്. എന്നാൽ, നമുക്ക് എത്രമാത്രം നമ്മുടെ കഴിവും പ്രാപ്തിയും സൗകര്യങ്ങളും ഉപയോഗിച്ച് അതിഥികൾക്ക് സൗകര്യം ഏർപ്പാടാക്കാൻ സാധിക്കുമോ അതു ചെയ്യേണ്ടതാണ്.

ജൽസ സാലാനയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും വാഗ്ദത്ത മസീഹി(അ)ന്റെ അതിഥിയാണ്. അതുകൊണ്ട് തന്നെ ഓരോ അതിഥിയെയും പ്രത്യേക അതിഥിയായി നാം കാണുകയും നല്ല രീതിയിൽ അദ്ദേഹത്തെ സത്ക്കരിക്കുകയും വേണം. ജൽസ സാലാനയുടെ സംവിധാനത്തിൻ കീഴിൽ മേൽനോട്ടം വഹിക്കുന്ന ഒരു വകുപ്പ് കൂടിയുണ്ട്. വിവിധ വകുപ്പുകളുടെ പോരായ്മകൾ നോട്ടു ചെയ്ത് തങ്ങളുടെ ഓഫീസർ മുഖാന്തരം ജൽസ സാലാനയുടെ സംവിധാനത്തെ അറിയിക്കുകയാണ് അവരുടെ ഡ്യൂട്ടി. ഓരോ വകുപ്പ് മേധാവിയും തങ്ങളുടെ വകുപ്പിന്റെ കുറവുകളെ പരിശോധിക്കാൻ ചിലരെ ചുമതലപ്പെടുത്തേണ്ടതാണ്. അവർ പിന്നീട് വൈകുന്നേരം വകുപ്പിന്റെ കുറവുകളെ വിലയിരുത്തി വകുപ്പ് മേധാവിയെ അറിയിക്കേണ്ടതാണ്. ഇത് ജൽസ വേളയിലും വരും വർഷങ്ങളിലും അഭിവൃദ്ധിണ്ടാകാൻ സഹായകമാകും. മേൽനോട്ടം വഹിക്കുന്ന കാര്യത്തിലേക്ക് ശ്രദ്ധ തിരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ പറഞ്ഞു: ലങ്കറിന്റെ അധികാരി അതിഥികളുടെ ആവശ്യങ്ങളെക്കുറിച്ച് പരിശോധിച്ചു കൊണ്ടിരിക്കേണ്ടതാണ്. എന്നാൽ അയാൾ ഒറ്റയ്ക്കായതിനാൽ ചിലപ്പോൾ ശ്രദ്ധ വിട്ടു പോകും. ചില കാര്യങ്ങൾ ശ്രദ്ധയിൽ പെടാതെ വിട്ടു പോകാറുണ്ട്. അതുകൊണ്ട് മറ്റേ ആൾ ഓർമപ്പെടുത്തേണ്ടതുണ്ട്. (മൽഫൂസാത്ത് വാള്യം 7. പേ.220) എവിടെയൊക്കെയാണ് കുറവുള്ളതെന്ന് പരിശോധിക്കാൻ അധികാരി സ്വയം ഒരാളെ നിശ്ചയിക്കുക എന്നതാണ് ഓർമപ്പെടുത്താനുള്ള ഏറ്റവും നല്ലമാർഗം.

ധനികനെയും ദരിദ്രരെയും ഒരുപോലെ സത്ക്കരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെറിയ ചെറിയ കാര്യങ്ങളെക്കുറിച്ചു പോലും നമുക്ക് നിർദേശം നല്കിയിരിക്കുന്നു. വളരെ സൂക്ഷ്മമായ നിലയിൽ അതിഥിസത്ക്കാരത്തിന്റെ രീതിയെക്കുറിച്ച് ബോധ്യപ്പെടുത്തി. ഒരു സന്ദർഭത്തിൽ പറഞ്ഞു: ''പരിചയമില്ലാത്ത പുതിയ ആളുകൾ'' അതായത് പൂർണ്ണ പരിചയം ഇല്ലാത്ത അതിഥികൾ. ഇവിടെയും പുതിയ അതിഥികൾ മറ്റു രാജ്യങ്ങളിൽ നിന്നും വരാറുണ്ട്. പറയുന്നു: അവരുടെ ഓരോ ആവശ്യവും പരിഗണിക്കേണ്ട ചുമതല നമുക്കുണ്ട്. പറഞ്ഞു: ചിലപ്പോൾ ടോയിലറ്റ് എവിടെയാണെന്ന് അറിയാതാകുമ്പോൾ ചിലർ നന്നേ വിഷമിക്കും. അതുകൊണ്ട് അതിഥികളുടെ ആവശ്യങ്ങളെ ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്.

അവിടുന്ന് പറഞ്ഞു: ഇത്തരം ജോലികൾക്കായി നിശ്ചയിക്കപ്പെട്ടവർ ഒരു പരാതിക്കും അവസരം നല്കാതിരിക്കാൻ നോക്കേണ്ടത് നിർബന്ധമാണ്. എന്തെന്നാൽ, ജനങ്ങൾ ആത്മാർഥതയും കൂറും കാരണം സത്യം അന്വേഷിച്ചു കൊണ്ട് ആയിരക്കണക്കിന് മൈലുകൾ യാത്ര ചെയ്താണ് വരുന്നത്.(മൽഫൂസാത്ത് വാള്യം7. പേ.220)

അന്യരായ ആളുകളെ സംബന്ധിച്ചും അവിടുന്ന് പറഞ്ഞിട്ടുണ്ടെങ്കിലും സ്വന്തം ആളുകളെ പ്പറ്റിയും ജൽസ സാലാനയിലെ അതിഥിസത്കാരത്തെക്കുറിച്ച് അവിടുന്ന് വളരെയധികം നിർദേശംനല്കിയിട്ടുണ്ട്. മാത്രമല്ല, ഞാൻ പറഞ്ഞതു പോലെ ജൽസയിൽ പങ്കെടുക്കുന്ന അനഹ്മദികളായ അതിഥികളും മറ്റു മാധ്യമപ്രവർത്തകരും പൊതുവായ മനോഭാവത്തെയാണ് നിരീക്ഷിക്കുന്നത് അതുകൊണ്ട് ഓരോ വകുപ്പിലെ പ്രവർത്തകരും സദ്സ്വഭാവത്തിന്റെ നിലവാരം ഉയർത്തേണ്ടതാണ്.

മറ്റൊരവസരത്തിൽ അവിടുന്ന് പറഞ്ഞു: ഒരു അതിഥി വന്ന് ചീത്ത പറഞ്ഞാലും അത് കാര്യമാക്കരുത് എന്നതാണ് എന്റെ തത്ത്വം. (മൽഫൂസാത്ത് വാള്യം 5. പേ.91)

അതുകൊണ്ട് അതിഥികളുടെ കാഠിന്യമേറിയ മനോഭാവവും നാം സഹിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ആതിഥ്യമര്യാദയെക്കുറിച്ച് ചരിത്രകാരൻ എഴുതുന്നു. അതിഥി സത്ക്കാരത്തിന്റെ കാര്യത്തിൽ വാഗ്ദത്ത മസീഹ്(അ) നബി(സ)തിരുമേനിയുടെ സജീവ മാതൃകയായിരുന്നു. അദ്ദേഹത്തിന്റെ സഹവാസത്തിൽ കഴിയാൻ സാധിച്ചിട്ടുള്ളവർക്കെല്ലാം അറിയാം ഒരു അതിഥിക്ക് (അദ്ദേഹം ജമാഅത്തിലുള്ള വ്യക്തിയോ അല്ലാത്ത വ്യക്തിയോ) വല്ല പ്രയാസവും നേരിട്ടാൽ വാഗ്ദത്ത മസീഹി(അ)ന് അതു സഹിക്കാൻ കഴിയുമായിരുന്നില്ല. ജമാഅത്തിലെ ആത്മാർഥരായ സുഹൃത്തുക്കളാണെങ്കിൽ അതിനേക്കാളധികം സ്നേഹാനുകമ്പയാണ് അദ്ദേഹത്തിന്റെ ആത്മാവിൽ അലയടിക്കാറ്(മൽഫൂസാത്ത് വാള്യം7 പേ101)

ആത്മാർഥരായ അഹ്മദികൾക്കുവേണ്ടി വളരെയധികം സ്നേഹാവേശമാണ് കാണിക്കുന്നത്. ആയതിനാൽ ഈ ആവേശവും അനുകമ്പയും നാം ജൽസക്ക് വരുന്നവരോട് കൂടുതലായി പ്രകടിപ്പിക്കേണ്ടതാണ്. അതിഥിയുടെ പ്രാധാന്യത്തെയും അദ്ദേഹത്തെ ബഹുമാനിക്കുന്നതിനെയും സംബന്ധിച്ച് നബി(സ)യുടെ നിർദേശം ഒരു രിവായത്തിൽ വന്നത് ഇപ്രകാരമാണ്. അവിടുന്ന് അരുളുന്നു: അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാൻ മൂന്നു കാര്യങ്ങൾ അനിവാര്യമാണ്. ഒന്ന്, നല്ല കാര്യങ്ങൾ സംസാരിക്കുക, അല്ലാത്ത പക്ഷം നിശ്ശബ്ദനായിരിക്കുക. രണ്ട്, തന്റെ അയക്കാരനെ ആദരിക്കുക. മൂന്ന്, തന്റെ അതിഥിയെ ആദരിക്കുക.(സഹീഹ് മുസ്‌ലിം കിതാബുൽ ഈമാൻ)

അതുകൊണ്ട് അതിഥിയെ ആദരിക്കുക എന്നത് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നതിന്റെ നിബന്ധനകളിൽപ്പെട്ടതാണ്. ഒരു വിശ്വാസിയുടെ ഉന്നത നിലവാരത്തിന് അനിവാര്യമായ മറ്റു നിബന്ധനകളുമുണ്ട്. ആതിഥ്യമര്യാദയും അതിൽപ്പെട്ടതാണെന്നു പറയാം.

ആതിഥ്യമര്യാദയെക്കുറിച്ച് ഒരു സംഗതി കൂടി പറയട്ടെ. നബി(സ) തിരുമേനി അതിഥികളുടെ സ്വഭാവസംസ്കരണവും ദീനീനിലവാരം മെച്ചപ്പെടുത്താനും ശ്രദ്ധിക്കാറുണ്ടായിരുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: വന്ന അതിഥികൾക്ക് ഭക്ഷണവും മറ്റും നല്കിയതിനു ശേഷം നബി(സ)തിരുമേനി അവരെ അവരുടെ ആഗ്രഹപ്രകാരം പള്ളിയിലേക്ക് ഉറങ്ങാൻ അയക്കുകയും സുബഹി നമസ്കാരത്തിന് എല്ലാവരെയും ഉണർത്തുകയും ചെയ്തു.(മുസ്നദ് അഹ്മദ് ബിനു ഹമ്പൽ വാള്യം5. പേ. 351, 352)

അതുകൊണ്ട് അതിഥികളുടെ ശ്രദ്ധ നമസ്കാരത്തിലേക്ക് തിരിക്കുന്നതിനും അവരെ സുബഹി നമസ്കാരത്തിനും തഹജ്ജുദിനും വേണ്ടി ഉണർത്താനുമാണ് ജൽസയിൽ തർബിയത്ത് വകുപ്പ് നിശ്ചയിച്ചിരിക്കുന്നത്. പക്ഷേ, അത് സ്നേഹത്തോടും മൃദുഭാവത്തോടും കൂടിയാകണം.

ഏതായാലും അതിഥികളുമായി ബന്ധപ്പെട്ട് ഞാൻ പറയാൻ ആഗ്രഹിക്കുന്ന ഏതാനും കാര്യങ്ങളാണിവ. അല്ലാഹു എല്ലാ പ്രവർത്തകർക്കും വാഗ്ദത്ത മസീഹി(അ)ന്റെ അതിഥികളെ ഏറ്റവും നല്ല രീതിയിൽ സേവിക്കാനുള്ള തൗഫീഖ് നല്കുമാറകട്ടെ ആമീൻ

നമസ്കാരത്തിനു ശേഷം ഞാൻ രണ്ട് ജനാസ ഗായിബ് നമസ്കരിക്കുന്നതാണ്. ആദ്യത്തേത് ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബി(റ)ന്റെ മകൻ സയ്യിദ് മുഹമ്മദ് അഹ്മദ് സാഹിബിന്റേത് ആണ്. ജൂലായി 13ന് 92 മത്തെ വയസ്സിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ മൂത്ത മകനായിരുന്നു അദ്ദേഹം. ആ നിലയിൽ ഹദ്റത്ത് അമ്മാജാൻ ഉമ്മുൽ മുഅ്മിനീൻ അദ്ദേഹത്തിന്റെ പിതൃസഹോദരിയായിരുന്നു. അദ്ദേഹത്തിന്റെ വിവാഹം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബി(റ)ന്റെ ഇളയ മകളുമായാണ് നടന്നത്. ആ നിലയിൽ അദ്ദേഹം മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഇളയ ജാമാതാവുമായിരുന്നു. ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ് രണ്ടു വിവാഹം കഴിച്ചിരുന്നു. ആദ്യം വിവാഹം ചെയ്തത് 1906ൽ ഹദ്റത്ത് ശൗക്കത്ത് സുൽത്താന സാഹിബയെയാണ്. അതിൽ സന്താനങ്ങളുണ്ടായിരുന്നില്ല. രണ്ടാം വിവാഹം 1917ൽ സദർ അഞ്ചുമൻ അഹ്മദിയ്യായുടെ മുഹാസിബ് ആയിരുന്ന മിർസ മുഹമ്മദ് ശഫീഅ് സാഹിബ് ദഹ്‌ലവിയുടെ മകൾ അമത്തുൽ ലത്തീഫ് ബീഗം സാഹിബയുമായിട്ടാണ് നടന്നത്. അതിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന് 7 പെൺകുട്ടികളും 3 ആൺകുട്ടികളുമുണ്ടായി. മീർ മുഹമ്മദ് അഹ്മദ് സാഹിബ് ഖാദിയാനിൽ 1939 ലാണ് മെട്രിക്കുലേഷൻ പരീക്ഷ പാസ്സായത്. പിന്നീട് ലാഹോർ ഗവൺമെന്റ് കോളേജിൽ നിന്ന് ബി എസ് സി പരീക്ഷ എഴുതുകയുണ്ടായി. ശേഷം 1943ൽ റോയൽ ഇൻഡ്യൻ എയർഫോഴ്സിൽ ഫ്ളയിറ്റ് കേഡറ്റ് ആയി ചേർന്നു. അദ്ദേഹത്തിന്റെ പത്നി അമത്തുൽ ലത്തീഫ് സാഹിബ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ മകളാണ്. അവർക്ക് മൂന്ന് ആൺമക്കളും ഒരു മകളുമുണ്ട്. ഒരു മകനായ ഹാശിം അക്ബർ സാഹിബ് ഇവിടെ ഹാർട്ട്ലെ പോൾ സദർ ജമാഅത്തും കൂടിയാണ് ആണ്. ഒരു മകൾ ഡോക്ടർ ആയിശ അമേരിക്കയിലാണ്. രണ്ടാം ലോക മഹായുദ്ധ ക്കാലത്തെ അവസ്ഥയെക്കുറിച്ച് അദ്ദേഹം സ്വയം എഴുതിയിട്ടുണ്ടായിരുന്നു. 1943ൽ ഫ്ളയിറ്റ് കേഡറ്റ് ആയി ചേർന്നു. 1943 രണ്ടാം ലോകമഹായുദ്ധക്കാലത്ത് ബ്രിട്ടണു വേണ്ടി ഫൈറ്റർ പൈലറ്റായി യുദ്ധത്തിൽ പങ്കെടുത്തു. യുദ്ധസമയത്ത് 1945ൽ ബർമാ ഫ്രെൻഡിൽ തന്റെ വിമാനത്തെ ഒരിക്കൽ കേടുപാടുകളോടെ ലാന്റ് ചെയ്യിക്കേണ്ടി വന്നിട്ടുണ്ട്. വിമാനം തകർന്നെങ്കിലും അദ്ദേഹം അദ്ഭുതകരമായി രക്ഷപ്പെടുകയായിരുന്നു. പിന്നിട് 1947ൽ സിവിൽ ആവിയേഷൻ വകുപ്പിൽ സ്ഥലം മാറ്റം ലഭിച്ചു. ഇൻഡ്യൻ നാഷണൽ എയർബേസിൽ ഫ്ളയിംഗ് ഡ്യൂട്ടി നിർവഹിച്ചു പോന്നു. 1947ൽ അന്നത്തെ അവസ്ഥകൾ വളരെ മോശമായിരുന്നു. ഹദ്റത്ത് മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ് വഫാത്തായതും 1947ൽ ആയിരുന്നു. എന്നാൽ അന്നത്തെ സാഹചര്യം കാരണം അദ്ദേഹത്തിന് ജനാസയിൽ പങ്കെടുക്കാൻ സാധിച്ചില്ല. രണ്ടു ദിവസം കഴിഞ്ഞാണ് ഖാദിയാനിലെത്തിയത്.

ഇദ്ദേഹവുമായി ബന്ധപ്പെട്ട ചരിത്രപരമായ സംഭവങ്ങളുമുണ്ട്. അദ്ദേഹം എയർഫോഴ്സിലായിരിക്കുമ്പോൾ ഇന്ത്യാ വിഭജനക്കാലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ നിർദേശപ്രകാരം ജമാഅത്ത് രണ്ടു വിമാനങ്ങൾ വാങ്ങിയിരുന്നു. പൈലറ്റിന്റെ ആവശ്യമുണ്ടായിരുന്നു. ഒരിക്കൽ രാത്രി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് ഉടനെ വരാൻ വേണ്ടി സന്ദേശമയച്ചു. അപ്പോൾ തന്നെ ഖാദിയാനിലേക്ക് പുറപ്പെട്ടു. അവിടെ ചെന്നപ്പോൾ വിമാനത്തിന്റെ ഇൻചാർജ് അന്നത്തെ ഖുദ്ദാമുൽ അഹ്മദിയ്യാ സദർ ആയിരുന്ന ഹദ്റത്ത് സാഹിബ് സാദാ മിർസാ നാസിർ അഹ്മദ് സാഹിബ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ആയിരിക്കുമെന്നും അദ്ദേഹത്തിനു കീഴിലാണു പ്രവർത്തിക്കേണ്ടതെന്നും തീരുമാനമായി. ഏതായിരുന്നാലും ഒരുപാട് സുപ്രധാന സാധനങ്ങൾ അദ്ദേഹം പാകിസ്താനിൽ എത്തിച്ചു കൊണ്ടിരുന്നു.

രസകരമായ ഒരു സംഭവം അദ്ദേഹം എഴുതിയിട്ടുണ്ട്. ചരിത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്ന സംഭവമാണത്. അത് ഇതാണ്: ഒരിക്കൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഖസ്റെ ഖിലാഫത്തിന്റെ ഓഫീസിൽ എന്നെ വിളിപ്പിച്ചു. എന്നിട്ട് പറഞ്ഞു: ഇന്ന് ഞാൻ നിങ്ങൾക്ക് എന്റെ ഏറ്റവും വിലപ്പെട്ട സാധനം തരികയാണ്. അത് നിങ്ങൾ ലാഹോറിൽ കൊണ്ടു പോയി ശേഖ് ബശീർ അഹ്മദ് സാഹിബിനെ ഏൽപിക്കണം. ഈ സാധനം സൂക്ഷിക്കേണ്ടതിനെയും ശ്രദ്ധിക്കേണ്ടതിനെയും സംബന്ധിച്ച് ശേഖ് സാഹിബിനോട് ഞാൻ പറഞ്ഞ വാക്കുകളിൽ തന്നെ പറയണം. അദ്ദേഹം കൈപ്പറ്റിയതിന്റെ രസീതും വാങ്ങി തിരിച്ചു വന്ന് എനിക്ക് തരണം. മീർ സാഹിബ് പറയുന്നു: അന്ന് അത്ര പക്വത എനിക്കില്ലായിരുന്നു. ഹുസൂർ കൊണ്ടു പോകാൻ എനിക്ക് ജമാഅത്തിന്റെ വല്ല ഖജനാവോ മുത്തിന്റെയും പവിഴത്തിന്റെയും വല്ല പെട്ടിയോ എനിക്ക് തരുമെന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) താൻ ഇരുന്നിടത്തു നിന്ന് എഴുന്നേറ്റ് നിറം മങ്ങിയ ചെറിയ ഒരു ട്രിയോൾ ബാഗ് എനിക്ക് കൊണ്ടു വന്ന് തന്നു. ക്യാൻവാസിന്റെ ബാഗ് ആയിരുന്നു അത്. അതിന്റെ സിപ്പ് പൊട്ടിയിരുന്നു. അതിൽ നിറയെ കടലാസായിരുന്നു. ആ ബാഗ് എന്റെ മുന്നിൽ വെച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: ഞാനെഴുതിയ വിശുദ്ധ ഖുർആന്റെ വ്യാഖ്യാനത്തിലെ ചിലത് അച്ചടിച്ചു വന്നു. എഴുതിയ ചിലത് ഇതുവരെ അച്ചടിച്ചിട്ടില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി പറയുന്നു: തഫ്സീറിന്റെ ഒരുപാട് ഭാഗം ഇനിയും എഴുതാനുണ്ട്. ഈ തഫ്സീർ പൂർത്തിയാക്കുക എന്നത് എന്റെ ജീവിതത്തിലെ വലിയ ലക്ഷ്യമാണ്. അതുകൊണ്ട് തന്നെ രാത്രിയോ പകലോ നടക്കുകയോ മറ്റെന്തെങ്കിലും ജോലി ചെയ്യുകയോ ആണെങ്കിലും വിശുദ്ധ ഖുർആനിലെ ഏതെങ്കിലും ആയത്തിനെക്കുറിച്ച് എന്റെ മനസ്സിൽ പുതിയ വല്ല ആശയവും വന്നാൽ ആവശ്യാനുസരണം ഉപയോഗപ്പെടുത്താൻ അതു ഞാൻ ഒരു കടലാസിലെഴുതി ബാഗിൽ സൂക്ഷിക്കും. ഈ എഴുതിയ കാര്യങ്ങൾക്കൊന്നും ഒരു ക്രമം ഉണ്ടായിക്കൊള്ളണമെന്നില്ല. പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം ഇതു വളരെ വലിയ മുതൽക്കൂട്ടാണ്.

മീർ സാഹിബ് പറയുന്നു: ഞാൻ ഹുസൂറിൽ നിന്ന് ബാഗ് വാങ്ങി വിമാനത്തിൽ സൂക്ഷിച്ചു വെച്ച് ലാഹോറിലെത്തിച്ചു. അവിടെ എയർപോർട്ടിൽ നിന്ന് ശൈഖ് ബശീർ അഹ്മദ് സാഹിബി

നെ ഫോൺ ചെയ്തു വിളിച്ചു വരുത്തി അദ്ദേഹത്തെ അത് ഏല്പിച്ചു രശീതും വാങ്ങി.

ഒരു നീണ്ട സംഭവമാണിത്. ചരിത്രപ്രാധാന്യമുണ്ട് അതിന്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ വിലപിടിപ്പുള്ള നോട്ട്സുകൾ അദ്ദേഹം കൊണ്ടു വന്നു. ഇതുസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പ്രത്യേകം ഊന്നൽ നല്കിയിരുന്നു. ഏതായാലും 1950ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അദ്ദേഹത്തെ എയർ ഫോഴ്സിലേക്കു തന്നെ തിരിച്ചു ചെല്ലാൻ അനുവദിച്ചു. 1965 വരെ അദ്ദേഹം അതിൽ ജോലി ചെയ്തു. വിങ്ങ് കമാൻഡർ പദവി വരെ എത്തി. ആയിടെ അദ്ദേഹം വലിയ കോഴ്സുകളും ചെയ്തു. ഇംഗ്ലണ്ടിലും കോഴ്സു ചെയ്തു. 1960 മുതൽ 63 വരെ ക്വയിട്ടയിൽ ആർമി കമാന്റ് ആൻഡ് സ്റ്റാഫ് കോളേജിൽ ഇൻസ്ട്രക്ടറായി പ്രവർത്തിച്ചു. വാർ പ്ലാനിംഗിന്റെ ഇൻചാർജ് ആയും പ്രവർത്തിച്ചിട്ടുണ്ട്. 1953ൽ വാനപരിശീലനത്തിനായി ഇവിടെ വന്നപ്പോൾ ചൗധരി സഹൂർ ബാജ്‌വ സാഹിബാണ് ഇവിടെ മിഷണറിയായി ഉണ്ടായിരുന്നത്. പറയുന്നു: പരിശീലനം പൂർത്തിയാക്കിയതിനു ശേഷം കുറച്ചു ദിവസം ബാക്കിയുണ്ടായിരുന്നതിനാൽ ഇവിടെ മിഷൻ ഹൗസിൽ ബാജ്‌വ സാഹിബിന്റെ കൂടെയാണ് ഞാൻ താമസിച്ചിരുന്നത്. അന്ന് ബാജ്‌വ സാഹിബ് മുഖേന എനിക്ക് കേണൽ ഡഗ്ലസ്സ് സാഹിബിനെ കാണാൻ അവസരം ലഭിച്ചു. ബാജ്‌വ സാഹിബ് എന്നെ അദ്ദേഹത്തിന് പരിചയപ്പെടുത്തി. അദ്ദേഹം പറയുന്നു: ഞാൻ അദ്ദേഹത്തോട് വാഗ്ദത്ത മസീഹിന്റെ വധശ്രമ കേസിനെക്കുറിച്ചു ചോദിച്ചു. കേണൽ സാഹിബ് പറഞ്ഞു: ഞാൻ അന്ന് ഗുർദാസ്പൂരിലെ ഡപ്യൂട്ടി കമ്മീഷണറായിരുന്നു. ഈ കൊലക്കേസ്സ് എന്റെയടുക്കൽ വരുന്നതിന് ഏതാനും വർഷം മുൻപുള്ള ഒരു സംഭവത്തിൽ നിന്ന് തുടങ്ങാം. ഞാൻ അന്ന് ബട്ടാലയുടെ അസിസ്റ്റന്റ് കമ്മീഷണറായിരുന്നു. ഒരിക്കൽ ഞാൻ അമൃത്സറിൽ നിന്ന് ബട്ടാലയിലേക്കുള്ള തീവണ്ടിയിൽ തിരിച്ചു വരികയായിരുന്നു.

കേണൽ ഡഗ്ല്സ്സ് അദ്ദേഹത്തോട് പറഞ്ഞു (ഇതും ഒരു ചരിത്രസംഭവമാണ്): അവസാന ബോഗിയുടെ ഫസ്റ്റ് ക്ലാസ്സിലായിരുന്നു ഞാൻ യാത്ര ചെയ്തിരുന്നത്. അമൃത്സറിൽ നിന്ന് പുറപ്പെടുന്നതിനു മുൻപ് ഗുരുദാസ്പൂരിലെ അസിസ്റ്റന്റ് കമ്മീഷണർ ഒരു പ്രധാനകാര്യം അറിയിക്കാനുണ്ടെന്നും ബട്ടാല സ്റ്റേഷനിൽ കാണാമെന്നും സന്ദേശമയച്ചു. തീവണ്ടി ബട്ടാലയെത്തിയപ്പോൾ അസിസ്റ്റന്റ് കമ്മീഷണറെ അവിടെങ്ങും കണ്ടില്ല. അദ്ദേഹം തീവണ്ടിയുടെ മറ്റേ അറ്റത്തെ ബോഗിയിൽ എന്നെ തിരയുന്നുണ്ടാകുമെന്നു കരുതി ഞാൻ ഉടനെ തീവണ്ടിയിൽ നിന്നിറങ്ങി പ്ലാറ്റ്ഫോമിന്റെ അഴിവേലിയിലൂടെ ധൃതിയിൽ തീവണ്ടിയുടെ മറ്റേ ഭാഗത്തേക്ക് നടന്നു. പ്ലാറ്റ്ഫോമിന്റെ പകുതിയിലധികം ഭാഗം നടന്നു കഴിഞ്ഞപ്പോൾ ഞാൻ കാണുന്നത് ഒരാൾ നടന്നു വരുന്നതാണ്. അദ്ദേഹത്തിന്റെ ദൃഷ്ടികൾ താഴോട്ടായിരുന്നു. മുഖം പ്രഭാപൂരിതം. അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്ന ആകർഷണത്വം എന്റെ മനസ്സിനെയും ബുദ്ധിയെയും ഇളക്കിമറിച്ചു. കേണൽ സാഹിബ് പറയുന്നു: അദ്ദേഹത്തിന് ഈ ലോകവുമായി യാതൊരു ബന്ധവുമില്ലാത്തതായി തോന്നി. അദ്ദേഹം മെല്ലെ മെല്ലെയാണ് നടന്നു വന്നത്. ഇത്ര തേജോമയമായ മുഖത്തു നിന്ന് കണ്ണെടുക്കാൻ എനിക്ക് സാധിച്ചില്ല. അങ്ങനെ ഞാൻ അദ്ദേഹത്തിന്റെ മുഖത്തേക്ക് ഇമവെട്ടാതെ നോക്കി നിന്നു. അദ്ദേഹം എന്റെ മുൻപിലൂടെ കടന്നു പോയപ്പോൾ പോലും ഞാൻ അദ്ദേഹത്തെ നോക്കിക്കൊണ്ട് തന്നെ തിരിഞ്ഞു. അവസാനം ഞാൻ തല പിന്നോട്ട് തിരിഞ്ഞു നടന്നു.

ഹദ്റത്ത് മസീഹ് മൗഊദും അദ്ദേഹവും എതിർദിശയിലേക്കാണ് പോയിക്കോണ്ടിരുന്നത്. ഹദ്റത്ത് മസീഹ് മൗഊദിനെ കാണാൻ വേണ്ടി തന്റെ മുഖം അദ്ദേഹം മസീഹ് മൗഊദിന്റെ ഭാഗത്തേക്ക് തിരിക്കുകയും നടത്തം എതിർദിശയിലേക്കും നോട്ടം മസീഹ് മൗഊദിലേക്കും ആക്കിക്കൊണ്ടേ പോവുകയായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഇന്ത്യക്കാരനായ അസി.സ്റ്റേഷൻ മാസ്റ്റർ കൊടിയുമായി വന്നു. പക്ഷേ, അദ്ദേഹം എന്നെ കണ്ടില്ല. മുഖം പിന്നോട്ട് തിരിച്ചു നടന്ന ഞാനും അയാളും കൂട്ടിമുട്ടി. തെറ്റ് എന്റേതായിരുന്നെങ്കിലും വീണത് അയാളായിരുന്നു. എന്നാൽ ഭരണം ഇഗ്ലീഷുകാരുടെത് ആയിരുന്നതിനാൽ അയാൾ എന്നോട് മാപ്പ് ചോദിക്കാൻ തുടങ്ങി. ഞാൻ പറഞ്ഞു: നിങ്ങളുടെ ഭാഗത്ത് തെറ്റൊന്നുമില്ല. തെറ്റ് എന്റെ ഭാഗത്തായിരുന്നു. ഏതായാലും ഞാൻ അയാളോട് ചോദിച്ചു: ഈ പോകുന്ന വ്യക്തി ആരാണ്? സ്റ്റേഷൻ മാസ്റ്റർ പറഞ്ഞു: താങ്കൾക്കറിയില്ലേ? ഇദ്ദേഹം ഖാദിയാനിലെ മീർസാ സാഹിബാണ്. അദ്ദേഹം പറയുന്നു: ഞാൻ മാനസികമായി വിധേയനായിത്തീർന്നിരുന്നു. ഇത്രയും തേജോമയമായ മുഖം ഞനെന്റെ ജീവിതത്തിൽ ഒരിക്കലും കണ്ടിട്ടില്ല. ആ സ്വാധീനം ഒരു നീണ്ട കാലം വരെ തങ്ങിനിന്നു. പിന്നീട് സാവധാനം ഞാൻ മറന്നു.

പറയുന്നു: പിന്നീട് ജഡ്ജിയായി നിയമിക്കപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദിന്റെ ഫയൽ വന്നപ്പോൾ അതു പൂർണ്ണമായിരുന്നു. ശരിയായ രീതിയിലാണ് കേസ് ചെയ്തിരിക്കുന്നത്. അതിൽ യാതൊരു ന്യൂനതയും ഉണ്ടായിരുന്നില്ല. കുറ്റാരോപിതന് എന്തായാലും ശിക്ഷ കൊടുക്കേണ്ടി വരും. എന്നാൽ അദ്ദേഹം പറയുന്നു: എന്നാൽ കുറ്റാരോപിതൻ ഖാദിയാനിലെ മിർസാ ഗുലാം അഹ്‌മദ് ആണെന്ന് ഞാൻ വായിച്ചപ്പോൾ ഞാൻ ഞെട്ടിപ്പോയി. വർഷങ്ങൾക്കു മുൻപുള്ള ആ സംഗതി എനിക്ക് ഓർമ വന്നു. ഏതാനും വർഷങ്ങൾക്കു മുൻപ് ഞാൻ ബട്ടാല സ്റ്റേ ഷനിൽ കണ്ട ആ തേജോമയ മുഖത്തിന് ഇത്തരത്തിലൊരു പ്രവൃത്തി ചെയ്യാൻ സാധിക്കുമെന്ന് വിശ്വസിക്കാൻ എന്റെ മനസ്സ് തയ്യാറായിരുന്നില്ല. അങ്ങനെ ചിന്തിക്കാനും എനിക്കു സാധിക്കുമായിരുന്നില്ല. ഞാൻ വളരെ വിഷമത്തിലായി. ആ പരിഭ്രാന്തി എന്നെ വിടാതെ പിന്തുടർന്നു. ആ ഫയലിൽ നിന്ന് വല്ല തെറ്റും കണ്ടെത്താൻ ഞാൻ പലവട്ടം ശ്രമിച്ചു. പക്ഷേ, വിജയിക്കാനായില്ല. ആ വിഷമസന്ധിയിൽ ഈ കേസിനെക്കുറിച്ചന്വേഷിക്കാൻ ഞാൻ ഇംഗ്ലീഷുകാരനായ ഡി.എസ്.പിയെ ഓഫീസിൽ വിളിപ്പിച്ചു. കൊല്ലാനായി തന്നെ അയച്ചത് ഹദ്റത്ത് മസീഹ് മൗഊദാണെന്ന് അദ്ദേഹത്തിനു മേൽ ആരോപണം ഉന്നയിക്കുന്ന അബ്ദുൽ ഹമീദ് പോലീസ് കസ്റ്റഡിയിലാണോ അതോ ചർച്ചിന്റെ അടുക്കലാണോ എന്ന് ഡി.എസ്.പിയോട് ചോദിച്ചു. ഈ ചോദ്യത്തിൽ ഇംഗ്ലീഷുകാരനായ ഡി.എസ്.പി. ഞെട്ടി. കാരണം, അബ്ദുൽ ഹമീദിനെ കസ്റ്റഡിയിൽ വെയ്ക്കാതെ ചർച്ചിനെ ഏൽപിച്ചു കൊണ്ട് പോലീസ് വലിയ തെറ്റു ചെയ്തിരിക്കുന്നുവെന്ന് ബോധ്യമായി. അദ്ദേഹം അപ്പോൾ തന്നെ ഇപ്പോൾ വരാമെന്നു പറഞ്ഞു പോയി. കുറച്ചു കഴിഞ്ഞ് ആ ഇംഗ്ലീഷ്കാരൻ ഡി.എസ്.പി തിരിച്ചു വന്നു കൊണ്ട് പറഞ്ഞു: ഞങ്ങൾ അബ്ദുൽ ഹമീദിനെ ചർച്ചിനെ ഏൽപിച്ചത് തെറ്റായിപ്പോയി. ഇപ്പോൾ ഞങ്ങൾ അയാളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. ഈ കേസ് വ്യാജമാണെന്ന് അയാൾ സമ്മതിച്ചിട്ടുമുണ്ട്. ചർച്ചിൽ നിന്ന് പണം കിട്ടുമെന്ന ദുരാഗ്രഹം കൊണ്ടാണ് ഈ കഥ കെട്ടിച്ചമച്ചത്. അങ്ങനെ കേസ് നടന്നു. എല്ലാ സാക്ഷി മൊഴികളും കേട്ടതിനു ശേഷം ഞാൻ മിർസാ സാഹിബിനെ നിരുപാധികം വിട്ടയച്ചു. വിധി കേൾപ്പിച്ചതിനു ശേഷം മിർസാ സാഹിബ് ആഗ്രഹിക്കുകയാണെങ്കിൽ പരാതിക്കാർക്കെതിരെ നഷ്ടപരിഹാരത്തിനു കേസ് കൊടുക്കാമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: നമ്മുടെ കേസ് അല്ലാഹുവിന്റെ പക്കലാണ്. എനിക്കൊരു നഷ്ടപരിഹാരവും വേണ്ട.(അവലംബം: അൽഫസൽ 2010 ആഗസ്റ്റ് 26 പേ.3)

ഈ രണ്ടു ചരിത്രസംഭവങ്ങളും ഇദ്ദേഹത്തിന്റേത് ആണ്. വിഭജനസമയത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)ന്റെ സാധനങ്ങൾ കൊണ്ടു വന്നതാണ് ഒന്ന്. ബാക്കി സംഭവം കേട്ടിട്ടുള്ളതാണല്ലോ. എന്നാൽ അതിലെ ആദ്യത്തെ സംഭവം കേൾക്കുകയും വായിക്കുകയും ചെയ്തിട്ടുള്ളവർ കുറവായിരിക്കും.

ഞാൻ പറഞ്ഞതു പോലെ മീർ മുഹമ്മദ് ഇസ്‌മാഈൽ സാഹിബി(റ)ന്റെ മൂത്തമകനായിരുന്നു ഇദ്ദേഹം. അതിന്റെ അടിസ്ഥാനത്തിൽ സഹാബിമാരുടെ മൂത്ത മകൻ എന്ന നിലയിൽ ഖിലാഫത്ത് തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെ മെമ്പറായിക്കൊണ്ട് മൂന്നാം ഖിലാഫത്തിലും നാലാം ഖിലാഫത്തിലും അഞ്ചാം ഖിലാഫത്തിലും ഖിലാഫത്ത് തെരഞ്ഞെടുപ്പ് കമ്മിറ്റിയിൽ പങ്കെടുത്തു. അദ്ദേഹം പറഞ്ഞു: തെരഞ്ഞെടുപ്പ് സമയത്തെ വൈകാരികാനുഭവത്തിന്റെ വെളിച്ചത്തിൽ ഖിലാഫത്ത് അല്ലാഹുവിൽ നിന്ന് ലഭിക്കുന്നതാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്തെന്നാൽ, ചിലപ്പോൾ മനുഷ്യൻ മറ്റെന്തെങ്കിലും ചിന്തിച്ചു കൊണ്ടിരിക്കുമ്പോൾ അല്ലാഹു ആരെയാണോ ഖലീഫയാക്കാൻ ഉദ്ദേശിക്കുന്നത് അദ്ദേഹത്തിനു വേണ്ടി അവൻ ഹൃദയത്തിൽ പ്രേരണയിടുന്നു. അദ്ദേഹം വളരെ പരിശുദ്ധമായ ജീവിതം നയിക്കുകയും പ്രാർഥനാനിരതനായ വ്യക്തിയുമായിരുന്നു. എന്നല്ല, നിശ്ശബ്ദനായ പ്രാർഥിക്കുന്ന വ്യക്തിയായിരുന്നു. നബി(സ) തിരുമേനിയോടുള്ള സ്നേഹാനുരാഗത്തെക്കുറിച്ച് മകൾ എഴുതുന്നു: അല്ലാഹുവിനോടും റസൂൽ(സ)നോടും അഗാധമായ സ്നേഹമായിരുന്നു അദ്ദേഹത്തിന്. അനുദിനം ദൈവികമഹത്ത്വം അനുഭവിക്കാൻ ശ്രമിക്കണമെന്ന് എപ്പോഴും എന്നോട് പറയാറുണ്ടായിരുന്നു. ആചാരപരമായ ഇബാദത്തു കൊണ്ട് ഒരു പ്രയോജനവുമില്ല. അവർ വീണ്ടും എഴുതുന്നു: നബി(സ) തിരുമേനിയുടെ പരിശുദ്ധ ജീവിതം വായിക്കുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ നിന്ന് അശ്രുകണങ്ങൾ പൊഴിയാറുണ്ടായിരുന്നു. വളരെ സ്നേഹവികാരങ്ങളോടെയാണ് അദ്ദേഹം നബി(സ) തിരുമേനിയുടെ ജീവിതത്തിലെ വിവിധ വശങ്ങളെ വിവരിക്കാറ്. പറയുന്നു: ഭൗതികമായ ജോലികളിലാണെങ്കിൽ നീന്താനോ നടക്കാനോ പോവുകയാണെങ്കിൽ അദ്ദേഹം സദാ ദൈവസ്മരണയിലായിരിക്കും. ഒരു പിതാവെന്ന നിലയിൽ സ്നേഹാനുകമ്പയുള്ള പിതാവായിരുന്നു അദ്ദേഹം. എല്ലാ മക്കളെയും ശ്രദ്ധിച്ചിരുന്നു. അവരെ ഉപദേശിക്കാറുണ്ടായിരുന്നു.

ഖിലാഫത്തിനോട് ദൃഢതരമായ ബന്ധമായിരുന്നു അദ്ദേഹത്തിന്. ഖലീഫയായതിനു ശേഷം എന്നോടും പ്രത്യേക ബന്ധം സ്ഥാപിക്കുകയും അത് വർദ്ധിപ്പിക്കുകയും കൂറും ആത്മാർഥതയും പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്ത് നല്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ മക്കൾക്ക് ഇദ്ദേഹത്തിന്റെ നന്മകളിൽ നിലനില്ക്കാൻ സാധിക്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ, ചൗധരി മുഹമ്മദ് സി

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജർമൻ പര്യടനം ഏപ്രിൽ 2017

**യുവമുറബ്ബിമാരോട് എനിക്ക് പ്രത്യേകം പറയാനുള്ളത് നിങ്ങൾ ഭയന്ന് പോകരുത്. എല്ലാ പ്രശ്നങ്ങളും നിങ്ങൾ ഖുർആനികധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇസ്ലാമികധ്യാപനങ്ങളനുസരിച്ച് നേരിടേണ്ടതാണ്. കുഴപ്പം കാണുന്നിടത്ത് നിങ്ങളുടെ ലക്ഷ്യം കുഴപ്പം സൃഷ്ടിക്കുകയെന്നതായതു കൊണ്ട് നിങ്ങളുടെ ഈ കാര്യങ്ങൾക്ക് ഞങ്ങൾ മറുപടി പറയില്ല എന്ന് പറഞ്ഞേക്കുക.**

**ജമാഅത്തുകളോ ഉദ്യോഗസ്ഥരോ നിങ്ങൾക്ക് നേരേ വിരൽ ചൂണ്ടാനുള്ള അവസരം ഒരിക്കലും അവർക്ക് നൽകരുത്. ഞാൻ മുമ്പ് പറഞ്ഞത് വീണ്ടും വീണ്ടും വീണ്ടും പറയുകയാണ്.സ്വന്തത്തെ ആദ്യം നന്നാക്കുക. നിങ്ങളുടെ മേൽ വിരലുയർത്തുന്നവരെ പിടിക്കണമെങ്കിൽ സ്വന്തം മടിത്തട്ട് വൃത്തിയാക്കി വെക്കുക.**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)**

ഹുസൂർ തിരുമനസ്സ് നിർദേശം നല്കിക്കൊണ്ട് പറഞ്ഞു: ജുമുഅ നമസ്കരിക്കാൻ കഴിയാതെ തിരിച്ചു പോയ 3000 ആളുകളുടെ ജുമുഅ പാഴായി. അവരെല്ലാവരോടും നിങ്ങൾ വേണ്ട സൗകര്യം ഏർപ്പെടുത്താൻ സാധിക്കാത്തതിൽ ഖേദം അറിയിക്കേണ്ടതാണ്. നിങ്ങളുടെ ഭാഗത്തു നിന്ന് എല്ലാവർക്കും ഈ സന്ദേശം എത്തേണ്ടതാണ്. അതിനു ശേഷം 2 മണിക്ക് ഹുസൂർ തിരുമനസ്സ് ളുഹറും അസറും ജംഅ് ആയി നമസ്കരിച്ചു. നമസ്കാരം നിർവഹിച്ചതിനു ശേഷം ഹുസൂർ തിരുമനസ്സ് തന്റെ താമസസ്ഥലത്തേക്ക് തിരിച്ചു പോയി.

**പാകിസ്താനിൽ നിന്ന് വന്ന അതിഥികളുമായി ഹുസൂർ തിരുമനസ്സിന്റെ കൂടിക്കാഴ്ച**

ഇന്ന് പ്രോഗ്രാം അനുസരിച്ച് കഴിഞ്ഞ ഒരു വർഷത്തിടയിൽ പാകിസ്താനിൽ നിന്ന് ഇവിടെ എത്തിയവരുമായി ഹുസൂർ തിരുമനസ്സ് കൂടിക്കാഴ്ച നടത്താനുള്ള ഏർപ്പാടു ചെയ്തിരുന്നു. സ്ത്രീകളുടെയും പുരുഷന്മാരുടെയും വെവ്വേറെയായിട്ടാണ് കൂടിക്കാഴ്ച നടന്നത്. 700 പുരുഷന്മാർക്ക് മുലാഖാത്ത് ചെയ്യാനുള്ള ഏർപ്പാട് സ്പോർട്സ് ഹാളിലാണ് ഒരുക്കിയത്. പ്രോഗ്രാം അനുസരിച്ച് 6.15ന് ഹുസൂർ തിരുമനസ്സ് സ്പോർട്സ് ഹാളിൽ എത്തിച്ചേർന്നു. നിങ്ങളെല്ലവരും കഴിഞ്ഞ ഒരു വർഷമായി പാകിസ്താനിൽ നിന്ന് വന്നവരാണോ എന്ന് ഹുസൂർ തിരുമനസ്സ് ചോദിച്ചു. അപ്പോൾ എല്ലാവരും കൈ ഉയർത്തിക്കാട്ടി. എത്ര പേർ അസൈലം കേസ് പാസായി എന്ന് ഹുസൂർ തിരുമനസ്സ് ചോദിച്ചപ്പോൾ കുറച്ചു പേർ കൈ പൊക്കി. ഇവരെല്ലാവരും ആദ്യമായാണ് ഹുസൂർ തിരുമനസ്സിനെ മുലാഖാത്ത് ചെയ്യുന്നത്.

ലാഹോറിൽ നിന്ന് വന്ന ഒരു സഹോദരൻ ഹുസൂറിന്റെ അനുവാദത്തോടെ ചോദിച്ചു: മുൻപ് ഞങ്ങൾ ഹുസൂറിനെ ടി.വിയിലൂടെയാണ് കണ്ടിരുന്നത്. ഇപ്പോൾ ഞങ്ങളുടെ മുൻപിൽ കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. ആ സന്തോഷം എത്ര മാത്രമാണെന്ന് പറഞ്ഞറിയിക്കാൻ വാക്കുകളില്ല.

ഒരു യുവാവ് ചോദിച്ചു: ഞാൻ 2016 മേയ് 6 നാണ് ലാഹോറിൽ നിന്ന് ഇവിടെ എത്തിയത്. ആദ്യമായി ഹുസൂർ തിരുമനസ്സിനെ കണ്ടതിൽ വളരെ സന്തോഷമുണ്ട്. എന്റെ കേസ് ഇതുവരെ പാസ് ആയിട്ടില്ല. എനിക്കു വേണ്ടി ദു:ആ ചെയ്താലും. അല്ലാഹു അനുഗ്രഹിക്കട്ടെ എന്ന് ഹുസൂർ പറഞ്ഞു.

നാരുവാലിൽ നിന്ന് വന്ന് യുവാവ് പറഞ്ഞു: രണ്ടു വർഷം മുൻപാണ് ഞാൻ അഹ്മദിയായത്. 4 വയസ്സുള്ള എന്റെ മകൾ പാകിസ്താനിലുണ്ട്. അവൾക്കു വേണ്ടി ദുആ ചെയ്താലും. നിങ്ങൾ എങ്ങനെയാണ് അഹ്മദിയായതെന്ന് ഹുസൂർ ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഞാൻ ജേണലിസ്റ്റായിരുന്നു. ഞാൻ നല്ലവണ്ണം ആലോചിച്ച് ചിന്തിച്ചാണ് അഹ്മദിയായത്. ഇന്ന് ഖിലാഫത്ത് ഇല്ലാതെ ഒന്നുമില്ല.

ഡസ്കയിൽ നിന്ന് വന്ന് ഒരു അഹ്മദി ദുആയ്ക്കപേക്ഷിച്ചു: എന്റെ കുടുംബത്തിനും കുട്ടികൾക്കും വേണ്ടി ദുആ ചെയ്താലും. എല്ലാവരും നാട്ടിലാണ്. എന്റെ പ്രോട്ടോക്കോൾ കഴിഞ്ഞു. അല്ലാഹു അനുഗ്രഹിക്കട്ടെ എന്ന് ഹുസൂർ പറഞ്ഞു.

ഗോജ്രയിൽ നിന്ന് വന്ന ഒരു യുവാവ് തന്റെ മാതാവിന്റെ ആരോഗ്യത്തിനു വേണ്ടി ദുആക്ക് അപേക്ഷിച്ചപ്പോൾ അല്ലാഹു അനുഗ്രഹിക്കട്ടെ എന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു.

നിങ്ങളെല്ലാവരും എവിടെയാണ് ജുമുഅ നമസ്കരിച്ചതെന്ന് ഹുസൂർ തിരുമനസ്സ് എല്ലാവരോടുമായി ചോദിച്ചപ്പോൾ തങ്ങൾ ഹുസൂർ ജുമുഅ നമസ്കരിച്ച രോൺഹീമിൽ തന്നെയാണ് ജുമുഅ നമസ്കരിച്ചതെന്നു പറഞ്ഞു.

സർഗൂദയിൽ നിന്ന് വന്ന ഒരു സുഹൃത്ത് പറഞ്ഞു: എന്റെ കുടുംബം പാകിസ്താനിലാണ്. എന്റെ മകൾ പാകിസ്താനിൽ നിന്നും അങ്ങേയ്ക്ക് സലാം പറഞ്ഞിരിക്കുന്നു. അപ്പോൾ ഹുസൂർ സലാം മടക്കി.

ഒരു യുവാവ് പറഞ്ഞു: ഞാൻ സർഗോദ ജില്ലയിലെ ഓർഹമയിൽ നിന്നാണ്. അപ്പോൾ ഹുസൂർ ചോദിച്ചു: അവിടുന്ന് എല്ലാവരും ഇങ്ങോട്ട് വന്നോ, അതോ ഇനിയാരെങ്കിലും ബാക്കിയുണ്ടോ? അദ്ദേഹം പറഞ്ഞു: പാകിസ്താനിൽ ഞങ്ങൾക്ക് തബ്ലീഗിനുള്ള സന്ദർഭം ലഭിക്കാറുണ്ടായിരുന്നില്ല. ഇവിടെ സ്വാതന്ത്ര്യത്തോടെ തബ്ലീഗ് ചെയ്യുന്നു. അവിടെ അടി കിട്ടാനുള്ള അവസരം ലഭിക്കുന്നു.

ഒരു സുഹൃത്ത് പറഞ്ഞു: ഞാൻ ലാഹോറിൽ നിന്നാണ് വരുന്നത്. ഇവിടെ എന്റെ ഒരു സുഹൃത്ത് അനുഭാവിയാണ്. അദ്ദേഹം ഉടനെ ബൈഅത്ത് ചെയ്യുന്നതിന് ദുആ ചെയ്യാൻ അപേക്ഷിക്കുന്നു.

ഒരു യുവാവ് ചോദിച്ചു: മറ്റുള്ളവർക്ക് അവസരം ലഭിക്കുന്നതിന് ഞാൻ ഹുസൂർ തിരുമനസ്സിന്റെ സമക്ഷം സലാം മാത്രം അർപ്പിക്കുകയാണ്. അപ്പോൾ ഹുസൂർ തിരുമനസ്സ് വഅലൈക്കുമുസ്സലാം എന്നു പറഞ്ഞു.

ഒരു സുഹൃത്ത് പറഞ്ഞു: ഞാൻ ലാഹോറിൽ നിന്നാണ്. എന്റെ കുടുംബത്തിൽ ഞാൻ മാത്രമേ അഹ്മദിയുള്ളൂ. ഞാൻ 2012ലാണ് ബൈഅത്ത് ചെയ്തത്. ഉമ്മ അഹ്മദിയായിരുന്നു. മറ്റുള്ളവർ അനഹ്മദികളായിരുന്നു. 6 സഹോദരീസഹോദരന്മാരുണ്ട്. ഉമ്മയുടെ വഫാത്തിനുശേഷം പ്രയാസങ്ങളുണ്ടായപ്പോൾ എനിക്ക് വിദേശത്തേക്ക് വരേണ്ടി വന്നു.

ഒരു സുഹൃത്ത് പറഞ്ഞ്: ഞങ്ങളുടെ ഈ ഹിജ്റത്ത് ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾക്ക് പാത്രമാകാൻ അങ്ങ് ദുആ ചെയ്താലും. ഹുസൂർ പറഞ്ഞു: ദീനിനെയാണ് എപ്പോഴും മുന്നിൽ വെക്കേണ്ടത്. ഇവിടെ വന്ന് ദീൻ മറന്നു പോകുന്നവരാകരുത്. ദീനി

---

ദ്രീഖ് ഭരി സാഹിബിന്റെ ഭാര്യ മഹ്മൂദ ബീഗം സാഹിബയുടേത് ആണ്. നൈജീരിയയിലെ മുബല്ലിഗ് അസ്ഗറലി സാഹിബിന്റെ മാതാവ് ആണ് അവർ. ജൂലായ് 16ന് 73ാമത്തെ വയസ്സിലാണ് വഫാത്തായത്. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. ഇവരുടെ കുടുംബത്തിൽ അഹ്മദിയത്ത് എത്തിയത് 1928ലാണ്. അവരുടെ പിതാമഹൻ ചൗധരി സർവർഖാൻ സാഹിബ് മർഹും അഹ്മദിയ്യത്ത് സ്വീകരിക്കുകയായിരുന്നു. ഇവരുടെ മകൻ എഴുതുന്നു: മിതവ്യയത്തിലും അഭിമാനത്തോടും കൂടിയാണ് അവർ ജീവിതം നയിച്ചത്. സ്വാഭിമാനമുള്ള സ്ത്രീയായിരുന്നു. സ്വാധീനം ഉണ്ടായിരുന്നു. ജീവിതം മുഴുവനും ക്ഷമയോടും ദുആയോടും കൂടിയാണ് അവർ കഴിച്ചുകൂട്ടിയത്. ഖിലാഫത്തിനോട് അദമ്യമായ സ്നേഹമായിരുന്നു. ജമാഅത്തീ പ്രവർത്തനങ്ങളിൽ അഹമഹമികയാ പങ്കെടുക്കാറുണ്ടായിരുന്നു. വളരെ ലളിതമയ സ്വഭാവം ഉള്ള ദരിദ്രരെ സേവിക്കുന്ന സ്ത്രീയായിരുന്നു. നമസ്കാരത്തോടും വിശുദ്ധ ഖുർആനോടും സ്നേഹമായിരുന്നു. രാവിലെ മൂന്നു മണിക്ക് തഹജ്ജുദിനായി മുടങ്ങാതെ എഴുന്നേൽക്കുമായിരുന്നു. താൻ വിവാഹത്തിനു മുൻപ് തന്നെ തഹജ്ജുദ് നമസ്കരിക്കാൻ തുടങ്ങിയിരുന്നു എന്ന് പറഞ്ഞിരുന്നു. ഒരിക്കലും തഹജ്ജുദ് അലസത കാരണം ഉപേക്ഷിച്ചിട്ടില്ല. എഴുതുന്നു: പ്രാതലും മറ്റു ജോലികളും പെട്ടെന്ന് ചെയ്തു തീർത്ത് ഇശ്റാഖ് നമസ്കാരം നിർവഹിക്കുമായിരുന്നു. അവരുടെ ഭർത്താവ് 28 വർഷം തന്റെ ജമാഅത്തിന്റെ സദർ ആയിരുന്നു. ആ കാലത്ത് വരുന്ന അതിഥികളെയെല്ലാം നന്നായി സത്കരിക്കുമായിരുന്നു.. അവരുടെ മകൻ എഴുതുന്നു: സാമ്പത്തികമായി മോശമായ അവസ്ഥയിലായിരുന്നിട്ടും ദരിദ്രരെ സഹായിക്കാറുണ്ടായിരുന്നു. വല്ല സാമ്പത്തിക ബുദ്ധിമുട്ടോ പ്രയാസമോ ഉണ്ടായാൽ നമസ്കരിക്കാൻ തുടങ്ങുമായിരുന്നു. ആ പ്രയാസങ്ങളിലും കുട്ടികളെ പഠിപ്പിച്ചു. കുട്ടികൾക്കു വേണ്ടി, പഠനത്തിനു വേണ്ടി ആഭരണങ്ങളും വളർത്തുമൃഗങ്ങളെ പോലും വിറ്റു. തന്റെ സഹോദരന്മാരുടെയും മാതാപിക്കളുടെയും വേർപാട് ഉണ്ടാക്കിയ ആഘാതം അവർ സഹിച്ചു. ഒരു വിഷമവും അവർ പറഞ്ഞില്ല. അതുപോലെ രണ്ടു പേരക്കുട്ടികളും ഇഹലോകവാസം വെടിഞ്ഞു. മർഹൂമ മൂസിയ ആയിരുന്നു. ഭർത്താവിനെ കൂടാതെ രണ്ടു പെൺമക്കളെയും 6 ആൺമക്കളെയും ഇട്ടേച്ച് പോയിരിക്കുന്നു. ഞാൻ പറഞ്ഞല്ലോ, നൈജീരിയയിലെ മിഷ്ണറി അസ്ഗറലി ഭരി ഇവരുടെ മകനാണ്. ഇദ്ദേഹത്തിന് തബ്ലീഗ് മേഖലയിലെ സമയത്തിരക്കു കാരണം ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു മർഹൂമയുടെ ദർജകൾ ഉയർത്തുമാറാകട്ടെ. തന്റെ സന്താനങ്ങൾക്കു വേണ്ടിയുള്ള അവർ പ്രാർഥനകൾ സ്വീകരിക്കുമാറാകട്ടെ.. മക്കൾക്ക് ഇവരുടെ നന്മകൾ നിലനിർത്താനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

നെപ്പറ്റി എപ്പോഴും ചിന്തിക്കേണ്ടതാണ്.

അതിനു ശേഷം 700 ൽ അധികം വരുന്ന ആ പാകിസ്താനികൾക്ക് ഹുസൂർ തിരുമനസ്സിനെ ഹസ്തദാനം ചെയ്യാനുള്ള ഭാഗ്യം സിദ്ധിച്ചു. ഹുസൂർ ഓരോരുത്തർക്കും കൈ കൊടുക്കുകയും സംസാരിക്കുകയും ചെയ്തു. എല്ലാവരും ഹുസൂർ തിരുമനസ്സിന് സലാം ചൊല്ലുകയും ചെയ്തു.

പാകിസ്താനിൽ നിന്നും വരുന്ന ഈ യുവാക്കളിൽ ചിലർ വളരെയധികം സാമ്പത്തിക ഞെരുക്കവും പ്രയാസവും സഹിച്ച് ഇവിടെ എത്തിയവരായിരുന്നു. നാട്ടിലെ സ്വന്തം ആളുകളാൽ പീഡനങ്ങൾക്ക് വിധേയരായവരായിരുന്നു അവർ. പ്രിയനേതാവിനെ സന്ദർശിച്ചത് അവരുടെ മന:ശാന്തിക്ക് കാരണമായി. അവരുടെ മനസ്സിന് തൃപ്തി ലഭിച്ചതോടൊപ്പം അവരുടെ സങ്കടങ്ങളും അലിഞ്ഞു പോയി. ഹുസൂർ തിരുമനസ്സിനെ കൂടിക്കാഴ്ച നടത്തിയതിനു ശേഷം അവരുടെ മുഖം പ്രസന്നവും നയനങ്ങൾ ഈറനണിഞ്ഞതുമായിരുന്നു. അവരുടെ ജീവിതത്തിൽ ആദ്യമായാണ് ഈ അനുഗൃഹീത നിമിഷം കടന്നു വന്നത്. സ്വന്തം നേതാവിന്റെ സാമീപ്യം അവർ അനുഭവിക്കുകയായിരുന്നു. ഹുസൂറിനെ ഹസ്തദാനം ചെയ്യാൻ ലഭിച്ച നിമിഷങ്ങൾ അവരുടെ ജീവജലമായിരുന്നു.

ഒരു സുഹൃത്ത് പറഞ്ഞു: ഇന്ന് ജീവിത ലക്ഷ്യം പൂർത്തിയായി. മറ്റൊരു സുഹൃത്ത് പറഞ്ഞു: ഇപ്പോൾ ഞാൻ അനുഭവിക്കുന്ന വികാരം വിവരിക്കാൻ വാക്കുകളില്ല. ഒരു യുവാവ് പറഞ്ഞു: ഇന്ന് എന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ ദിവസമാണ്. ഇന്ന് ഞാൻ ഹുസൂർ തിരുമനസ്സിനെ വളരെ അടുത്ത് കണ്ടു. ഹുസൂറിനെ ഹസ്തദാനം ചെയ്തു.

ചുരുക്കത്തിൽ, ഓരോരുത്തർക്കും അവരുടെതായ വികാരങ്ങളും അനുഭവങ്ങളുമുണ്ടായിരുന്നു. അതവരുടെ നിറഞ്ഞ കണ്ണുകളിൽ നിന്ന് പ്രകടമായിരുന്നു.

പുരുഷന്മാരുടെ ഈ പരിപാടി 7.15 വരെ തുടർന്നു. അതിനു ശേഷം ഹുസൂർ തിരുമനസ്സ് ലജ്നകളുടെ ഹാളിലേക്ക് പോയി. അവിടെ 32 സ്ത്രീകളുടെ ഒരു ഗ്രൂപ്പിന് ഹുസൂർ തിരുമനസ്സിനെ സന്ദർശിക്കാൻ ഭാഗ്യം സിദ്ധിച്ചു. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ജർമനിയിൽ എത്തിയവരായിരുന്നു ഇവർ. ഹുസൂർ തിരുമനസ്സ് അവരോട് സംസാരിച്ചു.

**ഫാമിലി മുലാഖാത്ത്**

അതിനു ശേഷം ഹുസൂർ തിരുമനസ്സ് തന്റെ ഓഫീസിൽ വന്നു. അവിടെ പ്രോഗ്രാം അനുസരിച്ച് ഫാമിലി മുലാഖാത്ത് ആരംഭിച്ചു. ഈ മുലഖാത്തിൽ 15 കുടുംബങ്ങളിലെ 50 അംഗങ്ങൾ ഹുസൂറിനെ സന്ദർശിച്ചു. ഓരോരുത്തർക്കും ഹുസൂറിനോടൊപ്പം ഫോട്ടോ എടുക്കാൻ സാധിച്ചു. ഹുസൂർ തിരുമനസ്സ് വിദ്യാർഥി വിദ്യാർഥിനികൾക്ക് പേന നല്കുകയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റുകൾ നല്കുകയും ചെയ്തു. ഈ മുലാഖാത്ത് 8.30 വരെ തുടർന്നു.

**ആമീൻ സെറിമണി**

അതിനു ശേഷം ഹുസൂർ തിരുമനസ്സ് പള്ളിയിലേക്കു പോയി. അവിടെ ആമീൻ സെറിമണി തുടങ്ങി. ഹുസൂർ തിരുമനസ്സിനെ ഓരോ ആയത്ത് കേൾപ്പിച്ചു.

ആമീൻ സെറിമണിക്കു ശേഷം ഹുസൂർ തിരുമനസ്സ് മഗ്രിബ് ഇശാ ജംഅ് ചെയ്തു നമസ്കരിച്ചു. അനന്തരം ഹുസൂർ താമസസ്ഥലത്തേക്ക് പോയി.

**2016 ഏപ്രിൽ 17**

ഹുസൂർ തിരുമനസ്സ് രാവിലെ 5.30ന് സുബഹി നമസ്കാരത്തിന് നേതൃത്വം കൊടുത്തു. രാവിലെ പതിവനുസരിച്ച് ഹുസൂർ തിരുമനസ്സ് ഓഫീസ് സംബന്ധമായ കത്തുകളും മറ്റു പരിശോധിക്കുന്നതിൽ വ്യാപൃതനായി.

**ഫാമിലി മുലാഖാത്ത്**

പ്രോഗ്രാം അനുസരിച്ച് 11 മണിക്ക് ഓഫീസിലെത്തി. ഫാമിലി മുലാഖാത്ത് ആരംഭിച്ചു. ജർമനിയിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള 46 കുടുംബങ്ങളിലെ 174 ആളുകൾ ഹുസൂറിനെ സന്ദർശിച്ചു. 1.35 വരെ സന്ദർശനം തുടർന്നു. 2 മണിക്ക് ഹുസൂർ തിരുമനസ്സ് ളുഹറും അസറും ജംഅ് ചെയ്ത് നമസ്കരിച്ചു. അതിനുശേഷം ഹുസൂർ തിരുമനസ്സ് താമസസ്ഥലത്തേക്ക് തിരിച്ചു ചെന്ന് ഓഫീസ് കാര്യങ്ങളിൽ മുഴുകി.

പിന്നീട് 6.15 ന് വീണ്ടും ഫാമിലി മുലാഖാത്ത് നടന്നു. ഇപ്രാവശ്യം 38 കുടുംബങ്ങളിലെ 151 പേർക്കാണ് ഹുസൂർ തിരുമനസ്സുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം ലഭിച്ചത്. ഇവരെ കൂടാതെ ദുബായ് ജമാഅത്തിൽ നിന്ന് വന്നവർക്കും ഹുസൂർ തിരുമനസ്സിനെ സന്ദർശിക്കാൻ ഭാഗ്യം ലഭിച്ചു. ഇവർ എല്ലാവരും ആദ്യമായാണ് ഹുസൂർ തിരുമനസ്സിനെ സന്ദർശിക്കുന്നത്. ഹുസൂർ തിരുമനസ്സ് വിദ്യാർഥികൾക്ക് പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റുകളും നല്കി. ഈ മുലാഖാത്ത് 8 മണിവരെ തുടർന്നു.

**ആമീൻ സെറിമണി**

അതിനു ശേഷം ഹുസൂർ തിരുമനസ്സ് പള്ളിയിൽ ചെന്നു. അവിടെ ആമീൻ സെറിമണി നടക്കേണ്ടതുണ്ടായിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ 30 പേർ ഹുസൂർ തിരുമനസ്സിന് വിശുദ്ധ ഖുർആനിലെ വചനം ഓതിക്കേൾപ്പിച്ചു. ആമീൻ സെർമണിക്കു ശേഷം ഹുസൂർ ദുആ ചെയ്തു. നമസ്കാരം തുടങ്ങാൻ 10 മിനുറ്റ് ബാക്കിയുണ്ടായിരുന്നതിനാൽ ഹുസൂർ കുട്ടികളെ അടുത്ത് ഇരുത്തി അവരോട് സംസാരിച്ചു. അവരുടെ പഠനകാര്യങ്ങളെക്കുറിച്ച് അന്വേഷിച്ചു. എല്ലാ കുട്ടികൾക്കും ഹുസൂറിനെ ഹസ്തദാനം ചെയ്യാനും തിരുകരങ്ങൾ ചുംബിക്കാനുമുള്ള ഭാഗ്യമുണ്ടായി. ഹുസൂർ തിരുമനസ്സ് ആ കുട്ടികളുടെ മുഖങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ മോതിരം കൊണ്ട് തഴുകി. ആ കുട്ടികൾക്ക് പിന്നിലായി ചെറിയ പെൺകുട്ടി ഇരിക്കുന്നുണ്ടായിരുന്നു. ഹുസൂർ തിരുമനസ്സ് കുട്ടിയോട് ചോദിച്ചു: നിന്റെ ആമീൻ കഴിഞ്ഞോ? നിത്യവും വിശുദ്ധഖുർആൻ ഓതാറുണ്ടോ? താൻ എന്നും വിശുദ്ധഖുർആൻ ഓതാറുണ്ടെന്ന് കുട്ടി മറുപടി പറഞ്ഞു. മറ്റൊരു കുട്ടി തന്റെ കൈകൾക്കു ബാധിച്ച ക്ലേശം ഹുസൂറിനെ കാണിച്ചു. കുട്ടിയുടെ പിതാവ് ആ രോഗത്തിന്റെ വിശദാംശങ്ങൾ അറിയിക്കുകയും ഹോമിയോ ചികിത്സ നടക്കുന്നുണ്ടെന്ന് പറയുകയും ചെയ്തു. അല്ലാഹു അനുഗ്രഹിക്കട്ടെയെന്ന് ഹുസൂർ പ്രാർഥിച്ചു. ഒരു യുവാവു പറഞ്ഞു: എന്റെ മാതാവ് തായിലാന്റിലാണ്. അവരുടെ കേസ് വിജയിക്കാൻ ദു:ആ ചെയ്താലും. അവർ അങ്ങേയ്ക്ക് സലാം പറഞ്ഞിരിക്കുന്നു. ഹുസൂർ സലാം മടക്കിക്കൊണ്ട് അല്ലാഹു അനുഗ്രഹിക്കട്ടെ എന്ന് പ്രാർഥിച്ചു.

ഒരു യുവാവ് പറഞ്ഞു: ഞാൻ പാകിസ്താനിൽ നിന്നാണ് വരുന്നത്. എക്കണോമിക്സിൽ എം.എ. ചെയ്തു കൊണ്ടിരിക്കുന്നു. വിജയത്തിനായ് ദുആയ്ക്ക് അപേക്ഷിക്കുന്നു. അപ്പോൾ ഹുസൂർ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പറഞ്ഞു. ശേഷം ഹുസൂർ തിരുമനസ്സ് മഗ്രിബ് ഇശാ നമസ്കാരത്തിന് നേതൃത്വം നല്കിയതിനു ശേഷം താമസസ്ഥലത്തേക്ക് തിരിച്ചു പോയി.

**2017 ഏപ്രിൽ 17 തിങ്കൾ**

രാവിലെ അഞ്ചര മണിക്ക് ഹുസൂർ തിരുമനസ്സ് സുബഹി നമസ്കാരത്തിന് നേതൃത്വം നല്കിയതിനു ശേഷം താമസസ്ഥലത്തേക്ക് തിരിച്ചു പോയി. രാവിലെ ഹുസൂർ ഓഫീസ് കാര്യങ്ങളിൽ വ്യാപൃതനായി. പരിപാടിയനുസരിച്ച് 11 മണിക്ക് ഫാമിലി മുലാഖാത്തിനു വേണ്ടി ഓഫീസിൽ വന്നു. ഇന്ന് രാവിലത്തെ സെഷനിൽ 49 കുടുംബങ്ങളിലെ 181 പേർ ഹുസൂറുമായി കൂടിക്കാഴ്ച നടത്തി. മുലാഖാത്ത് 1.40 വരെ തുടർന്നു. ശേഷം പ്രസ്സ് ആന്റ് മീഡിയ ഇൻ ചാർജ് ആബിദ് വഹീദ് ഖാർ സാഹിബ് ഹുസൂറിനെ കണ്ടു. 2 മണിക്ക് ഹുസൂർ ളുഹർ അസർ ജംഅ് ആയി നമസ്കരിപ്പിച്ചു. തുടർന്ന്, ഹുസൂർ തിരുമനസ്സ് താമസസ്ഥലത്തേക്ക് പോയി.

**മുബല്ലിഗീങ്ങളുമായി കൂടിക്കാഴ്ച**

പ്രോഗ്രാം അനുസരിച്ച് ജർമനിയിൽ സേവനം അനുഷ്ഠിക്കുന്ന മുബല്ലിഗീങ്ങളുമായുള്ള മീറ്റിംഗ് ആണ്. ഇതിൽ 2016ൽ കാനഡയിലെ ജാമിഅ അഹ്മദിയ്യയിൽ നിന്നും പഠിച്ചിറങ്ങിയ 8 മുറബ്ബിമാരും പങ്കെടുത്തു. തങ്ങളുടെ ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഭാഗമായി ലണ്ടനിലെത്തിയ ഇവർ ഹുസൂറിന്റെ ജർമ്മൻ പര്യടനത്തിലെ യാത്രാ സംഘത്തിൽപ്പെട്ടവരാണ്. ആറുമണിക്ക് ഹുസൂർ എത്തി ദുആ ചെയ്തു. തുടർന്ന് ജർമനിയിലെ മുബല്ലിഗ് ഇൻചാർജിനോട് അവിടുത്തെ ജമാഅത്തുകളുടെയും പള്ളികളുടെയും സെന്ററുകളുടെയും മുബല്ലിഗുമാരുടെ എണ്ണം എത്രയാണെന്നന്വേഷിച്ചു. ജമാഅത്തുകൾ മൊത്തം 258 ഉം 51 പള്ളികളും ഏതാണ്ട് 80 നമസ്കാരസെന്ററുകളുമുണ്ട്. 52 മുബല്ലിഗീങ്ങളാണ് ഇപ്പോൾ ജർമനിയിൽ സേവനം അനുഷ്ഠിച്ചു കൊണ്ടിരിക്കുന്നത്. 33 പേർ ഫീൽഡിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. 15 മുബല്ലിഗീങ്ങൾ ജാമിഅ അഹ്മദിയ്യയിലും 4 പേർ ഓഫീസിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഹുസൂർ തിരുമനസ്സ് ഫീൽഡിൽ പ്രവർത്തിക്കുന്ന 33 മുബല്ലിഗീങ്ങളോട് ഓരോരുത്തരോടുമായി അവരുടെ കീഴിലുള്ള ജമാഅത്തുകളുടെയും ഹൽഖകളുടെയും വിശദാംശങ്ങൾ ആരാഞ്ഞു. അതു പോലെ ജുമുഅ എവിടെയൊക്കെയാണ് നമസ്കരിപ്പിക്കാറെന്ന് വിശദമായി ചോദിച്ചു. ഓരോ ജമാഅത്തിലും അല്ലെങ്കിൽ ഹൽഖകളിലും എത്രകാലം കഴിഞ്ഞാണ് ജുമുഅ നമസ്കരിപ്പിക്കേണ്ട ഊഴം വരുന്നത്, മുബല്ലിഗീങ്ങൾ വർഷത്തിൽ എത്ര പ്രാവശ്യം തന്റെ സെന്ററിൽ ജുമുഅ നമസ്കരിപ്പിക്കുന്നു, ഏതൊക്കെ ജമാഅത്തുകളുടെ തജ്നീദ് ആണ് കൂടുതൽ അല്ലെങ്കിൽ കുറവുള്ളത്. ആർക്കൊക്കെ ഏതൊക്കെ റീജിയനുകളുടെ ചുമതലകളാണ്, പള്ളിയോ നമസ്കാര സെന്ററോ ഇല്ലാത്തിടത്ത് ജുമുഅ നമസ്കാരത്തിന് എന്തു സംവിധാനമാണുള്ളത്, ജുമുഅയിൽ പങ്കെടുക്കുന്നവരുടെ എണ്ണം, എത്ര ദൂരത്തു നിന്നാണ് ആളുകൾ വരുന്നത് എന്നീ കാര്യങ്ങളെക്കുറിച്ച് ചോദിച്ചു. ഓരോരുത്തരും അവരവരുടെ റിപ്പോർട്ട് അവതരിപ്പിച്ചു.

തന്റെ ഡ്യൂട്ടി തബ്ലീഗ് വകുപ്പിന്റെ കീഴിലാണെന്ന് ഒരു മുബല്ലിഗ് അറിയിച്ചപ്പോൾ അങ്ങനെയാണെങ്കിലും താങ്കൾക്ക് ജുമുഅ നമസ്കരിപ്പിക്കാവുന്നതാണെന്ന് ഹുസൂർ പറഞ്ഞു.

ഹുസൂർ: പ്രസിദ്ധീകരണ വകുപ്പിലും ഗ്രന്ഥരചനാ വകുപ്പിലും എംടിഎയിലും മറ്റു ഓഫീസുകളിലും പ്രവർത്തിക്കുന്ന മുറബ്ബിമാർ ജുമുഅയ്ക്ക് വിവിധ ജമാഅത്തുകളിൽ പോയി ജുമുഅ നമസ്കരിപ്പിക്കേണ്ടതാണ്. പ്രത്യേക പ്ലാനിങ്ങോടുകൂടി ജുമുഅയ്ക്ക് അയക്കാനുള്ള ഏർപ്പാടു ചെയ്യുക. ജമാഅത്തുകളുടെ എണ്ണം കൂടുതലും മുബല്ലിഗീങ്ങളുടെ എണ്ണം കുറവുമാണ് അതുകൊണ്ട് മുബല്ലിഗീങ്ങൾ ഏത് വകുപ്പിൽപ്പെട്ടവരാണെങ്കിലും ജുമുഅ നമസ്കരിപ്പിക്കണം.

മുബല്ലിഗ്: ഞങ്ങളുടെ ഡ്യൂട്ടി ഹാർട്ട് ലൈനിലാണ്.

ഹുസൂർ: ജുമുഅ ദിവസം ആ നേരത്ത് എന്തു ചോദ്യമാണ് വരാറ്?

മുബല്ലിഗ്: ജനങ്ങൾ അധികവും ജുമുഅയുടെ സമയമാണ് ചോദിക്കാറ്.

ഹുസൂർ: മുറബ്ബിമാർ ജുമുഅയുടെ സമയം പറയാൻ വേണ്ടിയുള്ളവരല്ല. നിങ്ങൾ രണ്ടു പേരും ജുമുഅ നമസ്കരിപ്പിക്കുക. ഇവിടെ ആരും ഇരിക്കരുത്. ഹാർട്ട് ലൈനിന്റെ സിസ്റ്റം ഘാനയിലുമുണ്ട്. ഘാന ജാമിഅ അഹ്മദിയ്യായിലെ സീനിയർ വിദ്യാർഥികളാണ് ജനങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നത്. ജനങ്ങളുമായി ബന്ധപ്പെട്ട് അവർ പ്രവർത്തിക്കുന്നു. ഈ ചോദ്യോത്തരം മുഖേന അവിടെ ബൈഅത്തുകളും ഉണ്ടായിട്ടുണ്ട്. അതു കൊണ്ട് ഇവിടെയും ജുമുഅ ദിവസം ജാമിഅയിലെ സീനിയർ വിദ്യാർഥികളെ ഈ സേവനത്തിനായി അയക്കാവുന്നതാണ്. ഏതായാലും മുബല്ലിഗീങ്ങൾ ജുമുഅ നമസ്കരിപ്പിക്കുന്നതാണ്.

മറ്റൊരു മുബല്ലിഗ്: എന്റെ ഡ്യൂട്ടി എംടി എയിലാണ്.

ഹുസൂർ: ജുമുഅ ദിവസം ഏതെങ്കിലും ജമാഅത്തിൽ പോയി ജുമുഅ നമസ്കരിപ്പിക്കുക.

വേറൊരു മുബല്ലിഗ്: എന്റെ ഡ്യൂട്ടി ഓഡിയോ വീഡിയോ സെക്ഷനിലാണ്. ഞാൻ മസ്ജിദ് നൂറിലാണ് ജുമുഅ നമസ്കരിപ്പിക്കുന്നത്.

ഹുസൂർ: ശരി, അങ്ങനെയാണ് വേണ്ടത്.

രണ്ടു മുബല്ലിഗീങ്ങൾ: ഞങ്ങൾ ജമാഅത്തിന്റെ പ്രോഗ്രാമനുസരിച്ച് യൂണിവേഴ്സിറ്റിയിൽ പഠിക്കുകയാണ്. ഞങ്ങൾ താമസിക്കുന്ന ജമാഅത്തിലെ മറ്റു ഉത്തരവാദിത്തങ്ങളും നിർവഹിക്കാറുണ്ട്.

ഹുസൂർ: ശരി, അതാണു വേണ്ടത്.

ഇവിടെ ബൈത്തുസ്സുബൂഹ് സെന്ററിൽ പ്രവർത്തിക്കുന്ന മുബല്ലിഗ് മുഹമ്മദ് അശ്റഫ് സാഹിബിനാണ് ബൾഗേറിയൻ ഭാഷയിൽ സാഹിത്യങ്ങൾ തയ്യാറാക്കുന്നതിന്റെയും നുറു പള്ളി നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചില ചുമതലകൾ ഉള്ളത്.

അദ്ദേഹത്തെപ്പറ്റി ഹുസൂർ പറഞ്ഞു: അദ്ദേഹത്തെ ഇവിടെ നിന്ന് ഫീൽഡിൽ പറഞ്ഞയക്കുക. ഏതെങ്കിലും ജമാഅത്തിൽ അദ്ദേഹത്തിന്റെ പോസ്റ്റിംഗ് നടത്തുക. ബൾഗേറിയൻ ഭാഷയിൽ സാഹിത്യങ്ങൾ തയ്യാറാക്കുന്ന കാര്യം, അത് അദ്ദേഹത്തിന് ഫീൽഡിൽ ചെന്നും ചെയ്യാവുന്നതാണ്. ഇനി പള്ളി നിർമാണവുമായി ബന്ധപ്പെട്ട് എവിടെക്കെങ്കിലും അയക്കണമെങ്കിൽ സേവനം ചെയ്യുന്ന ജമാഅത്തിൽ നിന്നും അയക്കാവുന്നതാണല്ലോ. ജനങ്ങൾക്ക് പ്രത്യേക തർബിയത്ത് ലഭിക്കേണ്ട സ്ഥലത്ത് അദ്ദേഹത്തെ അയക്കുക.

അതുപോലെ തന്നെ ജാമിഅയിലെ ഉസ്താദുമാർ കോളേജ് അവധിക്കാലത്ത് ജമാഅത്തീ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണെന്നും ജാമിഅ അഹ്മദിയ്യ റബ്വയിലെ ഉസ്താദുമാർ അങ്ങനെ ചെയ്യുമ്പോൾ എന്തു കൊണ്ട് ഇവിടെ ആയിക്കൂടാ എന്നും ഹുസൂർ ചോദിച്ചു.

ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഇത്തിമാദ് വകുപ്പിൽ ജോലി ചെയ്യുന്ന ഒരു മുബല്ലിഗിനോട് മജ്ലിസുകളിൽ പര്യടനം നടത്താൻ ഹുസൂർ നിർദേശിച്ചു.

അതിനു ശേഷം ഹുസൂർ തിരുമനസ്സ് ചെലവു ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധിക്കണമെന്നും ജമാഅത്തിന്റെ പണം പാഴാക്കാതെ പര്യടനം നടത്തുമ്പോൾ അതു പ്ലാനിങ്ങോടെ ആയിരക്കണമെന്നും മുബല്ലിഗീങ്ങളോട് പറഞ്ഞു. മറ്റേതെങ്കിലും ഭാരവാഹി എങ്ങനെ ചെലവഴിക്കുന്നു എന്ന് നോക്കാതെ നിങ്ങൾ ജമാഅത്തിന്റെ ധനം നിങ്ങളുടെ പരിധിയിൽ നിന്നു കൊണ്ട് ചെലവഴിക്കുക. സദർമാരും അമീർമാരും കൂടുതൽ ചെലവഴിക്കുമ്പോൾ അവരെ പറഞ്ഞു മനസ്സിലാക്കേണ്ട ചുമതല മുബല്ലിഗീങ്ങളുടേതാണ്. നിങ്ങൾ സ്വയം അനിയന്ത്രിതമായി ചെലവഴിക്കുകയാണെങ്കിൽ മറ്റുള്ളവർ നിങ്ങൾക്കെതിരിൽ വിരൽ ചൂണ്ടുന്നതാണ്.

അതുപോലെത്തന്നെ മുബല്ലിഗീങ്ങൾ പരസ്പരം ബഹുമാനിക്കണമെന്ന് ഹുസൂർ തിരുമനസ്സ് ഉപദേശിച്ചു. അതുപോലെ ഓഫീസിൽ ജോലി ചെയ്യുന്നവർ വാചകമടിച്ചിരിക്കാതെ ശരിക്കും ജോലി ചെയ്യണമെന്നും തങ്ങൾ മറ്റുള്ളവർക്ക് മാതൃകയാകും വിധം മറ്റുള്ളവർക്ക് പരാതിക്ക് ഇടനല്കാത്ത വിധം പ്രവർത്തിക്കണമെന്നും ഹുസൂർ തിരുമനസ്സ് ഉപദേശിച്ചു.

ഹുസൂർ പറഞ്ഞു: ജാമിഅയെ സംബന്ധിച്ചോ പഠനസംബന്ധമായോ വിദ്യാർത്ഥികളെ സംബന്ധിച്ചോ എന്തെങ്കിലും വിഷമമുണ്ടെങ്കിൽ അതുമല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ ആരുടെയെങ്കിലും കൈകടത്തലുണ്ടെങ്കിൽ പ്രിൻസിപ്പാളിനെ അറിയിക്കുക. ശേഷം എന്നിലേക്കും എത്തിക്കുക. എത്തിച്ചു കഴിഞ്ഞാൽ പിന്നീട് നിങ്ങളുടെ പണി കഴിഞ്ഞു. നിങ്ങളുടെ ഉത്തരവാദിത്വം കഴിഞ്ഞു. എന്നാൽ എത്തിക്കാതിരുന്നാൽ നിങ്ങൾ കുറ്റക്കാരായിരിക്കും.

തുടർന്ന് ഹുസൂർ പറഞ്ഞു:ഇതേ പോലെ ഇതര മുറബ്ബിമാർ ഫീൽഡിൽ ഉദ്യോഗസ്ഥരോ പ്രസിഡന്റ്മാരോ റീജ്യനൽ അമീർമാരോ മറ്റേതെങ്കിലും നിലയിലുള്ള ഉദ്യോഗസ്ഥരോ കേന്ദ്രീയ ഉദ്യോഗസ്ഥരോ എവിടെയെങ്കിലും അധ്യാപനങ്ങൾക്കോ രീതികൾക്കോ വിരുദ്ധമായി എന്തെങ്കിലും കണ്ടാൽ അതവിടെ തടുക്കാൻ ശ്രമിക്കുക. നിങ്ങൾക്ക് അത് തടുക്കാൻ കഴിയുന്ന രൂപം ഉരുത്തിരിഞ്ഞ് വരണമെങ്കിൽ ആദ്യം നിങ്ങൾ സ്വന്തം കാര്യങ്ങൾ നന്നാക്കണം.

ശേഷം ഹുസൂർ അരുളി: മറ്റൊരു പരാതി അമീർ സാഹിബിന്റെ ഭാഗത്ത് നിന്നുള്ളതാണ്. സമകാലീന പ്രശ്നങ്ങൾ സംബന്ധമായി ഇക്കാലഘട്ടത്തിൽ മാഗസിനുകളിലൂടെ മറുപടി പറയേണ്ടതുണ്ട്. ഉദാഹരണമായി സ്ത്രീകൾക്ക് കൈകൊടുക്കണമെന്ന വിഷയം, പർദാ വിഷയം, സ്വവർഗ്ഗാനുരാഗം തുടങ്ങിയവ. ഇത്തരം വിഷയങ്ങൾക്ക് മതാധ്യാപനങ്ങളനുസരിച്ച് മറുപടി നല്കേണ്ടതുണ്ട്. നാം ഒരു പത്രക്കാരേയും ഭയപ്പെടരുത്. ഒരു ഗവൺമെന്റിനേയോ ഗവൺമെന്റ് സ്ഥാപനങ്ങളേയോ ഭയപ്പെടരുത്. മീഡിയകളേയോ പത്രങ്ങളേയോ ഭയപ്പെടരുത്. എന്നാൽ നല്കുന്ന മറുപടി യുക്തിസഹമായ മറുപടിയാകണം. അപ്പോഴും ഓർത്തിരിക്കുക, പ്രീണന മനോഭാവം അരുത്. ഡിപ്ളോമസി നമ്മുടെ ജോലിയല്ല: ഇത്തരത്തിലുള്ള ചോദ്യങ്ങൾ ജനങ്ങൾ എന്നോടും ചോദിക്കാറുണ്ട്. ഞാൻ മറുപടി നല്കാറുണ്ട്. ഭയപ്പെടേണ്ട കാര്യമില്ല.

ഹുസൂർ തുടരുന്നു, ഞാൻ മിക്ക അവസരങ്ങളിലും പറയാറുള്ളതു പോലെ, ആദ്യത്തെ അടിസ്ഥാന കാര്യം മതം സമൂഹത്തെ നന്നാക്കിയെടുക്കാനാണ് വരുന്നത്. ജനങ്ങളെ ശുദ്ധീകരിക്കാനാണ് വരുന്നത്. ജനങ്ങളുടെ പിന്നാലെ സഞ്ചരിക്കാനല്ല മതം വന്നത്. സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇക്കാലത്ത് പുതിയ പുതിയ നിയമങ്ങൾ ഉണ്ടായി വരുന്നു. ഇവകളിൽ ന്യൂനതയും തെറ്റുകളും ഉണ്ടാകാം. എന്നാൽ അല്ലാഹുവിന്റെ കാര്യങ്ങൾ തെറ്റിപ്പോവുക സാധ്യമല്ല. നമുക്ക് മതം വെളിപ്പെടുത്തിത്തന്ന കാര്യങ്ങളിൽ അബദ്ധം പിണയുക സാധ്യമല്ല അതുകൊണ്ട് ആദ്യപരിഗണന ഏതു സാഹചര്യത്തിലും മതമാണ്. ഇതിനെ അടിസ്ഥാനമാക്കിക്കൊണ്ട് യുക്തി പൂർണമായ മറുപടിയാണ് നിങ്ങൾ നല്കേണ്ടത്. യുവമുറബ്ബിമാർ ചില പ്പോൾ സ്വാധീനത്തിൽ പെട്ട് പോകാറുണ്ട്. അതുകൊണ്ട് മുറബ്ബിമാർ എപ്പോഴും ഓർത്തിരിക്കുക. എതിർപ്പിനെ ഭയപ്പെടാതിരിക്കുക. എതിർപ്പുണ്ടെങ്കിലേ തബ്ലീഗും ഉണ്ടാകൂ. ഇവരെ നന്നാക്കുന്ന പ്രവൃത്തി നാമാണ് ചെയ്യേണ്ടത്. നാം അവരെ നമ്മുടെ പിന്നാലെ ചലിപ്പിക്കേണ്ടതുണ്ട്,സ്വയം ഭൗതിക ലോകത്തിന്റെ പിന്നാലെ ചലിക്കരുത്.

ഹുസൂർ തുടരുന്നു: യുവമുറബ്ബിമാരോട് എനിക്ക് പ്രത്യേകം പറയാനുള്ളത്,നിങ്ങൾഭയന്ന്പോകരുത്. എല്ലാ പ്രശ്നങ്ങളും നിങ്ങൾ ഖുർആനികധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇസ്‌ലാമികധ്യാപനങ്ങളനുസരിച്ച് നേരിടേണ്ടതാണ്. കുഴപ്പം കാണുന്നിടത്ത്, നിങ്ങളുടെ ലക്ഷ്യം കുഴപ്പം സൃഷ്ടിക്കുകയെന്നതായതു കൊണ്ട് നിങ്ങളുടെ ഈ കാര്യങ്ങൾക്ക് ഞങ്ങൾ മറുപടി പറയില്ല എന്ന് പറഞ്ഞേക്കുക. എന്നാൽ ഒരു മതവുമായി ബന്ധമുള്ള ആൾ എന്ന നിലയിൽ, ഒരു മിഷനറി എന്നനിലയിൽ നമ്മുടെ മതം നമുക്ക് നല്കിയ അധ്യാപനമനുസരിച്ച് ഏതു സാഹചര്യത്തിലും പ്രവർത്തിക്കേണ്ടതാണ്. അതുകൊണ്ട് ഡിപ്ളോമസിക്കും യുക്തിക്കും ഇടയിലുള്ള സൂക്ഷ്മവരയെ മുന്നിൽ വെയ്ക്കുക. ഡിപ്ളോമസി എന്നാൽ കളവും പറയുകയെന്നാണ്. ഡിപ്ളോമസി എത്ര തരമാണെങ്കിലും എംബസികളിലും ഇതര സർക്കാർ ഓഫീസുകളിലും ജോലിക്ക് പോകുന്നവർക്ക് ആവശ്യം വരുന്നിടത്ത് നുണയും പറയാനുള്ള പരിശീലനം നല്കപ്പെടാറുണ്ട്. മൗലാന മൗദൂദിസാഹിബിനെ പോലെ ആവശ്യം വരുന്നിടത്ത് കളവുപറയുന്നതിൽ ഒരു പ്രശ്നവുമില്ലയെന്ന് പറയരുത്. നിങ്ങൾ എല്ലാ സ്ഥലങ്ങളിലും സത്യസന്ധതയും യുക്തിയും കാണിക്കേണ്ടതാണ്.

ഹുസൂർ അരുളുന്നു. അതുപോലെത്തന്നെ ഞാൻ ഖുതുബയിൽ പറഞ്ഞതുപോലെ മിഷനറി ഇൻചാർജ് സാഹിബിന്റേയും അമീർ സാഹിബിന്റേയും ജോലിയാണ്, മുറബ്ബിമാരുടെ അന്തസ്സ് എല്ലായിടത്തും നിലനിർത്തുക എന്നത്. അതു നിലനിർത്തിക്കുക എന്നത് നിങ്ങൾ ചെയ്യേണ്ട പ്രവൃത്തിയാണ്.

ജമാഅത്തുകൾക്ക് ഈ ശിക്ഷണം നല്കുക. എവിടെയെല്ലാം മുറബ്ബിമാരുണ്ടോ അവർ പുതിയതായി പഠിച്ച് വന്നവരാണെങ്കിലും ശരി, ചെറുപ്രായത്തിലുള്ളവരാണെങ്കിലും ശരി, അവരെ ആദരിക്കുക. മുറബ്ബി മുറബ്ബിയാണ്. അദ്ദേഹത്തിന്റെ പ്രായം നോക്കാതെ തന്നെ മുറബ്ബിയുടെ അന്തസ്സ് സ്ഥാപിതമാകാതെ അദ്ദേഹത്തിന് ശിക്ഷണ കാര്യങ്ങൾ ചെയ്യുക സാധ്യമല്ല.

ഹുസൂർ അരുളുന്നു: നിങ്ങളാദ്യം സ്വന്തം ശിക്ഷണം ചെയ്യുമ്പോഴാണ് തബ്ലീഗിന്റെ മൈതാനം തുറക്കപ്പെടുന്നത്. ഉന്നതനായ അല്ലാഹു ന്യൂനതകൾ മറച്ചു വെച്ചിരിക്കുകയാണ്. നമ്മൾ സദ്സ്വഭാവക്കാരാണെന്നാണ് നമ്മളെ സംബന്ധിച്ച് ജനങ്ങൾ അധികവും കാണുന്നത്. നമ്മുടെ പ്രവൃത്തി വളരെ നല്ലതാണ്. ചിട്ടയുള്ള സമൂഹമാണ്. ഒരു വ്യവസ്ഥയുണ്ട്. എന്നിട്ടും നമ്മുടെ ഉള്ളിൽ ന്യൂനതകളുണ്ട്. ഇവയിൽ നമുക്കൊരു നോട്ടമുണ്ടാകണം. എവിടെയെങ്കിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ തന്നെ അഥവാ ജനങ്ങൾ മുറബ്ബിയെ ആദരിക്കുന്നില്ലെങ്കിൽ തന്നെ ഇപ്പോഴിത് ജനങ്ങളിൽ തുറന്ന നിലയിലായിട്ടില്ല എന്നുള്ളത് വളരെ നല്ല കാര്യമാണ്. എന്നാൽ ഏതെങ്കിലും സമയത്ത് പുറത്ത് വരാവുന്നതാണ്. അങ്ങനെ സംഭവിച്ചാൽ നിങ്ങൾ സ്ഥാപിച്ച എല്ലാ സ്വാധീനങ്ങളും നഷ്ടപ്പെട്ടു പോകും. അതുകൊണ്ട് മിഷനറി ഇൻചാർജ് സാഹിബിന്റേയും അമീർ സാഹിബിന്റേയും ജോലിയാണ്, മുറബ്ബിമാരുടെ അന്തസ്സ് എല്ലായിടത്തും നിലനിർത്തുക എന്നത്. പ്രത്യേകിച്ചും ഉദ്യോഗസ്ഥർക്ക് ശിക്ഷണം നല്കി മുറബ്ബിമാ

രുടെ അന്തസ്സ് സ്ഥാപിക്കുക.

എന്നാൽ,ഞാൻ നേരത്തേ പറഞ്ഞതു പോലെ മുറബ്ബിമാർ സ്വയം ഒരു മാതൃക സൃഷ്ടിക്കുക. മറ്റാർക്കും നിങ്ങൾക്ക് നേരേ തെറ്റായ കാര്യം ചൂണ്ടിക്കാണിക്കാനോ അല്ലെങ്കിൽ നിങ്ങളെ നീ എന്ന് അഭിസംബോധന ചെയ്യാനോ ധൈര്യം ഉണ്ടാകരുത്. ഞാൻ കണ്ടിട്ടുണ്ട് ചിലർ അസാധാരണമായ നിലയിൽ മുറബ്ബിമാരെ ആദരിക്കുന്നത്. മറ്റു ചിലരാകട്ടെ കൊച്ചു കുട്ടികൾക്ക് പോലും ചേരാത്ത രീതിയിലാണ് മുറബ്ബിമാരുടെ പേരെടുക്കുന്നത്. ഇക്കാര്യത്തിൽ പ്രത്യേകം ദൃഷ്ടി വേണം. ജമാഅത്തുകളിലെ ഉദ്യോഗസ്ഥർക്ക് ശിക്ഷണം നല്കുക. സഹകരിക്കാത്ത ഉദ്യോഗസ്ഥരെപ്പറ്റി റിപ്പോർട്ട് ചെയ്യേണ്ടതാണ്. നിങ്ങൾക്ക് സ്വയം സ്വന്തം മുറബ്ബിമാരുടെ അന്തസ്സ് സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ ഉദ്യോഗസ്ഥരെ എങ്ങനെ ചെയ്യിക്കും? ഇതു സംബന്ധമായി നിങ്ങൾ റിപ്പോർട്ട് ചോദിച്ചു കൊണ്ടിരിക്കണം. നിങ്ങളുടെ ജമാഅത്തുകളിൽ നിങ്ങളോടുള്ള പെരുമാറ്റം എങ്ങനെയാണെന്ന് സ്വന്തം മുറബ്ബിമാരോട് ചോദിക്കുക. നിങ്ങളും ഭയപ്പെടാതെ എല്ലാ കാര്യങ്ങളും തുറന്നു പറയുക. കേന്ദ്ര ഉദ്യോഗസ്ഥരാണെങ്കിലും ശരി ദേശീയ, പ്രാദേശിക തലത്തിലുള്ള ഉദ്യോഗസ്ഥരാണെങ്കിലും ശരി. നിങ്ങളുടെ തന്നെ ജോലിയാണ് ഞാൻ ഖുതുബയിൽ പറഞ്ഞതു പ്രകാരം അന്തസ്സ് സ്ഥാപിക്കുകയെന്നത്.

ഹുസൂർ അരുളുന്നു. അനുസരണം മുറബ്ബിയാണ് ചെയ്യേണ്ടത്. ഏതറ്റം വരെ ചെയ്യണോ ചെയ്യുക. ആരെങ്കിലും ആദരിക്കുന്നുണ്ടോ ഇല്ലേ എന്ന് നോക്കാതെ തന്നെ. വലിയ ഉദ്യോഗസ്ഥനായാലും ജമാഅത്ത് സദറാണെങ്കിലും അമീറാണെങ്കിലും അദ്ദേഹത്തെ ആദരിക്കുക. മിഷണറി ഇൻചാർജിനേയും അമീർ ജമാഅത്തിനേയും ആവർത്തിച്ച് അറിയിച്ചിട്ടും ചില പരാതികളുണ്ടെങ്കിൽ എനിക്കെഴുതുക. ഞാൻ മുമ്പ് പറഞ്ഞത് വീണ്ടും വീണ്ടും വീണ്ടും പറയുകയാണ്. സ്വന്തത്തെ ആദ്യം നന്നാക്കുക. നിങ്ങളുടെമേൽ വിരലുയർത്തുന്നവരെ പിടിക്കണമെങ്കിൽ സ്വന്തം മടിത്തട്ട് വൃത്തിയാക്കി വെക്കുക.

ഹുസൂർ പറയുന്നു: പുതിയ മുറബ്ബിമാരോട് ഞാൻ അധികവും പറയാറുള്ളതാണ്, എനിക്കറിയില്ല ഇതനുസരിച്ച് അവർ പ്രവർത്തിക്കുന്നുണ്ടോ ഇല്ലേയെന്ന്. സ്വയം തഹജ്ജുദിന്റെ ശീലം ഉണ്ടാക്കുക. രാത്രികൾ ചെറുതാകുന്നത് കൊണ്ട് വളരെ ബുദ്ധിമുട്ടിയാണ് ഫജ്റിന് വരെ എഴുന്നേൽക്കുന്നത്. വളരെ ചെറുതാണെങ്കിലും ചുരുങ്ങിയത് ഒന്നര മണിക്കൂറെങ്കിലും ഉറങ്ങാൻ കിട്ടുന്നു. തീരുമാനമുണ്ടെങ്കിൽ ഇതിലും ഉറക്കം പൂർത്തിയാകുന്നതാണ്.

ഹുസൂർ പറയുന്നു: ഒരിക്കൽ ഞാൻ വഹാബ് ആദം സാഹിബ് മർഹൂമിനെ പൊളിഞ്ഞ് കിടക്കുന്ന റോഡുകളിലൂടെ നീണ്ട യാത്ര കഴിഞ്ഞ് പര്യടനം പൂർത്തിയാക്കി വന്നതായി കണ്ടു. ചെറിയൊരു സ്ഥലമായിരുന്നു. ഞങ്ങളവിടെ ഒരുമിച്ചാണ് തങ്ങിയത്. വന്ന ശേഷം അദ്ദേഹം ഉറങ്ങി. ഒന്നര മണിക്ക് ബാത്ത്റൂമിലേക്ക് പോകാൻ എഴുന്നേറ്റപ്പോൾ അദ്ദേഹം നഫ്ൽ നമസ്കരിക്കുകയായിരുന്നു. നിങ്ങളും ഇങ്ങനെ ചെയ്യുമ്പോഴാണ് ജമാഅത്തുകൾക്കും പ്രചോദനം ഉണ്ടാകുന്നത്. ദുആകളെ കൂടാതെ ഈ പ്രവൃത്തി നടക്കുക സാദ്ധ്യമല്ല. അതുകൊണ്ട് പ്രത്യേകിച്ചും മുറബ്ബിമാർക്ക് നഫ്ൽ അനിവാര്യമാണ്. നമസ്കാരങ്ങളിൽ കൃത്യത, ജമാഅത്തായ നമസ്കാര നിർവ്വഹണം, എന്നിവയിലേക്ക് ശ്ര ദ്ധിക്കുക. പള്ളിയിൽ ആരുവന്നാലും ഇല്ലെങ്കിലും നിങ്ങൾ സെന്റർ തുറന്നാൽ, പള്ളിയിൽ വന്നാൽ ജനങ്ങൾക്കും ബോധം വരും. ജനങ്ങൾ ഇതറിയുമ്പോൾ അവരും സ്വയം വരാൻ തുടങ്ങും.

ഹുസൂർ പറയുന്നു: ഞാൻ യു.കെയിൽ ഖുതുബക്ക് ശേഷം ചില ജമാഅത്തുകളുടെ മീറ്റിംഗ് വെച്ചു. നമസ്കാരത്തിലേക്കു ശ്രദ്ധ നല്കുന്നതിനെപ്പറ്റി ചോദിച്ചപ്പോൾ ഒരു ജമാഅത്തിന്റെ സെക്രട്ടറി തർബിയ്യത്തും സദ്ർ സാഹിബും തങ്ങളുടെ ഹാജർ കൂടിയിട്ടുണ്ട് എന്ന് പറയുന്നുണ്ടായിരുന്നു. എത്ര വർദ്ധിച്ചിട്ടുണ്ട് എന്ന് ഞാൻ പരിശോധിച്ചപ്പോൾ 33, 34 ശതമാനമായി വർദ്ധിച്ചു എന്നാണ് പറഞ്ഞത്. ഇതൊരു ഹാജറേയല്ല. ഫജ്ർ,ഇശാഅ് നമസ്കാരങ്ങൾക്ക് സമീപത്ത് താമസിക്കുന്നവരുടെ ഹാജർ നില നല്ലതായിരിക്കണം. ദൂരെ താമസിക്കുന്നവർക്ക് ഏതെങ്കിലും ഒഴികഴിവ് ഉണ്ടാകും പറയാൻ. അത്തരം ജമാഅത്തുകളിലും ശ്രമിക്കുക. ശീലങ്ങളിടുക, ജനങ്ങൾ സ്വന്തം വീടുകളിൽ ജമാഅത്തായി നമസ്കരിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുക.

സെന്റർ ദൂരെയായതു കൊണ്ട് വരാൻ കഴിയാതിരിക്കുക, പ്രവർത്തനങ്ങൾ കഴിഞ്ഞ് വന്നതിനാൽ ക്ഷീണം കാരണത്താൽ സെന്ററിൽ വരാൻ ബുദ്ധിമുട്ടാണ് എന്നൊക്കെയാണെങ്കിൽ പിന്നെ മുറബ്ബിമാർക്ക് കേവലം ഖുതുബ കേൾക്കുക അല്ലെങ്കിൽ നല്കുക എന്ന പ്രവൃത്തി മാത്രമല്ലല്ലോ ഉള്ളത്? ഫീൽഡിലുള്ളവരുടെ പ്രവർത്തിയാണ് ഇക്കാര്യങ്ങളിൽ മേൽനോട്ടം നിർവ്വഹിച്ചു കൊണ്ട് യഥാവിധി നടക്കുന്നുണ്ടോ എന്ന് നോക്കുക. മേൽ നോട്ടം നിർവ്വഹിക്കണമെങ്കിൽ സ്വയം അത് നിർവ്വഹിക്കുമ്പോഴാണ് അത് സാധിക്കുക.

ഹുസൂർ അരുളുന്നു: പൊതുജനങ്ങളെ കാണുമ്പോൾ നിങ്ങളുടെ സ്വഭാവം ഉന്നതമായിരിക്കണം. തബ്ലീഗിന് വേണ്ടി പൊതു ബന്ധങ്ങൾ അധികരിപ്പിക്കുക. നിങ്ങളുടെ ചുറ്റുപാടും രാഷ്ട്രീയക്കാരുണ്ട്. പോലീസ്കാരുണ്ട്: ഇതര മതവക്താക്കളുണ്ട്. ഇവരുമായി അടുത്ത ബന്ധം ഉണ്ടായിരിക്കണം. ചില അവസരങ്ങളിൽ അധിക ഇടങ്ങളിലും തബ്ലീഗ് സെക്രട്ടറിമാർ മുറബ്ബിമാർ ഞങ്ങൾക്ക് പൂർണ്ണമായും സമയം നൽകുന്നില്ല എന്ന് പരാതി പറയാറുണ്ട്. എവിടെയെല്ലാം ജമാഅത്തീ പരിപാടികൾ ഇടുന്നുണ്ടോ നിങ്ങൾ പൂർണ്ണമായും സമയം നല്കുക.

ഹുസൂർ അരുളുന്നു.: ജാമിഅയിലെ അധ്യാപകരെ ഉപയോഗപ്പെടുത്തുമ്പോൾ ജാമിഅ വഴിയാണ് അതു ചെയ്യേണ്ടത്. പ്രിൻസിപ്പാളിന് എഴുതുക. പ്രിൻസിപ്പാൾ ഉസ്താദുമാരെ സാഹചര്യം നോക്കി അയക്കുക. അവധിക്കാലം വരുന്നതിന് മുമ്പ് പ്ലാൻ തയ്യാറാക്കി അയക്കുക. ഉസ്താദുമാർക്ക് ഒരാഴ്ചയെക്കാൾ കൂടുതൽ നീണ്ടു നില്ക്കാത്ത പ്ലാനുകളുണ്ടെങ്കിൽ അത് പ്രിൻസിപ്പാളിന് എഴുതുക. മറുഭാഗത്ത് മിഷ്നറി ഇൻചാർജ് സാഹിബ് സ്വന്തം പ്ലാൻ തയ്യാറാക്കി അയക്കുക. ഇന്ന ഇന്ന ജമാഅത്തുകളിൽ അയക്കാനാണെന്ന്പറയുക. ആരെ എവിടെ എന്നും എത്ര മുറബ്ബിമാരെ കിട്ടാൻ സാധ്യതയുണ്ടന്നും പറയുക. പ്രിൻസിപ്പാളിൽ നിന്നുള്ള മറുപടി ലഭിച്ചതിന് ശേഷം നിങ്ങൾക്ക് അവരെ നിശ്ചിത സ്ഥലങ്ങളിൽ പോകാൻ നിർദേശിക്കാൻ കഴിയും. ഇരു ഭാഗത്ത് നിന്നും അധ്വാനത്തിന്റെ ആവശ്യമുണ്ട്. പരിശ്രമം,സഹകരണം എന്നിവകളിലൂടെ ഏതു പ്രശ്നവും പരിഹരിക്കാൻ സാധിക്കുന്നതാണ്. പരസ്പര സഹായത്തിലൂടെ എല്ലാം സാധ്യമാകുന്നതാണ്. രണ്ടാം ഭാര്യമാരെ പോലെ ഏറ്റുമുട്ടി കൊണ്ടിരുന്നാൽ ഒരിക്കലും ചെയ്യാൻ കഴിയില്ല.

ശേഷം ഹുസൂർ മുറബ്ബിമാർക്ക് ചോദ്യങ്ങൾ ചോദിക്കാനവസരം നൽകി.

ഒരു മുറബ്ബി ചോദിച്ചു: മുതിർന്ന പ്രായത്തിലുള്ള ചില സഹോദരങ്ങൾക്കെതിരിൽ ശിക്ഷാ നടപടി വരുമ്പോൾ സ്വയം പിൻവലിയുന്നത് കൂടാതെ സ്വന്തം മക്കളേയും കൊണ്ട്പോകുന്നു. അവർക്ക് കാര്യം മനസ്സിലാക്കി കൊടുത്തിട്ടും മനസ്സിലാക്കുന്നില്ല.

ഹുസൂർ തിരുമനസ്സ്: ഏതെങ്കിലും അംഗം തെറ്റു ചെയ്താൽ അയാൾക്കെതിരിൽ ശിക്ഷാ നടപടി വരുന്നത് നന്നാക്കാനാണ്. നന്നാകുന്നതിന് പകരം നിഷേധം അധികരിക്കുകയാണെങ്കിൽ അയാൾക്ക് വേണ്ടി നിങ്ങൾക്ക് ദുആ ചെയ്യാനേ സാധിക്കൂ. അയാൾക്ക് കാര്യം ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുക. മനസ്സിലാക്കി കൊടുക്കലാണ് നിങ്ങളുടെ ജോലി. സ്ഥിരതയോടെ മനസ്സിലാക്കി കൊടുക്കുക. പ്രതീക്ഷ കൈവിടാനോ ക്ഷീണിച്ച് പോകാനോ പാടില്ല. 99 ശതമാനം പേരും നന്നായി വരലാണ് പതിവ്. എന്നല്ല അതിലും കൂടുതൽ ഉണ്ടാകും. നന്നാകാത്ത ആരെങ്കിലും ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ യുവാക്കളായ കുട്ടികളുമായി ബന്ധം സ്ഥാപിക്കുക.

ഞാൻ യു.കെ യിൽ യുവാക്കളായ മുറബ്ബിമാർക്ക് നേരിട്ട് നിർദേശം നല്കി അനുഭവത്തിലൂടെ കണ്ടതാണ്. ഇങ്ങനെ ദുർമാർഗ്ഗത്തിലേക്ക് പോകുന്നവരുടെ യുവാക്കളായ മക്കളുമായി ബന്ധം വ്യാപിപ്പിച്ചപ്പോൾ കുട്ടികൾ അടുത്ത് വരുന്നതിനോടൊപ്പം മാതാപിതാക്കളും സ്വയം നന്നാകാൻ തുടങ്ങി. അവിടെ ചില യുവാക്കൾക്ക് ഉദ്യോഗസ്ഥരെ കുറിച്ച് പരാതികളുണ്ട്. അവർ കൂടുതൽ മോശമാകുന്നതാണ്. മുതിർന്നവരെക്കുറിച്ച് സംസാരിക്കരുത്. അധിക യുവാക്കളും തങ്ങളുടെ മുതിർന്നവരെ കുറിച്ച് പരാതി ഉള്ളവരാണ്, അല്ലെങ്കിൽ ഉദ്യോഗസ്ഥരെ കുറിച്ച് പരാതി ഉള്ളവരാണ്. അതു കാരണത്താലാണ് അവർ പിന്നോട്ടടിക്കുന്നതും. പിന്നീട് പതുക്കെ പതുക്കെ വളരെ അകന്നു പോകുന്നു. യുവാക്കളായ മുറബ്ബിമാരോട് അവരെ അടുപ്പിച്ച് കൊണ്ട് വരാൻ ഞാൻ പറഞ്ഞു. അവരുമായി ബന്ധം സൃഷ്ടിച്ച് അടുപ്പിക്കുകയും അങ്ങനെ ക്രമേണ അവർ ശരിയാകുകയും ചെയ്തു. എന്നല്ല, കാനഡയിൽ ഒരു കുടുംബം തികച്ചും വിട്ടു പോയിരുന്നു. അവിടെയുള്ള പര്യടനത്തിന് ശേഷം എനിക്ക് റിപ്പോർട്ട് കിട്ടി. പിൻമാറി പോയ യുവാവ് സ്വയം വീണ്ടും പള്ളിയിൽ വരാൻ തുടങ്ങിയെന്നും പ്രവർത്തനനിരതനായെന്നും. നന്നാക്കാൻ സ്ഥിരതയുള്ള പ്രകൃതം വേണം. ദുആ അനിവാര്യമാണ്. ഇതിന് ശേഷം ഈ പ്രശ്നം അല്ലാഹുവിൽ വിട്ടേക്കുക. രക്ഷിക്കാനുള്ള പൂർണ ശ്രമം സ്വയം നടത്തുകയും ചെയ്യുക.

ഖുതുബ കേൾക്കുന്നതുമായി ബന്ധപ്പെട്ട് മുബല്ലിഗ് ഇൻ ചാർജിനെ അഭിമുഖീകരിച്ചു കൊണ്ട് ഹുസൂർ പറഞ്ഞു: താങ്കളുടെ അടുക്കൽ മുറബ്ബിമാരിൽ നിന്നും തർബിയ്യത്ത് സെക്രട്ടറിമാരിൽ നിന്നും ജുമുആക്ക് ശേഷം റിപ്പോർട്ട് എത്തേണ്ടതുണ്ട്. എത്ര പേർ പള്ളിയിലിരുന്ന് ഖുതുബ കേൾക്കുന്നുണ്ട്. വീട്ടിൽ പോകുന്നവർ ഒന്നുകിൽ ഖുതുബ കേട്ടിട്ട് പോകുക, അല്ലെങ്കിൽ വീട്ടിൽ പോയി കേൾക്കുക. ഇതു സംബന്ധമായി ജനങ്ങളെ ഉണർത്തി കൊണ്ടിരിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജർമനിയിൽ നല്ലൊരു വിഭാഗം ആളുകൾ കേൾക്കുന്നുണ്ട്. ഫീഡ്ബാക്ക് എടുക്കുകയെന്നതും ഉണർത്തി കൊണ്ടിരിക്കുക എന്നതും നിങ്ങളുടെ ജോലിയാണ്.

ഒരു മുറബ്ബി ചോദിച്ചു: ചില പ്രദേശങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പള്ളികൾ മാത്രമേയുള്ളു.ചില അവസരങ്ങളിൽ അനഹ്മദികൾ ചോദിക്കാറുണ്ട്,ഞങ്ങളും നിങ്ങളുടെ പള്ളിയിൽ ഇഅ്തികാഫ് ഇരുന്നോട്ടെയെന്ന്.

ഹുസൂർ തിരുമനസ്സ്: അവരോട് പറയുക, ഞങ്ങളുടെ പള്ളി മുമ്പേ ചെറുതാണ്. രണ്ടോ നാലോ പേർക്ക് ഇരിക്കാനുള്ള സൗകര്യമേയുള്ളൂവെന്ന് പറയുക. രണ്ടാമത്തെ കാര്യം,ഞങ്ങളുടെ ചില ചട്ടങ്ങളും വ്യവസ്ഥകളുമുണ്ട്. നിങ്ങളത് പാലി

ക്കുമോ ഇല്ലേ എന്ന് ചോദിക്കുക. പ്രഥമ പ്രാധാന്യം നമ്മൾ ജമാഅത്തിലെ വ്യക്തികൾക്ക് തന്നെ നല്കുക. അവരോടു തുറന്നു പറയുക. ശേഷം അവർ നിബന്ധനകൾക്ക് വിധേയമാകുന്നുണ്ടോ എന്ന് നോക്കിയിട്ട് ശേഷം പറയാം.

ഹുസൂർ തുടരുന്നു: ഞാൻ ജയിലിൽ പോയപ്പോൾ അവിടെ ഒരു ജയിൽപ്പുള്ളി എന്നെ കഥകൾ കേൾപ്പിക്കാൻ തുടങ്ങി. നിങ്ങളെങ്ങനെ ജയിലിലെത്തി എന്ന് ഞാൻ അയാളോട് തെരക്കി. ഞാൻ കൊല നടത്തി എന്ന് അയാൾ പറഞ്ഞു. ആ കൊലപാതകം എങ്ങനെ ചെയ്തുവെന്ന് ഞാൻ ചോദിച്ചു. റമളാൻ മാസത്തിൽ ഇഅ്തികാഫ് ഇരുന്നപ്പോൾ ഈ കൊല സംഭവിച്ചു പോയി എന്നയാൾ പറഞ്ഞു. ഇഅ്തികാഫിൽ ഇതെങ്ങനെ സംഭവിച്ചുവെന്ന് ഞാൻ ചോദിച്ചു. ഞങ്ങളുടെ ഇടയിൽ ശത്രുതയുണ്ടായിരുന്നു. അതുകൊണ്ട് ഞാൻ എന്റെ കലാഷ്നിക്കോഫ്(തോക്ക്) എന്റെ അടുത്ത് വെച്ചിരുന്നു. യഥാർഥത്തിൽ പള്ളിയുമായി തോക്കിനെന്ത് ബന്ധം?

അയാൾ പറയുകയാണ്, എന്റെ ശത്രു പള്ളിക്ക് പുറത്ത് വന്നപ്പോൾ ഞാൻ കരുതി ഇയാളെന്നെ അക്രമിച്ചാലോയെന്ന്. ഞാൻ ചിന്തിക്കുകയും അതു ചെയ്യുന്നതിന് മുമ്പ് വെടിവെക്കുകയായിരുന്നു. ഇത്തരത്തിലുള്ള ഇഅ്തികാഫ്കാരെ നമുക്കാവശ്യമില്ല.

ഒരു മുറബ്ബി ചോദിച്ചു: ജമാഅത്ത് സഹോദരങ്ങൾ അവരുടെ രഹസ്യം പങ്ക് വെക്കുമ്പോൾ എപ്പോൾ വരെ അത് രഹസ്യമാക്കി വെക്കാം. റിപ്പോർട്ട് ചെയ്യേണ്ടത് എപ്പോഴാണ് അനിവാര്യമാകുന്നത്.?

ഹുസൂർ തിരുമനസ്സ്: ഒരാൾ പറയുന്ന രഹസ്യങ്ങൾ അയാളുടെ വ്യക്തിഗതമായ ന്യൂനതകളെ കുറിച്ചുള്ളതാണെങ്കിൽ അതിനെ മറച്ചു വെക്കുക.ആ ന്യൂനത അഥവാ തിന്മ വ്യാപിക്കുകയും ജമാഅത്തിലും പോകുകയാണെങ്കിൽ അയാളെ അക്കാര്യം ബോധ്യപ്പെടുത്തുക. പിന്നീട് അദ്ദേഹത്തെ തിരുത്താൻ കഴിയുമെന്ന് നിങ്ങൾക്ക് മനസ്സിലാകുന്ന ബന്ധപ്പെട്ട വ്യക്തിയോട് കാര്യം പറയുക. അതിനെ വ്യാപിപ്പിക്കരുത്. മൂടി വെക്കുക എന്നതിന്റെ സാരം തന്നെ ജനങ്ങളുടെ ഇടയിൽ പോയി അതിനെ പ്രചരിപ്പിക്കാതിരിക്കുക എന്നതാണ്.. എന്നാൽ ഇതിന്റെ അർഥം ജമാഅത്തീ ലക്ഷ്യങ്ങളെ അവഗണിക്കണമെന്നല്ല. ഏതൊരു രോഗവും അത് വ്യക്തിഗതമായ അസുഖത്തിന്റെ പരിധിയിലുള്ളപ്പോൾ അതിനെ നന്നാക്കാൻ ശ്രമിച്ച് കൊണ്ടിരിക്കുക. അയാളെ മനസ്സിലാക്കിക്കാൻ ശ്രമിക്കുക. ജമാഅത്തീപരമായ രോഗമായി പരിണമിക്കാൻ ശ്രമിക്കുമ്പോൾ അവിടെ നിങ്ങൾ നന്നാക്കാനുള്ള പൂർണ്ണ ശ്രമം നടത്തണം. ഒന്ന് മാഷാ അല്ലാഹ് വിദ്യാസമ്പന്നനായ വ്യക്തിയാണ്. ബുദ്ധി ഉന്നതനായ അല്ലാഹുവാണ് നൽകിയത്. യുവാവാണെങ്കിൽ അതനുസരിച്ച് തീരുമാനമെടുക്കുക. പുറത്തും ആരോടെങ്കിലും നന്നാക്കാൻ വേണ്ടി പറയുകയാണെങ്കിൽ തന്നെ എല്ലാ സ്ഥലത്തും സൂചിപ്പിക്കരുത്. തിന്മയെ പരത്തരുത്. വ്യഭിചാര ശിക്ഷ നല്കുന്നതിന് ഇത്രയധികം നിബന്ധനകൾ എന്തിന്? നാല് സാക്ഷികളെ ആര് കൊണ്ട് വരും? എവിടെ കാണിക്കും? ഇതിന്റെ അർഥം വഴിയിലിരുന്ന് ആരെങ്കിലും വ്യഭിചരിച്ചെങ്കിൽ മാത്രമേ നിങ്ങൾക്കതിനെ സംബന്ധിച്ച് വ്യഭിചാരമെന്ന് മനസ്സിലാക്കാൻ സാധിക്കൂ. അല്ലാത്ത പക്ഷം മനസ്സിലാകുക സാദ്ധ്യമല്ല. മ്ലേഛമായ കാര്യങ്ങളിൽ നിന്ന് രക്ഷപെടാൻ വേണ്ടി നിങ്ങളതിനെ മുന്നോട്ട് പ്രചരിപ്പിക്കാതിരിക്കുക. അതുകൊണ്ട് ഇതേ പരിധി വരെ സുരക്ഷിതരാകുക.

ഒരു മുറബ്ബി ചോദിച്ചു: ചില അവസരങ്ങളിൽ നമ്മുടെ പള്ളികളിൽ അനഹ്മദി മുസ്ലീംകൾ വരാറുണ്ട്. അവർ ആവശ്യപ്പെടുന്നത് അവർക്ക് ഇസ്‌ലാമിക രീതിയനുസരിച്ച് നിക്കാഹ് നടത്തി കൊടുക്കാനാണ്. ഭരണകൂടത്തിന്റെ കീഴിലുള്ള സ്ഥാപനത്തിൽ അവർ വിവാഹിതരായിട്ടുണ്ട്. കേവലം അനുഗ്രഹത്തിന് വേണ്ടി ഇസ്‌ലാമിക മാർഗ്ഗത്തിൽ പരസ്യപ്പെടുത്തുവാനും ദുആ ചെയ്യാനും അവർ ആഗ്രഹിക്കുന്നു.

ഹുസൂർ: തെറ്റൊന്നുമില്ല, നിങ്ങളെ കൊണ്ട് ചെയ്യിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ശരി, ചെയ്തു കൊടുക്കുക. നിങ്ങളിൽ നിന്ന് ഒരു വ്യക്തിയും അനഹ്മദി മൗലവിമാരെ കൊണ്ട് നിക്കാഹ് നടത്തിക്കാൻ പോകരുത്. ഞാൻ ഘാനയിലുള്ളപ്പോൾ പല അനഹ്മദികളും ഞങ്ങൾ സക്കാത്ത് നൽകാൻ വന്നതാണെന്നും പറഞ്ഞ് എന്റെ അടുക്കൽ വരാറുണ്ടായിരുന്നു. സ്വന്തം മൗലവിമാർക്ക് പോയി സക്കാത്ത് കൊടുക്കാൻ ഞാൻ പറയുമായിരുന്നു. അവർ തിരിച്ചു പറഞ്ഞത് ഞങ്ങളുടെ മൗലവിമാർ തിന്ന് കുടിക്കലേ ഉണ്ടാകൂ എന്ന് ഞങ്ങൾക്ക് നല്ലവണ്ണം അറിയാമെന്നാണ്. നിങ്ങളിത് ശരിയായ നിലയിൽ ഉപയോഗിക്കുന്നു.അതുകൊണ്ട് നിങ്ങൾക്കാണ് ഞങ്ങൾ നൽകുക. പലരും തന്നിട്ട് പോകലാണ്. ഞങ്ങളത് സ്വീകരിച്ച് ഇത്ര രൂപ സക്കാത്ത് എന്നും പറഞ്ഞ് രസീതും നൽകും.ഇത് വാങ്ങിക്കാമെങ്കിൽ നിക്കാഹും നടത്താവുന്നതാണ്.

ഒരു മുറബ്ബി ചോദിച്ചു: ഇവിടെ അധിക സ്ഥലങ്ങളിലും ഹുസൂറിന്റെ ഖുത്വുബയുടെ ചുരുക്കം റിപ്പോർട്ടിന്റെ രൂപത്തിൽ വായിച്ച് കേൾപ്പിക്കലാണ്.

ഹുസൂർ: ഞാൻ അവിടേയും ഇക്കാര്യം പറഞ്ഞതാണ്. നിങ്ങൾക്കും മാർഗ്ഗ നിർദ്ദേശം നൽകുകയാണ്. ജനങ്ങളിൽ എന്റെ ഖുത്വുബ കേൾക്കാൻ താൽപര്യം വളർത്തണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ സ്വന്തം ഖുത്വുബ കൂടുതൽ നീണ്ടതാക്കാതിരിക്കുക. പത്ത് മുതൽ പതിനഞ്ച് മിനിറ്റ് വരെ ആകാം. ഇതിൽ പ്രാദേശിക സാഹചര്യം അനുസരിച്ച് നൽകേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ഉപദേശങ്ങളും മറ്റും ഉണ്ടെങ്കിൽ ചെയ്യുക. ഇതിന് മുമ്പുള്ള എന്റെ ഖുത്വുബയിലുള്ള ഏതെങ്കിലും കാര്യം സാഹചര്യങ്ങൾക്കും ജമാഅത്തീ അവസ്ഥകൾക്കും അനുസരിച്ച് വീണ്ടും പറയേണ്ടത് അനിവാര്യമാണെന്നോ ഓർമ്മപ്പെടുത്തേണ്ടതിന്റെ ആവശ്യം ഉണ്ട് എന്ന് തോന്നുന്നു എങ്കിൽ അതിനെ കുറിച്ച് കുറിപ്പ് തയ്യാറാക്കി ഖുത്വുബ കൊടുക്കുക. അത് തന്നെ ആവർത്തിക്കരുതെന്ന് ഞാൻ പറഞ്ഞിട്ടേയില്ല. അതിലുള്ള ചില കാര്യങ്ങൾ വിശദീകരണം അർഹിക്കുന്നതാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. അത് വിശദീകരിക്കുക. പ്രാദേശിക വിഷയങ്ങൾ എട്ടോ പത്തോ മിനിറ്റിൽ വിശദീകരിക്കുക. ഖുത്വുബ കേൾക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.നിങ്ങൾ ജനങ്ങളെ എം. ടി.എ യുമായും ഖുത്വുബയുമായും ബന്ധിക്കുക. നിങ്ങളുടെ ധാരാളം പ്രശ്നങ്ങൾ കുറക്കാൻ സാധിക്കുന്നതാണ്. കഥ കേൾപ്പിച്ച് കൊണ്ടിരിക്കാൻ ഞാനെപ്പോഴാണ് പറഞ്ഞത്. അപ്പോഴത് വഖ്ഫെ നൗ കുട്ടികൾ പ്രസംഗിക്കുന്നത് പോലെയൊരു പ്രസംഗമായിരിക്കും നിങ്ങൾ ചെയ്യുന്നത്. അത്ഫാലുൽ അഹ്മദിയ്യായുടെ പ്രസംഗം പോലെയാകരുത് നിങ്ങളുടെ രീതി. ഖുത്വുബയിലെ പ്രധാന കാര്യങ്ങൾ വിവരിക്കുക.

ഒരു മുറബ്ബി ചോദിച്ചു.:ഒരു വിഭാഗം ആളുകൾ വന്ന് മറ്റൊരു വിഭാഗം ആളുകൾ അതിക്രമം കാണിച്ചു എന്ന് പരാതി പറഞ്ഞാൽ മുറബ്ബിയുടെ പ്രതികരണം എന്തായിരിക്കണം.?

ഹുസൂർ: നിങ്ങളുടെ അടുക്കൽ വന്ന ഒരു വിഭാഗം ഏറ്റുമുട്ടിയിട്ടാണ് വന്നതെങ്കിൽ നിങ്ങൾ വിശാലത കാണിക്കാനും ക്ഷമ പുലർത്താനും ദുആ ചെയ്യാനും പറയുക. അവരോട് പറയുക, ഇത് ഞാൻ നോക്കേണ്ട പ്രശ്നമല്ല, ഇസ്‌ലാഹീ കമ്മിറ്റിയാണ് നോക്കേണ്ടത്. അതുമല്ലെങ്കിൽ സ്വന്തം സദ്റിനോട് ഇസ്‌ലാഹീ കമ്മിറ്റിയിൽ വെച്ച് പരിഹരിക്കാൻ നിങ്ങൾ പറയുക. ഉമൂറേ ആമായുടേതാണെങ്കിൽ അവർക്ക് നൽകുക. നിങ്ങളുടെ പ്രവൃത്തി തബ്‌ലീഗ് തർബിയ്യത്ത് ചെയ്യലാണ്. നിങ്ങൾ ഇസ്‌ലാഹീ കമ്മിറ്റിയുടെ അംഗവുമാണ്. ഈ അടിസ്ഥാനത്തിൽ ശിക്ഷണപരമായ കാര്യങ്ങളിൽ നിങ്ങൾക്ക് ശ്രദ്ധ നൽകാവുന്നതാണ്. കാരണം മുറബ്ബിക്ക് ദീനിന്റെ അറിവ് കൂടുതൽ ഉണ്ടാകേണ്ടതുണ്ട്. ഉള്ളതുമാണ്. പ്രശ്നം കൂടുതലാണെങ്കിൽ ഉമൂറേ ആമക്കും സദ്റിനും റിപ്പോർട്ട്ചെയ്യുക. ഖളായിൽ പോകേണ്ട വിഷയമാണെങ്കിൽ അവിടേക്കയക്കുക. ഇരുവിഭാഗത്തേയും മനസ്സിലാക്കിയിട്ട് അതനുസരിച്ച് ഇരുവരേയും നിയന്ത്രിക്കുക.നിങ്ങളുടെ അടുക്കൽ ആരു വന്നാലും ജമാഅത്തീ വ്യവസ്ഥ പറയുന്നത് പറഞ്ഞ് കൊടുക്കുക. ആദ്യം സ്വന്തത്തെ വ്യവസ്ഥയുമായി നല്ലവണ്ണം ബന്ധിപ്പിക്കുക. നിയമങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾക്ക് ഓർമ്മയുണ്ടാകണം. നിയമങ്ങൾ വായിച്ച് മനസ്സിലാക്കുക. തർബിയ്യത്ത്പരമായി നിങ്ങളുടെ ഉത്തരവാദിത്വങ്ങളെകുറിച്ച് ബോധ്യമുണ്ടാകണം. ഓരോ വ്യക്തിപരമായ പ്രശ്നങ്ങളും ഇതനുസരിച്ച് ക്രമീകരിക്കുക. അടിസ്ഥാനപരമായി അനുവാദം ലഭിക്കുകയില്ല. നിങ്ങളെങ്ങനെ പ്രവർത്തിക്കണമെന്നതിന് ഓരോ പ്രശ്നങ്ങളിലും വിവിധ സാഹചര്യങ്ങൾ ആണതിലുള്ളത്.

അടി വാങ്ങി വന്ന ഒരു വ്യക്തി വന്ന് പറഞ്ഞു, എന്റെ മേൽ മറ്റൊരു വ്യക്തി അതിക്രമം കാണിച്ചുവെന്ന്. അപ്പോൾ ഇരു വിഭാഗത്തേയും വിളിച്ച് ബോധ്യപ്പെടുത്തി. അടി കൊടുത്തയാൾ തെറ്റ് പറ്റിയെന്ന് പറയുകയും മാപ്പ് ചോദിക്കുകയും ചെയ്തു. ഇരു വിഭാഗത്തേയും രഞ്ജിപ്പിലാക്കി തോളോട് ചേർത്തു.പ്രശ്നം അവസാനിച്ചു.

നീണ്ട കാലമായി ഒരാളുടെ അവകാശം ഹനിക്കപ്പെട്ട് കൊണ്ടിരുന്നു. നീണ്ട കാലമായി ഹൃദയത്തിൽ അമർഷം ഉരുണ്ട് കൂടിയിരുന്നു. ഏറ്റുമുട്ടൽ നടന്നു. ചീത്ത വിളി നടന്നു. ഇവിടെ പള്ളിയിൽ ഒരു സംഭവം നടന്നതു പോലെ രണ്ട് പാർട്ടികളായി തീർന്നിരുന്നു. ഞാൻ അവരെ തടുത്തിരുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉമൂറേ ആമയിൽ പോകേണ്ട കാര്യമാണ്. ഇതിലും കൂടുതലായി പുരാതന അമർഷങ്ങളുണ്ടെങ്കിൽ അടിയും മറ്റും നടന്നിട്ടുണ്ടെങ്കിൽ ഖളായിൽ പ്രശ്നം നടക്കുകയാണെങ്കിൽ അവർക്ക് മനസ്സിലാക്കി കൊടുക്കുക. നിങ്ങൾ ചെയ്യുന്നത് തെറ്റാണ്. ഖളായിൽ നിങ്ങളുടെ പ്രശ്നം നടക്കുകയാണ്.അവിടെ തീർപ്പാക്കുക. അതനുസരിച്ച് പ്രവർത്തിക്കുക. സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും പരസ്പരം സ്നേഹം കാണിക്കുന്നതിന്റെ അദ്ധ്യാപനങ്ങളേയും നിങ്ങളവരെ ബോധ്യപ്പെടുത്തുകയും പറയുകയും വേണം.

അമീർ സാഹിബ് ജർമനി പറഞ്ഞു: ഒരു ജമാഅത്തിൽ മുറബ്ബിയുണ്ടായിരുന്നു. പ്രവർത്തനങ്ങളും നല്ല രീതിയിലായിരുന്നു. എല്ലാം ശരിയായിരിക്കുമെന്ന് ഞാനും ധരിച്ചു. നിയമമനുസരിച്ച് പിന്നീട് ചില ട്രാൻസ്ഫറുകൾ നടന്നു. പുതിയ മുറബ്ബി അവിടെയെത്തിയ പാടേ പ്രശ്നങ്ങൾ തല പൊക്കാൻ തുടങ്ങിയപ്പോൾ തന്നെ ധാരാളം പ്രശ്നങ്ങളവിടെ ഉണ്ടായിരുന്നുവെന്ന് എനിക്ക് തോന്നി.എന്നാൽ ജനങ്ങൾ പുതിയ മുറബ്ബിയുമായി ബന്ധം ഉണ്ടാക്കി. പ്രശ്നങ്ങളും മനസ്സിലാകാൻ തുടങ്ങി.പരിഹാരവും ഉണ്ടായി കൊണ്ടിരുന്നു.കാരണം പുതിയ മുറബ്ബി വളരെ

**EDITOR**
**H.Shamsuddin**

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 24 August 2017 Issue-34

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

തുറന്ന മനസ്ഥിതിക്കാരനായിരുന്നു.

അപ്പോൾ ഹുസൂർ പറഞ്ഞു:ചില യുവാക്കളായ മുറബ്ബിമാർ ജനങ്ങളുമായി ഇടപഴകുന്ന ഗുണം ഉള്ളവരാണ്. തുറന്ന മനസ്ഥിതിക്കാരായ മുറബ്ബിമാരുമായി ബന്ധപ്പെട്ട് പ്രശ്നം പരിഹരിക്കാനും ജനം തയ്യാറാകുന്നു. ഇതു തന്നെയാണ് ഞാൻ മുമ്പും പറഞ്ഞത് .മുറബ്ബി വളരെ തുറന്ന മനസ്ഥിതിക്കാരനാകണമെന്ന്. സ്വന്തം മാതൃകകൾ സ്ഥാപിക്കുമ്പോൾ സഹാനുഭൂതിയുള്ള വ്യക്തിയാണെന്ന് മനസ്സിലാകുമ്പോൾ ജനങ്ങൾ ഇതറിഞ്ഞ് മുറബ്ബിയുമായി സംസാരിക്കാൻ ഇഷ്ടപ്പെടുന്നു. അവർക്കാണ് ജനങ്ങൾ നന്നാകുമെന്ന് പ്രതീക്ഷ വെക്കാൻ കഴിയുന്നതും.

മുബല്ലിഗുമാരുമായുള്ള ഈ മീറ്റിംഗ് 8മണി വരെ നീണ്ട് നിന്നു.ശേഷം എല്ലാവർക്കും ഹുസൂറിനെ ഹസ്തദാനം ചെയ്യാനുള്ള ഭാഗ്യം കിട്ടി. ഗ്രൂപ്പ് ഫോട്ടോ എടുത്തതിന് ശേഷം ഹുസൂർ ബൈത്തുസ്സബൂഹിൽ സ്ഥിതി ചെയ്യുന്ന ഭക്ഷണ പാചക ശാല പരിശോധിക്കാൻ പോയി. ഭക്ഷണം തയ്യാരായി കഴിഞ്ഞിരുന്നു. തന്തൂരി റൊട്ടി തയ്യാറായിരുന്നു.ഒരു കഷണം ഹുസൂർ കഴിച്ചു. എവിടെ തയ്യാറാക്കിയതാണെന്ന് അന്വേഷിച്ചു. കിച്ചണിൽ സ്ഥാപിതമായിട്ടുള്ള തന്തൂരിയിലെന്ന് സേവകർ പറഞ്ഞു. ഡൈനിംഗ് ഹാളിന് ശേഷം ഹുസൂർ ആതിഥേയ വിഭാഗത്തിലും പോയി.

**ആമീൻ പരിപാടി**

പുരുഷ ഹാളിൽ നടന്ന ആമീൻ പരിപാടിയിൽ 29 കുട്ടികളിൽ നിന്ന് ഓരോ ഖുർആൻ വചനം ശ്രവിക്കുകയും അവസാനം ദുആ ചെയ്യുകയും ചെയ്തു.

മഗ്രിബ്, ഇശാഅ് നമസ്കാരം ജംആക്കി നിർവ്വഹിച്ച ശേഷം താമസ സ്ഥലത്തേക്ക് മടങ്ങി.

**ഏപ്രിൽ-18,2017,ചൊവ്വാഴ്ച**

5.30ന് പള്ളിയിൽ ഫജ്ർ നിർവ്വഹിച്ചു. ശേഷം താമസസ്ഥലത്തേക്ക് മടങ്ങി. രാവിലെ ഹുസൂർ ഓഫീസ് ലറ്ററുകൾ,റിപ്പോർട്ട്, എന്നിവ പരിശോധിച്ചു. ഇലക്ട്രോണിക്,പ്രിന്റ് മീഡിയ പ്രതിനിധികൾക്ക് ഇന്റർവ്യൂ ചെയ്യാൻ സമയം നൽകി.

| | |
|---|---|
| സാറ്റ്-1 ടീ വി | എച്ച് ആർ ടീവി |
| റേഡിയോ എച്ച് ആർ ഇൻഫോ റേഡിയോ | ഫാസ് പത്രം |
| ഡി പി എ ജർമൻ പ്രസ് ഏജൻസി | ഡാസ് മില്യോ ബാളോഗ് |

11 മണി രാവിലെ പ്രസ് കോൺഫറൻസ് തുടങ്ങി.

ജേർണലിസ്റ്റ്: ഇക്കാലഘട്ടത്തിൽ പ്രത്യേകിച്ചും ജർമനിയിൽ ഇസ്ലാമിനോടുള്ള ഭയം അധികരിക്കുന്നു.അതു കാരണം ജനം അക്രമവും നടത്തുന്നു. പള്ളികളിൽ പന്നിത്തല മുറിച്ചെറിയുക ഉദാഹരണം. നിങ്ങളുടെ പ്രതികരണം എന്താണ്?

ഹുസൂർ: ദിനേന ഇസ്ലാമിനോടുള്ള ഈ ഭയം കൂടിക്കൊണ്ടിരിക്കുന്നു. ഇസ്ലാമിയോഫോബിയയെ കുറിച്ചാണ് നിങ്ങളുടെ ചോദ്യം. ഇത് എല്ലാ സ്ഥലത്തും ഉണ്ട്. ജർമനിയിൽ മാത്രമല്ല. പടിഞ്ഞാറൻ ലോകത്തും പുരോഗമന രാജ്യങ്ങളിലും അമുസ്ലിം രാജ്യങ്ങളിലും ചില തീവ്രവാദത്തെ ഇഷ്ടപ്പെടുന്ന വിഭാഗങ്ങൾ മുഖേന ഇസ്ലാമിന്റെ പേരിൽ നടത്തുന്ന പ്രവർത്തനം കാരണം ഈ ഭയം അധികരിക്കുന്നു. അവരുടെ വാദം അവർ മുസ്ലിംകളാണെന്നും ചെയ്യുന്നതെല്ലാം ഇസ്ലാമികധ്യാപനമനുസരിച്ചാണെന്നുമാണ്. യഥാർഥത്തിൽ ഇത് ശരിയല്ല. ഇവർ ഇസ്ലാമികാധ്യാപനങ്ങളെ വിരൂപപ്പെടുത്തിയാണ് അവതരിപ്പിക്കുന്നത്. ഖുർആന്റെ യഥാർഥ അദ്ധ്യാപനത്തെ ഇവർ മനസ്സിലാക്കിയിട്ടേയില്ല. തെറ്റായ വ്യാഖ്യാനമാണ് അവർ നൽകി കൊണ്ടിരിക്കുന്നത്. ഇത് സംഭവിക്കുമെന്ന് പതിന്നാല് നൂറ്റാണ്ട് മുമ്പ് തന്നെ നബി(സ) പ്രവചിച്ചിരുന്നു. മുസ്ലിംകൾ ഇസ്ലാമികധ്യാപനങ്ങൾ മറക്കുമെന്നും ഖുർആൻ അതിന്റെ തനതായ രൂപത്തിലുണ്ടെങ്കിൽ തന്നെയും യഥാർഥത്തിൽ അതനുസരിച്ച് പ്രവർത്തിക്കുകയില്ല. വീണ്ടും അതിനെ ജീവിപ്പിക്കാൻ ഒരു പരിഷ്കർത്താവ് വരുമെന്നും അദ്ദേഹത്തിന്റെ ജമാഅത്ത് യഥാർഥ അധ്യാപനം വ്യാപിപ്പിക്കുമെന്നും പ്രവചനത്തിലുണ്ടായിരുന്നു.ഇന്നീ സംഭവിക്കുന്നത് സംഭവിക്കാനുള്ളത് തന്നെയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ), മുഹമ്മദ് നബി പ്രവചിച്ച അതേ വ്യക്തിയാണെന്നാണ് നമ്മുടെ വിശ്വാസം. പതിനാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വാഗ്ദത്ത മസീഹ് എന്ന പേരിലായിരിക്കും അദ്ദേഹം വരികയെന്നാണ് പ്രവചനം. മുസ്ലിംകളെ മാത്രമല്ല സർവ്വ മനുഷ്യരേയും ഒന്നിപ്പിക്കുമെന്നാണ് പ്രവചനം. യഥാർഥ അധ്യാപനങ്ങളെ പുന:സ്ഥാപിക്കുന്ന അദ്ദേഹം വന്നു എന്നാണ് ഞങ്ങളുടെ ഉറച്ച വിശ്വാസവും.

രണ്ട് ലക്ഷ്യങ്ങൾക്കുവേണ്ടിയാണ് താൻ വന്നിട്ടുള്ളതെന്നാണ് വാഗ്ദത്ത മസീഹ് പറഞ്ഞിട്ടുള്ളത്. മനുഷ്യരെ സൃഷ്ടാവുമായി ബന്ധിപ്പിക്കുകയും അവനെ തിരിച്ചറിയുകയും ചെയ്യുക എന്നത് പ്രഥമ കാര്യമാണ്. മനുഷ്യർ പരസ്പരം അവരുടെ അവകാശങ്ങൾ സംരക്ഷിക്കുകയെന്നതും ശാന്തി സമാധാനത്തോടെ ജീവിക്കുക എന്നതിലേക്ക് ശ്രദ്ധ തിരിക്കുകയെന്നതാണ് ദ്വിതീയമായ കാര്യം. അത്കൊണ്ട് ഇക്കാലഘട്ടത്തിൽ മതപരമായ യുദ്ധങ്ങൾ അവസാനിച്ചിരിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. യുദ്ധങ്ങൾ നടക്കുന്നതായി നാം കാണുന്നുണ്ടെങ്കിലും ഒരു മതവും മതമെന്ന നിലയിൽ ഒരു മുസ്ലിം രാജ്യത്തിന്റെ മേലോ ഇസ്ലാമിന്റെ മേലോ ആക്രമണം നടത്തുന്നില്ല. മേഖലാപരമായ രാഷ്ട്രീയത്തിന്റെ യുദ്ധങ്ങൾ നടക്കുന്നുണ്ടെങ്കിലും ഇക്കാലഘട്ടത്തിൽ മതപരമായ യുദ്ധങ്ങൾ ഇല്ല തന്നെ. സംഭവിക്കേണ്ടത് സംഭവിച്ച് കൊണ്ടിരിക്കുന്നു. ഞങ്ങൾ ജർമനിയിലും ഇതര നാടുകളിലും ജനങ്ങളുടെ മനസ്സിൽ നിന്നും ഇസ്ലാമിനെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ മാറ്റാൻ ശ്രമിച്ച് കൊണ്ടിരിക്കുന്നു. എനിക്കിതൊരു പുതിയ കാര്യമല്ല. ഇത് സംഭവിക്കേണ്ടത് അനിവാര്യമാണെന്നും എനിക്കറിയാം. വളരെ കഷ്ടപ്പെട്ട് ഈ സംശയങ്ങൾ അമുസ്ലിം മനസ്സുകളിൽ നിന്നും തുടച്ചു നീക്കണമെന്നും എനിക്ക് ബോധ്യമുണ്ട്. ഇസ്ലാം തീവ്രതയെ ഇഷ്ടപ്പെടുന്ന മതമല്ല. ശാന്തി സമാധാനത്തിന്റേയും സഹവർത്തിത്വത്തിന്റേയും മതമാണ് ഇസ്ലാം. ഇതേ യഥാർഥ ഇസ്ലാമിന്റെ സന്ദേശമാണ് ലോകം മുഴുവനും വ്യാപിപ്പിക്കുന്നത്. ജനങ്ങൾക്കെല്ലാം ഇത് ബോധ്യമായി കഴിഞ്ഞാൽ ജനമനസ്സിൽ നിന്നും ഇസ്ലാമോഫോബിയ നീങ്ങിപ്പോകുകയും ചെയ്യും. ഇസ്ലാം ശാന്തി സമാധാനത്തിന്റേയും സഹവർത്തിത്വത്തിന്റേയും മതമാണ് .

ഒരുപത്രപ്രതിനിധിചോദിച്ചു.: എന്താണ്ആവശ്യമായി ചെയ്യേണ്ടത്? ഈ അവസ്ഥ നന്നാക്കി ത്തീർക്കാൻ രാഷ്ട്രീയം എന്താണ് ചെയ്യേണ്ടത്? ഉദാഹരണമായി സ്കൂളുകളിൽ ഇസ്ലാമിനെ കുറിച്ച് പഠിപ്പിക്കുക. പള്ളികൾ കൂടുതൽ എളുപ്പത്തിൽ നിർമ്മിക്കുക.

ഹുസൂർ:ഇസ്ലാം ഒരു മതമാണ്. നിങ്ങൾ സ്കൂളുകളിൽ ക്രിസ്തുമതത്തെ കുറിച്ച് പഠിപ്പിക്കുന്നു. ചില സ്കൂളുകളിൽ യഹൂദ മതത്തെ കുറിച്ചും പഠിപ്പിക്കുന്നുണ്ട്. ഇന്ത്യയിൽ ഹിന്ദു മതത്തെ കുറിച്ചും സിഖ് മതത്തെ കുറിച്ചും പഠിപ്പിക്കുന്നു. ഇസ്ലാമിക ലോകത്ത് ഇസ്ലാമിനെ കുറിച്ച് പഠിപ്പിക്കുന്നു. പടിഞ്ഞാറൻ നാടുകളിലും ഇസ്ലാം മതമെന്ന നിലയിൽ പഠിപ്പിക്കുന്നുണ്ട്. ഞാൻ ഒരു മുസ്ലിമാണ്. മറ്റൊരാൾ ക്രിസ്ത്യാനിയാകാം,യഹൂദിയാകാം,ഹിന്ദുവാകാം,അല്ലെങ്കിൽ ചിലർ നിർമ്മതരും ഉണ്ടാകാറുണ്ട്. ദൈവാസ്തിത്വത്തെ നിരാകരിക്കുന്നവരും ചിലരുണ്ട്. എങ്കിലും നാമെല്ലാവരും ഈ രാജ്യത്തിന്റെ പൗരൻമാരാണ്. നമ്മുടെ അവകാശങ്ങളും ഒരു പോലെയാകണം. അതിൽ മതത്തിന്റെ കടന്നു കയറ്റം ഉണ്ടാകരുത്. എനിക്ക് ഇവിടുത്തെ രാഷ്ട്രീയത്തിൽ പ്രവർത്തിക്കാം എന്നതു പോലെ തന്നെ ഒരു യഹൂദിക്കോ ഹിന്ദുവിനോ ക്രിസ്ത്യാനിക്കോ രാഷ്ട്രീയത്തിൽ പ്രവർത്തിക്കാം. ഇത്തരം വിഷയങ്ങളിൽ മതത്തെ വലിച്ചു കൊണ്ട് വരേണ്ട ആവശ്യമെന്താണ്? രാഷ്ട്രീയവും മതവും രണ്ടും രണ്ടാണ്. ഇതിനെ നാം വേർപെടുത്തി നിർത്തേണ്ടതുണ്ട്. നാം സ്റ്റേറ്റും ഭരണകൂടവും മതവും വെവ്വേറെയാക്കേണ്ടതുണ്ട്.

ഒരു പത്ര പ്രവർത്തകൻ പറഞ്ഞു: സ്കൂളിൽ ഇസ്ലാമികധ്യാപനം നൽകുന്നത് നല്ലതാണ്.

ഹുസൂർ:നല്ലത്,സ്കൂളിൽ മതത്തിന്റെ അധ്യാപനം നൽകുന്നു. കുട്ടികൾക്ക് സ്കൂളിൽ മതത്തെ കുറിച്ച് പഠിക്കാൻ ആഗ്രഹമുണ്ടെങ്കിൽ പഠിപ്പിക്കുക. എന്നല്ല, പ്രൈമറി സ്കൂളിലും ക്രിസ്തുമതത്തെ കുറിച്ച് പഠിപ്പിക്കുന്നുണ്ടെങ്കിൽ ഇസ്ലാമിനെ മതമെന്ന നിലയിൽ പഠിപ്പിക്കേണ്ടതാണ്. എന്നാൽ ഇസ്ലാം ഒരു സംസ്കാരമാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയും എന്നിട്ട് അത് രാഷ്ട്രീയത്തിന്റെ ഭാഗമാക്കണമെന്നൊന്നും പറയരുത്. മതത്തിൽ താല്പര്യമുള്ള വിദ്യാർഥികൾക്ക് നിങ്ങൾ ഇസ്ലാം പഠിപ്പിക്കാവുന്നതാണ്. എന്നാൽ കേവലം മതം എന്ന നിലയിൽ മാത്രം. ഒരു പൊളിറ്റിക്കൽ സയൻസ് വിദ്യാർഥിക്ക് ഇസ്ലാം ഒരു രാഷ്ട്രീയ ചിന്ത എന്ന നിലയിൽ പഠിപ്പിക്കരുത്. രാഷ്ട്രീയവും മതവും നാം വേർപെടുത്തേണ്ടതാണ്. ഇസ്ലാം ഒരു മതമാണെന്നും മറ്റൊന്നുമല്ലെന്നും ദൃഢബോധ്യം വരുത്തേണ്ടതുണ്ട്.

AL ISLAM

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin